2011 നവംബർ 18 മുതൽ ഡിസംബർ 17 വരെ വില 10രൂപ

മാസിക

# നക്ഷത്രരാജ്യം




യു.എ. ഖാദർ (ഓർമ്മ)

ഇയ്യങ്കോട് ശ്രീധരൻ (ഓർമ്മ)


എം. എസ്. കുമാർ (കഥ)

മഞ്ഞപ്ര ഉണ്ണികൃഷ്ണൻ (ലേഖനം)

പൂനൂർ. കെ. കരുണാകരൻ (ലേഖനം)

വിനോദ്കുമാർ ദാമോദർ (ലേഖനം)

സി. കെ. രാഘവൻ പുത്തൂർ (കഥ)



മുഖചിത്രം:
**ഹൻസിക**
പെരുമ്പടവം ശ്രീധരൻ
കാക്കനാടൻ, പി. വത്സല,
പി.ആർ നാഥൻ


**NAKSHATHRA RAJYAM**
(Monthly Magazine)
2011 Nov. 18 - Dec. 17
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10

Managing Editor, Publisher & Owned by
**E. RADHAKRISHNAN**
( NAKSHATHRARAJYAM )

**NAKSHATHRA RAJYAM**
24/1704 (A), Raj Building,
Byepass Road,
Mankave, Kozhikode - 7
Kerala, India.
Mob: **9744233997**
**9847649567**
**email: nakshathrarajyam@gmail.com**


Layout:
**UNNIKRISHNAN - CHALIYAM**

Inside Art:
**RAKESH & GIREESH MOOZHIPADAM**

Cover
**Amina Creations, Palazhi, Clt.**
**Price ₹ 10.00**


**നക്ഷത്രരാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.**

എഡിറ്റോറിയൽ



# വിലക്കയറ്റം !
## നടുവൊടിയുന്ന ഭാരതീയരും

**ഭാ**രതത്തിൽ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന രാജ്യത്ത് വസിക്കുന്ന നൂറ്റി ഇരുപത് കോടി ജനങ്ങളേയും ജീവിതം ദുസ്സഹമാക്കുകയാണല്ലോ? ഉപ്പ്തൊട്ട് കർപ്പൂരം വരെയുള്ള ആവശ്യസാധനങ്ങളുടെ വിലക്കയറ്റം പരമോന്നതിയിൽ സാധാരണക്കാരന് താങ്ങാനാവാത്ത നിലയിൽ ഉയർന്നു കൊണ്ടിരി ക്കുകയാണ്. അതുകൊണ്ടു തന്നെ വിലക്കയറ്റം ജനസംഖ്യാനിരക്ക് വർദ്ധനവിൽനിന്നും ജനജീവിത നിലവാര ഉയർച്ചയിൽനിന്നും, രാജ്യ വളർച്ച യിൽനിന്നും ഉണ്ടാകുന്ന ഒരു പ്രതിഭാസമാണെന്ന് പറഞ്ഞ് പ്രശ്നങ്ങളെ ലഘൂ കരിക്കുവാൻ ഭരണകൂടങ്ങൾക്കാവുമോ?

പെട്രോൾ വില പരമോന്നതിയിൽ കയറി 70 രുപ 80 പൈസ വരെയായി കോഴിക്കോട്ട്. മറ്റു ജില്ലകളിലാണെങ്കിൽ ചില്ലറ നാണയങ്ങളുടെ ഏറ്റക്കുറ ച്ചിലുകളിലും നിൽക്കുകയാണ്. അടിക്കടി യുണ്ടാകുന്ന ഈ ആവശ്യസാധന ങ്ങളുടെയും പെട്രോളിന്റേയും, ഡീസലിന്റെയും വില വർദ്ധനവിന്റെ തിക്താനുഭവം അനുഭവിക്കുന്നതാര് എന്ന് ചിന്തിക്കാൻ ഭരണകൂടങ്ങൾ തയ്യാറാകണം. ഭരിക്കുന്നത് ഇടതായാലും, വലതായാലും , ബി.ജെ.പിയായാലും രാജ്യത്ത് വിലവർദ്ധിച്ചു കൊണ്ടിരിക്കും. വില വർദ്ധന സാധാരണജീവിതം ദുസ്സഹമാവാതെ സമയാസമയങ്ങളിൽ ഭരണകൂടം ഇടപെട്ട് രമ്യമായി അതിനെ പരിഹരിക്കുമ്പോഴാണ് സാധാരണക്കാർക്ക് ഭരണകൂടങ്ങളോടും ഭരണകർത്താക്കളോടും മതിപ്പും സ്നേഹവും വിശ്വാസവും വർദ്ധിക്കുന്നത് ഭാരതത്തിൽ എന്തു സംഭവിക്കുകയാണ്. ഇതൊരു പരിഹാരമാർഗ്ഗമോ ഭരണകർത്താക്കൾക്കുള്ള ഉപദേശമോ ആയല്ല കരുതേണ്ടത്. സുദീർഘമായ കാലത്തെ വിദ്യാഭ്യാസവും ഭരണ പരിചയവും, പൊതു പ്രവർത്തനപരിചയവും കഴിവും ഉള്ള ഭരണകർത്താക്കൾക്ക് അറിയാത്ത കാര്യവുമല്ല എഡിറ്റോറിയലായി കറിക്കുന്നതും.

ആഗോളീകരണത്തിന്റെ ഭാഗമായി ഉദാരവൽക്കരണം നടപ്പിലാക്കിയ ഭാരതത്തിൽ കൈവശം ആയിരം രൂപയുള്ള ഏതൊരു ഭാരതീയനും ഇന്ത്യാരാജ്യത്തെ ബാങ്കുകളിൽനിന്ന് കാറോ, ഇരുചക്ര വാഹനങ്ങളോ മറ്റു വാഹനങ്ങളോ വാങ്ങു വാനുള്ള വായ്പാ സൗകര്യം ഒരുങ്ങിയത് നല്ലകാര്യം തന്നെയാണ്. ജോലിക്ക് പോവാനും, ജോലികഴിഞ്ഞ് വരുവാനും, അദ്ധ്വാനിക്കുവാനും, വിശ്രമിക്കുവാനും സമയം വേണമല്ലോ! സമയത്തെ അതിജീവിക്കുവാനും, സമയത്തെ ലഘൂകരിക്കുവാനും കാറുകൾക്കും ഇരുചക്രവാഹനങ്ങൾക്കുമാവുമെന്നത് യാഥാർത്ഥ്യംതന്നെയാണ്. സമയം തന്നെയാണ് മനുഷ്യജീവിതത്തിൽ പ്രധാനവും. മാറാനോ മറിയാനോ ഒരു വിദൂര സാധ്യതയുമില്ലാതെ പ്രൈവറ്റ് കാറുകളും ഇരുചക്രവാനങ്ങളും ജീവി തത്തിന്റെ ഒരു ഭാഗമായി തീർന്നിരിക്കുകയാണ് ഭാരതത്തിലെ സാധാരണ ജനങ്ങൾക്കുപോലുമെന്ന തിരിച്ചറിവാണ് ഇനി ഭരണകൂടങ്ങൾക്കാവശ്യം. തല്ലി ഉയർത്തപ്പെട്ടവന് പോസറ്റീവായ അർത്ഥത്തിൽ ജീവിതതലം ഒരുങ്ങണ മെന്നുതന്നെയാണ് വരികളിലെ സാരാംശവും അർത്ഥവും.

തോന്നിയവർക്കു തോന്നിയതുപോലെ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാ നുള്ള അവസരമാണ് പെട്രോൾ വില വർദ്ധനവും, സീസൽ വില വർദ്ധനവും മൂലം രാജ്യത്തുണ്ടാകാറുള്ളത്. അസന്തുലിതമായ വില നിലവാരത്തോട

*(ശേഷം പേജ് 39 ൽ )*



### ലേഖനം

# വനങ്ങളുടെ പേരിലും ഇല്ലാത്ത കണക്കുകളിറങ്ങുമ്പോൾ

## ഒരവലോകനം.

**വിനോദ് കുമാർ ദാമോദർ**

**കേ**രള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചിയിൽ ഈയടുത്തു നടത്തിയ ഇനോവേഷൻ ഇൻ മാനേജ്മെന്റ് ഓഫ്, പ്ലാൻറ്റഡ് ടിക്ക് ഫോറസ്റ്റ് എന്ന അന്താരാഷ്ട്ര ട്രെയിംനിംഗ് പ്രോഗ്രാം കണ്ടെത്തിയ ചില സംഗതികൾ - പ്ലാന്റേഷൻ ഇനത്തിൽ തന്നെ പ്രകൃതിക്കനുകൂലമായ തരത്തിൽ, വനത്തിൽ നടാവുന്ന വൃക്ഷങ്ങളുണ്ടെന്നുള്ളതാണ്.

ഈ കഴിഞ്ഞ ദിവസം കേന്ദ്ര വനം വന്യജീവി വകുപ്പിന്റെ തലപ്പത്തുണ്ടായ ഇളക്കി പ്രതിഷ്ഠയുടെ വിവാദങ്ങൾ കെട്ടടങ്ങുന്നതിന്റെ പിന്നാലേ തന്നെ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളും ഇളകി മറയുന്നതിന്റെ സൂചനകളും കണ്ടുതുടങ്ങി.

എന്നാൽ ഇതിൽ നിന്നെല്ലാം വിഭിന്നമായി ഇന്ത്യയിലേ പരിസ്ഥിതി പ്രവർത്തകരേ മുഴുവൻ ഞെട്ടിപ്പിക്കുന്ന വാർത്തയായിരുന്നത് (2011) ഈ വർഷത്തിൽ അന്താരാഷ്ട്ര വന വർഷമായി കൊണ്ടാടി കൊണ്ടിരിയ്ക്കുമ്പോൾ ഉണ്ടായ മറ്റൊരു തിരിച്ചടിയായി സർക്കാരേതര സംഘടനകൾ കാണുന്നത്. വന വർദ്ധനവിന്റെ കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയമിറക്കിയ; പല കണക്കുകളും വെറും കണക്കിന്റെ കളികളാണെന്ന് ഇന്ത്യയിലേ ശാസ്ത്രജ്ഞന്മാരും, ഇന്ത്യയിലെ ഒരു ആസ്ത്രേലിയൻ ശാസ്ത്രജ്ഞനും കൂടിയ ഒരു സമിതി കണ്ടെത്തിയിരിക്കുന്നു.

അതായത് സർക്കാറിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ 1995ൽ 6,60,337 ചതുരശ്ര കിലോമീറ്റർ വനമണ്ടായിരുന്നത് 2005 ൽ 690250 ചതുരശ്ര കിലോ മീറ്ററായി വർദ്ധിച്ചുവെന്നും അത് 4.5 ശതമാനം അധിക വനമാണെന്നും അവകാശപ്പെടുന്നു. സർക്കാറിന്റെ ഔദ്യോഗിക വനം അളക്കുന്ന വിഭാഗമായ ' F.S.I" (ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ) 2009 ലെ കണക്കനുസരിച്ചുള്ള റിപ്പോർട്ടിൽ പറയുന്ന രേഖകളായാണിവ കാണുന്നത്.

> കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചിയിൽ ഈയടുത്തു നടത്തിയ ഇനോവേഷൻ ഇൻ മാനേജ്മെന്റ് ഓഫ്, പ്ലാൻറ്റഡ് ടിക്ക് ഫോറസ്റ്റ് എന്ന അന്താരാഷ്ട്ര ട്രെയിംനിംഗ് പ്രോഗ്രാം കണ്ടെത്തിയ ചില സംഗതികൾ - പ്ലാന്റേഷൻ ഇനത്തിൽ തന്നെ പ്രകൃതിക്കനുകൂലമായ തരത്തിൽ, വനത്തിൽ നടാവുന്ന വൃക്ഷങ്ങളുണ്ടെന്നുള്ളതാണ്.

എന്നാൽ മുകളിൽ പറഞ്ഞ മൂന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ വിവരങ്ങളനുസരിച്ച് ഓരോ കൊല്ലവും പ്രകൃതി ദത്താവനങ്ങൾ 2.7 ശതമാനം വരെ കുറയുകയാണ് ചെയ്യുന്നത്. അതായത് കണക്കിലെ കളികൾ എന്ന് പറയുന്നത് പോലെ പ്രകൃതിദത്തമായ വനങ്ങൾ രാജ്യത്ത് കുറയുമ്പോൾ കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ യൂക്കാലിപ്സും തേക്കും വർദ്ധിക്കുന്നുവെന്നതിനാണ് കണക്കുകളിൽ വനവർദ്ധനവെന്നു പറയുന്നത്. എന്നാൽ ഇന്ത്യയിലെ വനങ്ങളുടെ കണക്കുകൾ വെച്ചു

*(ശേഷം പേജ് 6 ൽ )*

**വനത്തിനകത്തേ റയിൽവേ ട്രാക്കുകൾക്കടുത്തുള്ള കൃഷിയിടങ്ങൾ വനനാശത്തിനും വന്യജീവികൾക്കപകടകാരികളായി മാറുന്നു. വാളയാർ ഉരുദാഹരണമാണ്.**



Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം

ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in
Web: www.aryavaidyasala.com


**പി.ബാലകൃഷ്ണൻ മെമ്മോറിയൽ ബെസ്റ്റ് സ്പോർട്സ്മാൻ അവാർഡ് 2011-ഉം കാലിക്കറ്റ് ബാർബൽ ക്ലബ്ബ് 40-ാം വാർഷികഷവും**
**2011 നവംബർ 13 -ാം തിയ്യതി ഞായറാഴ്ച എസ്. കെ. പൊറ്റക്കാട് നിലയം**



പി.ബാലകൃഷ്ണൻ മെമ്മോറിയൽ ബെസ്റ്റ് സ്റ്റാർ മാൻ അവാർഡിന്റെ ഉദ്ഘാടനം എ. പ്രദീപ്കുമാർ എം.എൽ.എ. നിർവ്വഹിക്കുന്നു. സമീപം കൗൺസിലർമാർ കെ. ശ്രീകുമാർ, ചേമ്പിൽ വിവേകാനന്ദൻ



ബെസ്റ്റ് കോച്ചിനുള്ള ബാലകൃഷ്ണൻ മെമ്മോറിയൽ അവാർഡ് പി. അനിൽകുമാറിന് മെഡിക്കൽകോളേജ് സി.ഐ. എം.പി. പ്രേംദാസ് നൽകുന്നു



**കാർട്ടൂണിസ്റ്റ് വി.ആർ രാകേഷ്**

ബി.എം. ഗഫൂർ അനുസ്മരണ കാർട്ടൂൺ മത്സരത്തിൽ യുവാക്കളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ വി.ആർ. രാഗേഷ്. കണ്ണൂർ കരുവൻചാൻ, സ്വദേശിയാണ് ഇദ്ദേഹം. മാധ്യമം, ചന്ദ്രിക, നക്ഷത്രരാജ്യം എന്നീ അനുകൂലികങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവരുന്നു.



**കോഴിക്കോട് ജില്ലയിലെ കക്കയം മേകലയിൽ വനനാശം കാരണം കൂട്ടത്തോടെ കൃഷിയിടങ്ങളിലേക്കിറങ്ങുന്ന വനസമ്പത്ത് ഇവിടെയിപ്പോൾ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു.**

*( പേജ് 4 ന്റെ തുടർച്ച )*

നോക്കുമ്പോൾ യഥാർത്ഥ വനങ്ങൾ വർദ്ധിക്കുന്നുണ്ടെങ്കിൽ അതനുസരിച്ച് വന്യമൃഗങ്ങളും മറ്റും വർദ്ധിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വന്യ പൂച്ചകളായ കടുവകളും മറ്റും. എന്നാൽ അങ്ങനേ സംഭവിക്കുന്നില്ലയെന്നതാണ് കണ്ടുവരുന്നത്. യൂക്കാലിപ്റ്റ്സുകൾക്കിടയിലുള്ള മരങ്ങൾക്കിടയിൽ വളരുന്ന ചില ചെടികളൊഴിച്ചാൽ ഈ തരത്തിലുള്ള വളർച്ച യഥാർത്ഥ വനത്തിന്റെ വളർച്ചയെന്ന് പറയാവുന്നതല്ല. കാരണം ഇവ പ്ലാന്റേഷനുകളാണ്.

ശാത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ 1995-ൽ കൃത്രിമ വനങ്ങൾ 146200 ചതുരശ്ര കിലോമീറ്ററായിരുന്നതു 2005ൽ 300280 ചതുരശ്ര കിലോമീറ്ററായി ഇന്ത്യയിൽ വർദ്ധിച്ചുവെന്നാണ്. ഇവ വ്യക്തമാക്കാതെയാണ് വനവർദ്ധനവിന്റെ കണക്കുകൾ പുറത്തു വിടുന്ന ക്വിൻസ് ലാൻഡിലേജേംസ്കുക്ക് യൂനിവേഴ്സിറ്റിയിലേ പ്രൊഫ. വില്യം. എഫ്. ലോറൻസ് പറയുന്നത് ഇന്ത്യയിൽ ഇന്ന് നിലവിലുള്ള മോണിറ്ററിംഗ് സാറ്റലൈറ്റ് പാരിസ്ഥിത പ്രാധാന്യമുള്ള വനങ്ങളേയും അല്ലാതെയുള്ള വനങ്ങളെയും തമ്മിൽ എടുത്ത് പ്രത്യേകമായി തിരിച്ചിട്ടില്ലെന്ന്. പ്രകൃതിദത്ത മായ വനങ്ങൾ അല്ലാതയുള്ളവ അതായത് യൂക്കാലിപ്സ്, അൽക്കേഷ്യ വനങ്ങൾ എന്നിവ യഥാർത്ഥ വനങ്ങളെന്ന് വിശേഷിപ്പിക്കാൻ യാതൊരു ന്യായവുമില്ലെന്നാണ് അവരുടെ അഭിപ്രായം. അതു കൊണ്ടു തന്നെ ആനക്കൂട്ടങ്ങളും മറ്റും ഈ വനങ്ങളിൽ നിന്നും വേനൽക്കാലത്ത് പുറത്തേയ്ക്കിറങ്ങുന്നത് ഇവയ്ക്കുണ്ടാവുന്ന അതിശക്തമായ ചൂടു മൂലമാണ്. അതായത് ചൂടു സഹിയ്ക്കാൻ പറ്റാതാവുമ്പോൾ.

ഈ കഴിഞ്ഞ ദിവസം കേരള ഹൈക്കോടതിയിൽ നൽകിയ ഒരു സത്ത്യവാങ് മൂലത്തിൽ 6891.29 ഹെക്ടർ വനഭൂമി കൈയ്യേറ്റ കാര്യത്തിൽ ഒഴിപ്പിക്കാനുള്ള ആത്മാർത്ഥ ശ്രമം കേരള വനം-വന്യജീവി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നത് ഗൗരവമായി കാണേണ്ട കാര്യമാണെന്ന ബഹു: കോടതി മുന്നറിയിപ്പു നൽകി. ഈ കാര്യത്തിൽ സംസ്ഥാന വന-വന്യജീവി വകുപ്പിന്റെ തണുപ്പൻ നിലപാട് ഗൗരവമായി കാണുമെന്നും കോടതി ഓർമ്മിപ്പിച്ചു.

'വനം മനുഷ്യന്' എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ 2011 ൽ അന്താരാഷ്ട്ര വന വർഷമായി ആഘോഷിക്കുന്ന അവസരത്തിൽ യുനൈറ്റഡ് നേഷൻസ് 2006 ൽ വനവർഷമാഘോഷിക്കാൻ ഈത്തരത്തിൽ ഒരു തീരുമാനമെടുത്തതിന്റെ ഓർമ്മകൾ 1992 ലേ റിയോ സമ്മേളനത്തിലേക്കാണ് പോകുന്നത്. 1992-ലേ റിയോ സമ്മേളനത്തിലേ അജണ്ട 21 പ്രകാരം ഒരു വന വർഷം ആഘോഷിക്കേണ്ടതിന്റെ ആവശ്യകത അടിയന്തിരമായി വന്നിരിക്കുകയാണെന്ന കാരണത്താൽ 2002 ലേ യുണൈറ്റഡ് നേഷൻസ് രാജ്യ സമ്മേളനത്തിന്റെയും അടിസ്ഥാനത്തിലേക്കാണിങ്ങനെ ഒരു തീരുമാനമുണ്ടായത്.

ഒരു ഭാഗത്തു ജനങ്ങൾ തുടർച്ചയായി ആവശ്യപ്പെടുന്ന 'താമരശ്ശേരി ചുരം ബദൽ റോഡി'ന് വേണ്ടിയുള്ള വനഭൂമി വിട്ടുകൊടുക്കുവാൻ സംസ്ഥാന വനം വന്യജീവി വകുപ്പിനു കേന്ദ്രാനുമതി ലഭിക്കാത്തതാണു കാരണമെന്ന് കേരളത്തിലെ വനം വകുപ്പു പറയുന്നുണ്ടെങ്കിലും ഇതിലേക്കായി ഈത്തരത്തിലുള്ള ബദൽ വനമുണ്ടാക്കുവാനുള്ള സംവിധാനം ആവശ്യമാണെന്നിരിക്കേ വനം വെച്ചു പിടിപ്പിയ്ക്കുവാനുള്ള സ്ഥലം സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിനു നൽകിയിട്ടുണ്ടെന്നാണു പറയപ്പെടുന്നത്. എന്നാൽ വനമാത്രമവിടങ്ങളിൽ വന്നിട്ടില്ല.വനം കടലാസിൽ ഒതുങ്ങിയിരിക്കയാണ്.

വേൾഡ് വൈൽഡ് ഫണ്ട് ഫോർ നേചറൽ രൂപകൽപ്പന ചെയ്ത വന സർട്ടിഫിക്കേഷൻ എന്ന പ്രക്രിയയിലൂടെ വനങ്ങളേ സംരക്ഷിക്കുവാൻ പദ്ധതിയുണ്ടാക്കുമെന്ന് പറയുന്നുണ്ടെങ്കിലും തമിഴ്നാട്ടിൽ ആകെ 644 ഹെക്ടർ റബ്ബർ മരങ്ങളാണു രാജ്യത്ത് ഇതു വരെയായി ആകെ സർട്ടിഫൈ ചെയ്തിട്ടുള്ളത്. കേന്ദ്രവനം പരിസ്ഥിതി അംഗീകാരം നൽകിയിട്ടുള്ള ഈ പദ്ധതി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയാണ് നടപ്പാക്കുന്നത്. സർട്ടിഫിക്കേഷൻ ഇന്നും കടലാസിൽതന്നെ.

ഒരു ഭാഗത്ത് അന്താരാഷ്ട്ര വന വർഷം ആഘോഷിക്കുമ്പോൾ വനങ്ങളുടെ യഥാർത്ഥ കണക്കിന്റെ കളികൾ ഇങ്ങനെ പോകുമ്പോൾ മറുഭാഗത്ത് വനവാസികളായ വന്യജീവികളുടെ കാര്യവും അബദ്ധം തന്നെ. കുറഞ്ഞുവരുന്ന വനഭൂമി അവയെ ആദ്യം പരിസ്ഥിതി പ്രാധാന്യം കുറഞ്ഞ പ്രദേശങ്ങളിലേക്ക്

ഇറങ്ങാനും പിന്നീട് അതിനടുത്തുള്ള കൃഷിയിടങ്ങളിലേക്കിറങ്ങാനും പ്രേരിപ്പിക്കുന്നു. വനവർഷത്തിൽ വനങ്ങളുടെ യഥാർത്ഥ പ്രാധാന്യം എടുത്തു കാണിക്കാത്തതു കാരണം വനം കുറയുന്നത് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ മറച്ചു വെക്കുന്നതായി കാണപ്പെടുന്നതായി ശാസ്ത്രജ്ഞന്മാർ വെളിപെടുത്തുന്നു.

ഇതിനുള്ള കാരണം പാരിസ്ഥിത പ്രാധാന്യമുള്ള വനങ്ങൾ 1995 ൽ 514137 ചതുരശ്ര കിലോ മീറ്ററുള്ളതു കുറഞ്ഞതു 2005 ൽ 389970 ചതുരശ്ര കിലോമീറ്ററായി എന്നുള്ളതാണ്. എന്നുവെച്ചാൽ ഓരോ കൊല്ലവും ഇന്ത്യയിൽ പരിസ്ഥിതി പ്രാധാന്യമുള്ള വനങ്ങൾ 2.5 ശതമാനത്തോളം കുറഞ്ഞു വരുന്നുണ്ടെന്നുള്ളതാണ് യഥാർത്ഥ വസ്തുത. ഇതു മറച്ചു വെയ്ക്കുന്ന ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ അന്താരാഷ്ട്ര വന വർഷത്തിൽ ചെയ്യുന്നത് നികത്താനാകാത്ത തെറ്റായി മാത്രമേ കണക്കാക്കാനാവുകയുള്ളൂവെന്നാണു കൺസർവേഷൻ ഓഫ് നേചർ സൊസൈറ്റി അഭിപ്രായപ്പെടുന്നത്.

ഇന്ത്യയുടെ അഞ്ചു ശതമാനം വനവർദ്ധനവ് പത്ത് വർഷത്തിൽ നടന്നുവെന്ന അവകാശം സർക്കാർ ഉന്നയിക്കുമ്പോൾ ജനങ്ങൾക്ക് വനം വർദ്ധിപ്പിക്കുവാനുള്ള പ്രചോദനം കുറയുകയാണെന്നാണ് സൊസൈറ്റിയുടെ അഭിപ്രായം. അതുകൊണ്ടു തന്നെ വർദ്ധിക്കുന്ന വന നാശത്തെപ്പറ്റി ജനങ്ങളെ അറിയിക്കുകയും ഇവയ്ക്കുകൂടി ബദലായി വനം വർദ്ധിപ്പിക്കുവാനുള്ള നടപടിയാണാവശ്യം എന്നതാണ് സൊസൈറ്റി മെംബർമാരുടെ അഭിപ്രായം. അല്ലാതെ തെറ്റായ വിവരങ്ങളല്ല.

(KFRI) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചിയിൽ ഈയടുത്ത് നടത്തിയ ഇനോവേഷൻസ്. ഇൻ മാനേജ്മെന്റ് ഓഫ് പ്ലാൻഡഡ് ടിക്ക് ഫോറസ്റ്റ് എന്ന അന്താരാഷ്ട്ര ട്രെയിനിംഗ് പ്രോഗ്രാം കണ്ടെത്തിയ ചില സംഗതികൾ പ്ലാന്റേഷൻ ഇനത്തിലും പ്രകൃതിയ്ക്കനുകൂലമായ തരത്തിലുള്ള വൃക്ഷങ്ങൾ ഉണ്ടെന്നുള്ളതാണ്. കേരളാ വനം വന്യജീവി വകുപ്പടയ്ക്കാം ഇവ കണ്ടെത്തി നട്ടുവളർത്തുവാനുള്ള ശ്രമം നടത്തണമെന്ന് കോഴിക്കോട്ടെ പരിസ്ഥിതി സ്നേഹസംഘടന ആവശ്യപ്പെടുകയുണ്ടായി. ●

# ഇത് റോഡോ തോടോ



— രാവണപ്രഭു

കവിത

അവിലുകുത്ത്ണ ഉരലുപോലുള്ള
കുഴികളുള്ളൊരീ റോട്ടില്
പ്രിയതമേ നിന്നെയിരുത്തിക്കൊണ്ടു ഞാൻ
ബയിക്കിൽ പോകുവതെപ്പടീ
മറിഞ്ഞുവീണു നീ കരണം കുത്തുമ്പോൾ
എടുത്തുപൊക്കുവാനാരെടീ

ഇതിലൂടോടിയാലാടുന്നോരുടെ
മുതുക് നൂറാവും കേൾക്കെടീ
ഉലകിലിങ്ങനെയുള്ള റോഡുകൾ
ഇവിടെ മാത്രമേ ഉള്ളെടീ

വിവരമില്ലാത്തോരില്ലിവർ
പുതുമഴയൊന്ന് പെയ്താൽ റോഡുകൾ
എരുമച്ചാളപോലായെടീ
കഥയറിയാത്തോരിതിലെ പോകുമ്പോൾ
കഥകഴിഞ്ഞുപോം സുന്ദരീ

നടത്തക്കാരുടെ വിവരക്കേടുമീ
ഇടയിലോടുന്ന മൃഗങ്ങളും
കുടിച്ചുമത്തായിപ്പിടിച്ചു ചക്രത്തിൽ
തിരിച്ചുപായുന്ന ഡ്രൈവറും

ഇടക്കിടെ റോഡിന്നിരുവശത്തുമായ്
കുഴികുഴിയ്ക്കുന്ന ജനതയും
സഹിച്ചുകൂടന്റെ സുഹറേ, നിന്നെ ഞാൻ
ഇരുത്തിപ്പോകുന്നതെപ്പടീ!



ആത്മകഥാ ഭാഗങ്ങൾ

യു.എ. ഖാദർ

# ഭൂമി ദാനം ചെയ്യുവിൻ

## ആത്മകഥയിലെ ഒരേട്



അന്നത്തെ ആ ജാഥയിൽ എത്രപേരുണ്ടായിരുന്നുവെന്നോ, അവർ ആരൊക്കെയായിരുന്നുവെന്നോ ഇപ്പോൾ എനിക്ക് ഓർമ്മിച്ചെടുക്കുവാനാവുന്നില്ല. ജാഥയുടെ ക്യാപ്റ്റൻ ഖാദി വസ്ത്രാലയത്തിന്റെ മാനേജരും തനി ഗാന്ധിയനുമായിരുന്ന രാഘവേട്ടൻ ആയിരുന്നു. കുറുമ്പ്രനാട്ട് താലൂക്കിലെ ഖാദി പ്രസ്ഥാനവുമായി കെട്ടിമറിയുന്ന നാരായണനായിരുന്നു ഒരംഗം. ഗോപാലപുരം അപ്പർ പ്രൈമറി സ്കൂളിലെ അധ്യാപകനായ രാമൻ മാസ്റ്ററായിരുന്നു മറ്റൊരംഗം. ഗോപാലപുരം എന്നത് മൂടാടിയിലെ ഹരിജനങ്ങളെ പണ്ടുകാലത്ത് കേളപ്പജി കുടിപാർപ്പിച്ച ഒരു പ്രദേശത്തിന് അദ്ദേഹം തന്നെ നൽകിയ പേരാണ്. പേരാമ്പ്രയിലേക്ക് പോകുന്ന വഴിയിൽ പയ്യോളി ചീർപ്പിന്നപ്പുറത്ത് തച്ചംകുന്നിലെത്തിയാൽ, അവിടെടൊരു കുന്നിൻ പ്രദേശത്തിന്നും കേളപ്പജി ഒരു പേര് നൽകിയിട്ടുണ്ട്. പാക്കനാർപുരം. അവിടെയും വിദ്യാലയവും അതോടനുബന്ധമായി ഹരിജനങ്ങൾക്ക് പാർക്കാനുള്ള ഇടങ്ങളുമുണ്ട്. ഗോപാലപുരം സ്കൂളിലെ അധ്യാപകനായ രാമൻ മാസ്റ്റർ ആലപിക്കുന്നതുകേട്ടാൽ ആരായാലും അവിടിരുന്ന്പോകും പ്രശസ്തനായ കഥാകൃത്തായിരുന്നു. അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന "പ്രവാഹം" "ദേശമിത്രം" എന്നീ വാരികകളിലും, സർവ്വോദയ പ്രസിദ്ധീകരണങ്ങളിലും, മുറക്ക് എഴുതാറുണ്ടായിരുന്നു. നല്ലൊരു പ്രാസംഗികനാണ്. അതിനേക്കാളെല്ലാം ഉപരി ഇടശ്ശേരിയുടേയും, വൈലോപ്പള്ളിയുടേയും, അക്കിത്തത്തിന്റെയും കവിതകൾ അതി മനോഹരമായും, ശ്രുതി ശുദ്ധമായും ചൊല്ലി കേൾപ്പിച്ച് രസിച്ചിരുന്ന ഗായകനുമായിരുന്നു. ഏറെ വിശേഷം; അക്കിത്തത്തിന്റെ 'തൊയിരം വേണം" എന്ന കവിത രാമൻ മാസ്റ്റർ ചൊല്ലിപ്പറയുന്നത് ആസ്വദിച്ചു കേട്ടിരിയ്ക്കുകയെന്നത് നല്ലൊരനുഭവമാണ്. "നായീം പട്ടീം കെട്ടീമറിയണകാന്ത നിലാവിൽ... ചക്കനും ചക്കിക്കും കാക്ക കരേണവരെ കളിചിരിതന്നെ..

രാമൻമാസ്റ്ററെ ജാഥാംഗങ്ങൾക്ക് അങ്ങിനെ മറക്കാനൊന്നും പറ്റില്ലല്ലോ. കാൽനടപ്പിന്റെ തുടർച്ചയും, പകൽ വെയിലേറ്റതിന്റെ ക്ഷീണവും വിയർപ്പും മനം മടുപ്പും എല്ലാം ആറിത്തണുക്കുന്നത് വിശ്രമനേരങ്ങളിലുള്ള മാസ്റ്ററുടെ വകയായ കവിതാലാപനങ്ങൾ കേൾക്കുമ്പോഴാണ്. ഗ്രാമീണ പദാവലികളുടെ ദ്രാവിഡ മുഴക്കവും, ഈണവും, അക്കിത്തത്തിന്റെ രചനാ വൈഭവത്തിൽ വാർന്നുരുവാകുന്ന കവിതയുടെ കാന്തിവലയവും, രാമൻ മാസ്റ്റർ വരികൾ നീട്ടിയും കുറുക്കിയും ചൊല്ലുമ്പോൾ ഞങ്ങൾ ആസ്വദിച്ചനുഭവിക്കുന്നു. അങ്ങിനെ രണ്ടാഴ്ചക്കാലം കൊയിലാണ്ടി ഫർക്കയുടെ എല്ലാ മുക്കും മൂലയും

അരിച്ചുപെറുക്കിയുള്ള കാൽ നടജാഥയിൽ ഞാനും ഒരംഗമായി രുന്നു. കാലം ആയിരത്തി തൊള്ളാ യിരത്തി അമ്പത്തിനാലിലോ, അമ്പത്തിഅഞ്ചിലോ ആണെന്നാണ് ഓർമ്മ. ''ഭൂദാനയജ്ഞത്തിന്റെ മഹത്വം ഗ്രാമീണർക്ക് ബോധ്യപ്പെടാ ൻ ആചാര്യ വിനോഭാവ ഉത്തരേന്ത്യ ൻ ഗ്രാമങ്ങളിൽ പദയാത്രനടത്തുന്നു. അദ്ദേഹത്തിന്റെ പ്രധാന ശിഷ്യരി ലൊരാൾ, ശങ്കർറാവുദേവ്, ഭൂദാന സന്ദേശത്തിന്റെ പ്രചാരകനായി മലബാറിലും വന്നു. ഗ്രാമങ്ങളിൽ ചെല്ലുക. ഭൂമി ഏക്ര കണക്കാൽ കൈവശം സൂക്ഷിക്കുന്ന വൻകിട ജന്മിമാരെ കാണുക. പാവങ്ങൾക്ക് കൃഷി ഭൂമി വിട്ടുകൊടുക്കാൻ അഭ്യർത്ഥിക്കുക. അവർ കൃഷി ചെയ്യട്ടെ. അങ്ങിനെ ഗ്രാമീണരുടെ പട്ടിണി മാറട്ടെ. അവർക്ക് തൊഴിലു ണ്ടാവട്ടെ. വടക്കേയിന്ത്യ മുഴുവനും ചുറ്റിനടന്ന് ആചാര്യ വിനോഭാവേ ഭൂസ്വാമിമാരെകണ്ട് ഭൂമി യാചിക്കു ന്നു. ആമാതൃതയിൽ ഒരു ഭൂമിദാന പ്രചരണ യജ്ഞം. സർവ്വോദയ പ്രവർത്തകർക്കിടയിലായിരുന്നു ശങ്കർറാവുദേവ് തന്റെ പ്രചരണ ദൗത്യം നിർവ്വഹിച്ചു കടന്നു പോയ ത്. കേളപ്പജി ആ സന്ദേശം മലബാറി ലെ ഗ്രാമീണർക്ക് എത്തിയ്ക്കുവാൻ ചെറുപ്പക്കാർ കാൽനടയാത്രകൾ സംഘടിപ്പിയ്ക്കണ മെന്ന നിർദ്ദേശം വച്ചു. കൊയിലാണ്ടി ബജാറിന്റെ വടക്കേയറ്റത്ത്, ഭജനമഠത്തിന്റെ പടിഞ്ഞാറായി, പോലീസ് സ്റ്റേഷന്റെ തൊട്ടുതാഴത്തായിരുന്നു ഖാദി വസ്ത്രാലയത്തിന്റെ കെട്ടിടം. കുറുമ്പനാട് താലൂക്കടിസ്ഥാന മാക്കിയുള്ള ഖാദി പ്രവർത്തന ങ്ങളുടെ കേന്ദ്രം കൂടിയായിരുന്നു അത്. കേരളഗാന്ധിയെന്നറിയപ്പെടു ന്ന കേളപ്പജി നാട്ടിലെത്തിയാൽ ഖാദി വസ്ത്രാലയത്തിലാണ് വരിക. അവിടെയായിരുന്നാണ് സർവ്വോദയ പ്രവർത്തകന്മാരെ വിളിച്ചുവരുത്തു ന്നതും നിർദ്ദേശങ്ങൾ നൽകുന്നതും. ഞാൻ ആചാര്യ കൃപലാനിയേയും, ജയ പ്രകാശ് നാരായണനേയും നേരിട്ടു കണ്ടത് ഖാദിവസ്ത്രാലയ ത്തിൽ ആ നേതാക്കൾ എത്തിയപ്പോ ഴാണ്.

വിശേഷിച്ച് ജോലിയൊന്നും ഇല്ലാതെ, മദിരാശിയിലെ ചിത്രകലാ പഠനം പാതി വഴിക്കിട്ടേച്ചുപോന്ന ഞാൻ, എന്റെ സമയം ചിലവഴി യ്ക്കുന്നത് വൈകുന്നേരങ്ങളിൽ കുഞ്ഞിരാമേട്ടന്റെ പ്രിന്റിംഗ് പ്രസ്സിലി രുന്നാണല്ലോ. അവിടുത്തെ അക്ഷര ശ്ലോക സദസ്സ്. ചില ദിവസങ്ങളിൽ രാഘവേട്ടനെ കാണാനും വർത്ത മാനം പറയാനും ഖാദി വസ്ത്രാലയ ത്തിലും ചെല്ലാറുണ്ട്. അവിടെയെ ത്തുന്നവരോടെല്ലാം കുശലം പറയാനും ബന്ധപ്പെടുവാനും രാഘവേട്ടൻ പഴുതുണ്ടാക്കും. അങ്ങിനെയുള്ള സന്ദർഭത്തിലാണ് കേളപ്പജി യെ നേരിട്ടു കാണുവാനും ഇടവന്നത്. ഒരു ദിവസം ഖാദി വസ്ത്രാലയത്തിൽ ചെന്നപ്പോൾ അവിടെ കുറേപ്പേർ ഉമ്മറത്ത് എന്തോ കാര്യമായ ചർച്ചയിൽ മുഴുകിയിരിക്കയാണ്. കോലായയിൽ ഞാൻ അറച്ചു നിന്നപ്പോൾ രാഘവേട്ട ൻ എന്നെ അകത്തേക്ക് വിളിച്ചു. ഖദർധാരിയായ നീണ്ടുനെടുതായ ഒരാൾ ഭൂദനായജ്ഞത്തിന്റെ ആവ ശ്യകതയെന്താണെന്ന് സദസ്സ്യരെ ബോധ്യപ്പെടുത്തുകയാണ്. തരി ശായിക്കിടക്കുന്ന നിലങ്ങൾ അതാത് പ്രദേശത്തെ ഭൂമിയില്ലാത്ത സാധു ക്കൾക്ക് ധാനമായി നൽകട്ടെ മിച്ചഭൂമിപ്രയോജനശൂന്യമാക്കി പാഴാക്കിയിടുന്നത് ഭൂമിദേവി പോലും പൊറുക്കാത്ത പാപമാണ്. ഗ്രാമീ ണർക്കിടയിൽ ഭൂമിദാനയജ്ഞത്തി ന്റെ സന്ദേശം എത്തിക്കണം. ജന്മി മാരെ ബോധവൽക്കരിക്കണം. ഭൂദാന സന്ദേശവുമായി അവരെ സമീപി ക്കണം. പ്രസംഗത്തിന്നിടയിൽ കണ്ഠ ശുദ്ധി വരുത്തി അദ്ദേഹം ചില പദ്യശകലങ്ങൾ ഉറക്കെ ഉരുവിടുക യും ചെയ്യുന്നുണ്ട് ഞാനാ മുറിയിൽ പ്രവേശിക്കുമ്പോൾ അദ്ദേഹം ഒരു കവിത വളരെ നല്ല ശബ്ദ മാധുരി യോടെ ഈണത്തിൽ ആലപിക്കു കയാണ്.

ഒരുവൻ മണിമാളികയിൽ സുഖലഹരിയിലാണ്ടും

അപരൻ വയർ പൊരിയേ പെരുവഴി തന്നിലുരുണ്ടും

അസമത്വം കുതികുത്തിട്ടു മീവൈപരീത്യം



അടിമുടി പൊടി തകരും പടി തുടരുതവ നടനം

കവിത തുടർന്നാലപിയ്ക്കുക യാണ്. ചങ്ങമ്പുഴയുടെ "കാവ്യ നർത്തകിയാണ്" എന്റെ മനസ്സില ന്നേരം തികട്ടിവന്നത്. സദസ്സിലിരി ക്കെ ഞാൻ രാമൻ മാസ്റ്ററെ കണ്ടു. അദ്ദേഹമാണ് പ്രാസംഗികനെ പരിചയപ്പെടുത്തിയത്. "സാക്ഷാൽ ഏ.വി. ശ്രീകണ്ഠ പ്പൊതുവാളാണ്. പയ്യന്നൂരിൽ നിന്ന് ഉച്ചയ്ക്ക് എത്തിയതാ. കൊയിലാണ്ടി ഫർക്ക യിൽ സർവ്വോദയ പ്രവർത്തകരുടെ ഒരു കാൽനടജാഥയാരംഭിക്കുന്നുണ്ട് നാളെ രാവിലെ ജാഥയിൽ പങ്കെടു ക്കുന്നവർക്ക് ക്ലാസ്സെടുക്കുകയാണ്. കേട്ടിട്ടില്ലേ ഏ.വി. ശ്രീകണ്ഠപ്പൊതു വാൾ.

"എനിക്കറിയാം. കവിതകൾ മാതൃഭൂമി ആഴ്ചപ്പതിപ്പിലും ജയ കേരളത്തിലും കണ്ടിട്ടുണ്ട്. നേരിട്ട് ഇപ്പോഴാണ് കാണുന്നത്- കവിതകൾ വായിച്ചിട്ടുണ്ട്"

ജാഥാംഗങ്ങൾക്ക് ആലപി ക്കാനുള്ള ഒരു ഗാനവും അദ്ദേഹം ചൊല്ലുന്നു. രാഘവേട്ടനടക്കമുള്ള സദസ്സ് ആ വരികൾ ഏറ്റുപാടുന്നു. ഭൂമി ദാനം ചെയ്യുവിൻ. ഭൂമി ദാനം ചെയ്യുവിൻ... ഭൂമിയെ വിലങ്ങിൽനിന്ന് വീണ്ടെടുത്തുയർത്തുവിൻ ഭൂമി ദാനം ചെയ്യുവിൻ.

ക്ലാസ്സ് കഴിഞ്ഞ ഉടനെ കവിയെ പരിചയപ്പെടുത്തിത്തന്നു. ശ്രീകണ്ഠപ്പൊതുവാൾ ഉറക്കേചിരിച്ച് മുഴങ്ങും ശബ്ദത്തിൽ പറയുന്നു. "എനിക്കറിയാം. ജയ കേരളത്തിലും കൗമദിയിലും കഥകൾ ഞാൻ



കണ്ടിട്ടുണ്ട്. കഴിഞ്ഞാഴ്ച നെടുങ്ങാടിയുടെ ദേശമിത്രം വാരികയിൽ വന്ന കഥയും ഞാൻ ശ്രദ്ധിച്ചു.

എന്റെ അണ്ണാ ക്ക് പൊടുന്നനെ ഉണങ്ങിപ്പോയി. ഒന്നും പറയാൻ പറ്റുന്നില്ല. എന്റെ സാഹിത്യ പ്രയത്നങ്ങൾ ശ്രദ്ധിച്ച് കവി. അദ്ദേഹം രാഘവേട്ടനോടായി ചോദിക്കുന്നത് കേട്ടു. ഖാദറേയും ജാഥയിൽ പങ്കെടുപ്പിക്കരുതോ?

രാഘവേട്ടൻ എന്നെയാണ് അന്നേരം സൂക്ഷിച്ചു നോക്കിയത്. ഞാനെങ്ങിനെയാ രണ്ടാഴ്ചക്കാലം നീണ്ടു നില്ക്കുന്ന യാത്രാ പരിപാടിക്ക് ഇവനെ പങ്കെടുപ്പിക്യാന്നാലോചിക്യാഞ്ഞിട്ടല്ല. ഇവന്റെ മറുപടി. വീട്ടുകരുടെ സമ്മതം. അതൊക്കെ."

''സാരല്ല. സമ്മതൊക്കെ ഇയ്യാൾ ചോദിച്ചുവാങ്ങട്ടെ. സർവ്വോദയ ജാഥയല്ലേ? സർവ്വമത പ്രാർത്ഥനാ യോഗങ്ങൾ ഉണ്ടാവും. ഖാദറുണ്ടെങ്കിൽ മുസ്ലിം പ്രാർത്ഥനകൾ ചൊല്ലാൻ-അത്രയും പറഞ്ഞ് ശ്രീകണ്ഠപൊതുവാൾ എന്നെ നോക്കി. എന്റെ പുറം തടവി. ഞാനന്നേരം ആലോചിച്ചത് വീട്ടിലെ വേണ്ടപ്പെട്ടവരോട് അനുവാദംകിട്ടുമോ? ചോദിച്ചാൽ അവരിത് സമ്മതിക്കുമോ എന്നൊന്നുമായിരുന്നില്ല. ആരോടാണ് അനുവാദം ചോദിക്കേണ്ടത്. രണ്ടാഴ്ച കാലം ജാഥയിലംഗമായി കൊയിലാണ്ടി ഫർക്കയിലൂടെ , ഗ്രാമത്തിലെ സകല ഊടുവഴികളിലൂടെയും സഞ്ചരിച്ചാൽ അതൊരു നല്ല അനുഭവമായിരിക്കും. അതിനേക്കാൾ എന്റെ മനസ്സിലന്നേരം നിറഞ്ഞുനിന്നത്. ആ ദിവസങ്ങളിൽ, ഭക്ഷണ സമയം നോക്കി വിരുന്ന് പുരയിലെ പത്തായപ്പുറത്ത് കയറിയിരുന്ന്, ചോറു വിളമ്പുന്നതും കാത്ത് ഇരിക്കേണ്ടതില്ലല്ലോ എന്ന വിചാരമാണ്. ജാഥാംഗങ്ങൾക്ക് ചെല്ലുന്നേടത്ത് ഇലയിടുമ്പോൾ സുഖമനസ്സോടെയിരുന്ന് വയറ്റിലെ വിശപ്പിന്നുള്ള വല്ലതും.. അങ്ങിനെയൊന്നും രാഘവേട്ടനോടോ, ശ്രീകണ്ഠപ്പൊതുവാളോടോ ഞാൻ പറഞ്ഞില്ല. ഞാൻ ചോദിച്ചു ജാഥ എപ്പോൾ പുറപ്പെടും."

'നാളെ പ്രഭാതത്തിൽ വെയിൽ മൂക്കും മുമ്പ് ചെങ്ങോട്ടുകാവിലെത്തണം. അവിടെയാണ് പ്രാതലും. ആദ്യ സ്വീകരണ യോഗവും -രാഘവേട്ടൻ പറഞ്ഞു.

പുലർച്ചെ ജാഥ പുറപ്പെടും മുമ്പ് ഒരുങ്ങി തയ്യാറായി ഞാൻ എത്തി. ജാഥാംഗങ്ങൾക്കെല്ലാം ഞാനെത്തിയത് സന്തോഷമായി. ശ്രീകണ്ഠപ്പൊതുവാൾ ജാഥയുടെ മുമ്പിൽ നിന്ന് ഉറക്കെയുറക്കേ ചൊല്ലി ഭൂമിദാനം ചെയ്യുവിൻ ഭൂമിദാനം ചെയ്യുവിൻ ഭൂമിയെ വിലങ്ങിൽ നിന്ന് വീണ്ടെടുത്തുയർത്തുവിൻ.

കൊയിലാണ്ടി ബജാറിലൂടെ നീങ്ങിയ ജാഥയിൽ ഒരംഗമായി ഞാനും പിന്തുടർന്നു. കുഞ്ഞിരാമേട്ടനോടു മാത്രം ഞാൻ കാര്യം പറഞ്ഞിരുന്നു. രാണ്ടാഴ്ചക്കാലം ഒരു കാൽനട ജാഥയിലെ അംഗമായി ട്ടലയാൻ തീരുമാനിച്ചിരിക്കുന്നു. രാവിലെ ഒമ്പത് മണിയോടെ ജാഥ ചെങ്ങോട്ടുക്കാവിലെത്തി. പ്രാതലും അല്പം നേരത്തേ വിശ്രമവും ഏർപ്പാടിക്കിയിട്ടുള്ളത് ചെങ്ങോട്ടുകാവിലെ രാഘവൻകിടാവ് വൈദ്യരുടെ വൈദയശാലക്ക് മുകളിലുള്ള മുറിയിലും തിണ്ണയിലുമൊക്കെയ്യായിട്ടാണ് വൈദ്യരുടെ വകയായുള്ള ഒരു ഖാദി വസ്ത്രാലയവും അവിടെയുണ്ട്. അവിടെ കയറി ചെന്ന എന്നെ ജാഥാംഗങ്ങളിൽ എന്നെ ഒരാൾ തുറിച്ചുനോക്കുന്നത് കണ്ടു. വൈദ്യരോട് എന്നെ ചൂണ്ടി എന്തോ ചോദിയ്ക്കുന്നുമുണ്ട്. വൈദ്യർ എന്നേ കൈമാടി വിളിച്ചു. വൈദ്യരുടെ മുറിയിൽ കസേരയിൽ ഇരിയ്ക്കുന്ന മെല്ലിച്ചുനേർത്ത ആളാരാണെന്ന് എനിക്കറിയില്ലായിരുന്നു. ആ വട്ടക്കണ്ണുകളിലെ ആജ്ഞാശക്തിയുള്ള തിളക്കം മനസ്സിൽ തറഞ്ഞു. സർവ്വോദയ പ്രവർത്തകരുടെ കാൽനടജാഥയിൽ അംഗമായത് നന്നായി. എന്തോ ഖദറുടുക്കാത്തത്.?

ഞാനും സത്യത്തിൽ അന്നേരത്തുമാത്രമാണ് അതിനെക്കുറിച്ച് ആലോചിച്ചത്. ഞാൻ മാത്രമാണ് ഖദർ ധാരിയല്ലാത്തഅംഗം. എനിക്ക് ഖദറുടുപ്പുകൾ ഇല്ല. ആകെപ്പാടെ രണ്ടുടുപ്പുകളെ എന്റെ പക്കലുള്ളൂ. അത് നിത്യേനയെന്നോണം തിരുമ്മി വെളുപ്പിച്ച് ഉണക്കി ഇസ്ത്രിയിട്ടാണ് ഞാൻ പത്രാസ്സിന് കുറവ് തട്ടിക്കാതെ കഴിഞ്ഞു കൂടുന്നത്. അക്കാലത്ത് പാരച്ച്യൂട്ട് എന്ന പേരിൽ അറിയപ്പെടുന്നസിൽക്ക് ശീലയിൽ തയ്ച്ചതാണ് എന്റെ ഷർട്ട്. സ്റ്റേപ്പിൾ വേഷ്ടിയെന്നറിയപ്പെടുന്ന കൈത്തറി തുണിയാണ് ഉടുക്കുന്നത്. സർവ്വോദയ പ്രവർത്തകരുടെ ജാഥാംഗമായതിനാൽ ഖദറുടുക്കണം എന്ന ചിന്തപോലും എനിക്കില്ലായിരുന്നു. ഞാനങ്ങിനെ ആലോചിച്ചുമില്ല.

മുറിയിലിരിയ്ക്കുന്ന ആളുമായി രാഘവേട്ടൻ പതുക്കെ എന്തെല്ലാമോ സംസാരിക്കുന്നത് കണ്ടു. അദ്ദേഹം വീണ്ടും വൈദ്യരുടെ മുറിയിലേക്ക് എന്നെ വിളിച്ചു. എന്നെ കുറിച്ചുള്ളതെല്ലാം തുറന്നും പറയുവാൻ എന്തോ ഒരുൾ പ്രേരണ അന്നേരം എനിക്കുണ്ടായി. അദ്ദേഹം പറയുന്നത് കേട്ടു. രാഘവജി പറഞ്ഞു.. "പ്രവാഹത്തിൽ വന്ന കഥ ഞാൻ കണ്ടിട്ടുണ്ട്. അബുസാഹിബ് പറഞ്ഞിട്ടുമുണ്ട്. " അമ്മായി മോതിരം " എഴുതിയ ആളല്ലേ ?


അദ്ദേഹം പതുക്കെ ചിരിച്ചു. " കിടാവിന്റെ കടയിൽനിന്ന് എന്റെ വകയായി രണ്ടു ഷർട്ടും ദോത്തിയും വാങ്ങിക്കോളൂ. അത് ധരിച്ച് ജാഥയിൽ ചേർന്നോളൂ."

രാഘവൻ കിടാവിന്റെ ഖദർ വസ്ത്രാലയത്തിൽ നിന്നും എനിക്ക് രണ്ടു ഷർട്ടും രണ്ട് ദോത്തിയും കിട്ടി. ജീവിതത്തിലാദ്യമായി ഞാൻ ഖദർ വസ്ത്ര ധാരിയായി. പ്രാതലിന്റെ നേരത്ത് ഖദർധരിച്ചുവന്ന എന്നേ നോക്കി അദ്ദേഹം ഒരുപക്ഷെ ഊറിച്ചിരിക്കാം. ആളാരാണെന്ന് അദ്ദേഹം പറഞ്ഞില്ല. ഞാൻ ചോദിച്ചുമില്ല. ചെങ്ങോട്ടുകാവിൽ നിന്നും പൂക്കാട്ടേക്കും തിരുവങ്ങൂരിലേക്കും കുനിയക്കടവത്തേക്കും ഭൂദാന കാഹളം മുഴക്കി ജാഥ മന്ദം മന്ദം അടിവെച്ച് അടിവെച്ച് നീങ്ങവേ എന്റെ ഖദറുടുപ്പുകൾ ശരീരത്തെയും മനസ്സിനെയും പതുക്കെ ഇക്കിളിപ്പെടുത്തിക്കൊണ്ടിരുന്നു. ജാഥയിൽ

*(ശേഷം പേജ് 23 ൽ )*

ഓർമ്മ

ഇയ്യങ്കോട് ശ്രീധരൻ



# കൊല്ലങ്കോട്ടെ കവിമരം

## മഹാകവി പി. കുഞ്ഞിരാമൻ നായരെക്കുറിച്ച് അനുസ്മരണം.



മഹാകവി പി.

**നാ**ഴികളോളം നീണ്ടു പരന്നു കിടക്കുന്ന നെൽപാട ങ്ങൾ. പ്രഭാതങ്ങളിലും സായന്തനങ്ങളിലും വർണ്ണ സാരികൾ മാറിമാറിച്ചുറ്റുന്ന ചക്രവാളങ്ങൾ. പശ്ചാത്തലത്തിൽ നെന്മാറ-വല്ലങ്ങി വേലയ്ക്ക് അണിയിച്ചു നിർത്തിയ കരിവീരന്മാരെപ്പോലെ തെമ്മലകൾ. താമരക്കുളങ്ങൾ മുനിംപുംഗവന്മാരെപോലെ തപസ്സു ചെയ്തു നിൽക്കുന്ന താലവൃക്ഷങ്ങൾ സൗന്ദര്യം കൊണ്ട് ധാരാളിത്തം കാട്ടി ഏതു സന്ദർശകനെയും തന്നിലേക്ക് വലിച്ചാനയിക്കുന്ന ഈ കൊല്ലങ്കോടൻ ഭൂഭാഗമാണ്, കുഞ്ഞിരാമൻ നായരേയും കുറഞ്ഞ കാലത്ത് കൊല്ലങ്കോട്ടു നിവാസിയായത്.

മദ്ധ്യവസ്സിനുശേഷം ആസ്തികനായി മാറിയ കവിയ്ക്ക് അദ്ധ്യാത്മികാചാര്യനും കൊല്ലങ്കോട്ടുകാരനുമായ പണ്ഡിറ്റ് പി. ഗോപാലൻനായർ ഗുരുതുല്യനായിരിക്കുന്നു. തന്റെ ശിഷ്യനായ കൊല്ലങ്കോട് രാജാവായ പത്മനാഭ വർമ്മയോട് കുഞ്ഞിരാമൻ നായരെ കൊല്ലംങ്കോട് രാജാസ് ഹൈസ്കൂളിൽ അദ്ധ്യാപകനാക്കാൻ ഗോപാലൻ നായർ ശുപാർശ ചെയ്തു. കണ്ണൂർ ജില്ലയിൽ കൂടാളി ഹൈസ്കൂളിൽ 'കൂട്ടിലിട്ട കിളി' യെപ്പോലെ കഴിഞ്ഞുകൂടിയ കവി. അങ്ങിനെ 1961 ജൂലായ് മാസത്തിൽ കൊല്ലംങ്കോട്ടെയ്ക്ക് മാറ്റം വാങ്ങി.

നിളാ നദിയുടെ നിത്യ കാമുകനായിരുന്ന കവി അക്കാലത്ത് പുതിയ ഒരു കുടുംബ ബന്ധം ലക്കിടിയിൽ തുടങ്ങിയിരുന്നു. ഇടയ്ക്കിടക്ക് ഭാരതപ്പുഴയോരത്ത് പോയി തങ്ങാൻ കൊല്ലംങ്കോട്ടെ ജോലി സഹായകമാവുമെന്ന് കവി കരുതിയിരുന്നു.

കേരളകലാമണ്ഡലം വിദ്യാർത്ഥിയായിരിക്കെ, എനിക്ക് കവിയെ പരിചയമായിരുന്നു. കുഞ്ഞിരാമൻ നായർ കൊല്ലങ്കോട്ടു വരുന്നതിനുമുമ്പുതന്നെ, രാജാസ് ഹൈസ്കൂളിൽ എത്തപ്പെട്ടതിനാൽ കവിയ്ക്ക് കൊല്ലങ്കോട് കുടിപാർക്കാനൊരു വീട് കണ്ടെത്തേണ്ട ചുമതല എനിക്കായിരുന്നു, കെട്ടും പെട്ടിയുമായി കവി കൊല്ലങ്കോട്ടെത്തിയപ്പോൾതന്നെ റയിൽവേസ്റ്റേഷൻ പരിസരത്ത് ഞാൻ ഒരു വീട് ഏർപ്പാട് ചെയ്തു. അധ്യാപികയായ ലക്കിടിയിലെ പുതിയ കൂട്ടുകാരി അക്കാലത്ത് ഒഴിവു ദിവസങ്ങളിൽ ഇവിടെ കവിയ്ക്കു കൂട്ടിനുണ്ടായിരുന്നു. ആരുമായും ഏറെ നാൾ ഒന്നിച്ചുകഴിയാൻ കവിയുടെ സഹജ ഭാവം തയ്യാറായിരുന്നില്ല. അഗാധമായി സ്നേഹിക്കുകയും അത്രയും ശക്തമായി ദ്വേഷിക്കുകയും ചെയ്യും. അതിനാൽ കുടുംബജീവിതം പലപ്പോഴും താളംതെറ്റിച്ചിരുന്നു. ഒരു "നിശ്ചയവുമില്ലായൊന്നിനും" എന്ന മട്ടിലായിരുന്നു. എപ്പോൾ പോകുന്നു, എന്ന് വരുന്നു. എന്നതിനൊന്നും ഒരു പ്രസക്തിയുമില്ലാത്ത 'അനന്ത മജ്ഞാതഭാവ' മായിരുന്നു എന്നും. അതിനാൽ കൊല്ലങ്കോട്ടു വാസക്കാലത്തു ചുരുങ്ങിയതു പത്തു പതിനാലു വീടുകൾ മാറി മാറി വാടകയ്ക്ക് എടുത്തിട്ടുണ്ട്. അനേകം ഒറ്റമുറി വാടക വീടുകളിൽ കവികുടി പാർക്കുകയുണ്ടായി. മാറിപ്പോയ ചെരുപ്പുകളുടെയും താക്കോലില്ലാത്ത പൂട്ടുകളുടെയും പിടി അറ്റുപ്പോയ സഞ്ചിയുടെയും ഓട്ട വീണ ജുബ്ബകളുടെയും നനഞ്ഞുകുതിർന്ന കറൻസികളുടെയും തുറന്നു നോക്കാത്ത കറൻസികളുടെയും വൻ ശേഖരം, കവിയുടെ നിത്യ സമ്പാദ്യമായിരുന്നു. കൂടെ കൂടുന്നവർക്ക് കവിയെ ചതിക്കാൻ എളുപ്പമായിരുന്നു.

'മറവിൻ തൻമാറാപ്പ് എടുക്കാൻ മാത്രം മറവില്ലാത്ത' ജന്മമായിരുന്നല്ലോ കവിയുടേതും.

കൊല്ലങ്കോട്ടുകാർക്ക് എക്കാലത്തും ഇഷ്ടപ്പെട്ട കഥാപാത്രമായിരുന്നു അവരുടെ 'കവി മാസ്റ്റർ' ആ സ്നേഹത്തിനു വലിപ്പച്ചെറുപ്പമില്ല. ഉച്ചനീചത്വമില്ല- 'സർവ്വം നാരായണമയം' എന്നു കരുതുന്ന ഭക്തന്റെ അവസ്ഥയായിരുന്നു. എന്നാൽ 6 വർഷത്തെ അധ്യാപക ജീവിതം കവിക്ക് അസഹനീയമായിരുന്നു. അതിന്റെ മാറ്റൊലികൾ 'കവിയുടെ കാൽപ്പാടുകളിൽ' വായനക്കാർക്ക് കേൾക്കാം. കൊല്ലങ്കോട്ടെ പ്രകൃതി സർവ്വാഭരണ വിഭൂഷിതയായി ആ ആത്മ വിമർശന കൃതിയിൽ നിറഞ്ഞു നിൽക്കുന്നു.

കുഞ്ഞിരാമൻ നായരെ, കേരളം തിരിച്ചറിയുന്നത് കൊല്ലങ്കോട്ടെ വാസക്കാലത്തായിരുന്നു. 'സാഹിത്യ നിപുണ' അവാർഡു ലബ്ധിയിൽ നടത്തിയ സ്വീകരണം; കൊല്ലങ്കോട് വലിയ രാജാവ് മുൻകൈ എടുത്ത് ഗുരുവായൂരിൽ നടത്തിയ അറുപതാം പിറന്നാളാഘോഷം; തുടർന്ന് കേരളത്തിലുടനീളം ലഭിച്ച സ്വീകരണ സന്നാഹങ്ങൾ പിന്നീട് ഏറെ പ്രസിദ്ധമായിതീർന്ന അനേകം കൃതികളുടെ പ്രസിദ്ധീകരണങ്ങൾ എന്നിവ, ഈ വാസത്തിന്നിടയിലെ പ്രധാന സംഭവങ്ങളായിക്കഴിഞ്ഞു.

"താമരത്തോണി" എന്ന കാവ്യ സമാഹാരത്തിന് 1966-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരമായിരുന്നു ഈ ജീവിതകാലത്തെ പ്രധാന സംഭവം. ചിറ്റൂരിലെ തുഞ്ചൻ മഠത്തിൽ നടന്ന ഒരു സാഹിത്യ സെമിനാറിൽ പങ്കെടുക്കവയാണ് ഈ പുരസ്ക്കാര വാർത്ത കവി അറിയുന്നത് അത് സ്വീകരിക്കാൻ കവിയെ ഈ ലേഖകൻ ഡൽഹിവരെ അനുഗമിക്കുകയുണ്ടായി കുഞ്ഞിരാമൻ നായരുടെ അറുപതാം പിറന്നാൾ കേരളീയരുടെ മഹോത്സവമായി നടത്തപ്പെട്ടതും കൊല്ലങ്കോട് കേന്ദ്രീകരിച്ചിരുന്നു. കവിയുടെ ആരാധകനായിരുന്ന സി.പി. ശ്രീധരനും ഈ ലേഖകനും മുൻകൈയ എടുത്ത് നടത്തിയ പ്രധാന പരിപാടികൾ ഗുരുവായൂരിലും കാഞ്ഞങ്ങാട്ടും നടക്കുകയുണ്ടായി.

ഭാരതപ്പുഴയോരത്ത് കവിയുടെ സങ്കല്പത്തിനനുസരിച്ച് ഒരു വീട് വാങ്ങി നൽകാൻ നേതൃത്വം നൽകിയത് കൊല്ലങ്കോട്ടെ യാത്രയയപ്പ് കമ്മറ്റിയായിരുന്നു. പാലക്കാട്ടെ പ്രൊഫ. വി. വിജയനും ഈ ലേഖകനുമായിരുന്നു തിരുവില്വാമല ക്ഷേത്രത്തിന്റെ വടക്കേ നടയിലൊരു വീട് കണ്ടെത്തി കവിയെ അവിടെ കുടി പാർപ്പിച്ചത്. കിട്ടിയ കാശു മുഴുവൻ ആ വീട് പുതുക്കി പണിയാൻ കവി ചെലവഴിച്ചു. ഒടുവിൽ ആ വീടും കവിയ്ക്ക് തടവറയായി. വാങ്ങിയ വിലയിൽ നിന്നു താഴ്ന്ന സംഖ്യയ്ക്കാണ് തിരുവില്വാമലയിലെ "ഗോവർദ്ധനം" വിറ്റത്.

നിത്യ സഞ്ചാരിയായ കുഞ്ഞിരാമൻ നായർക്ക് പിന്നീട് അഭയ കേന്ദ്രങ്ങളായത് ഗുരുവായൂർ ദേവസ്വ സത്രവും ഒടുവിൽ തിരുവനന്തപുരത്തെ സി.പി. സത്രവുമായിരുന്നു. എവിടെച്ചെന്നാലും എനിക്ക് കത്തുകൾ വരുമായിരുന്നു."കവിയുടെ കാൽപ്പാടുകൾ" എഴുതുന്ന കാലത്ത് താമസം കൊല്ലങ്കോട്ടും പാലക്കാട്ടുമായിരുന്നു. കൊല്ലങ്കോട്ടിലേയും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലേയും വയൽവരമ്പുകളെല്ലാം കവിയ്ക്ക് പരിചിതമായിരുന്നു.

കവിയുടെ കൊല്ലങ്കോട് വാസം സംഭവബഹുലമായിരുന്നു. കുഞ്ഞിരാമൻ നായരുടെ സർഗ്ഗാത്മകതയുടെ കൊടുമുടികൾ തെളിഞ്ഞത് ഈ വാസക്കാലത്തായിരുന്നു."പൂക്കളവും' താമരത്തോണിയുമെല്ലാം ഇക്കാലത്തെ രചനകളാണ്. താമരകളും താമരക്കോഴികളും മുളങ്കാടുകളും വിശാല വയലേലകളും നിറഞ്ഞ ഈ തെന്മല താഴ് വാരം കാമുകനായ കവിയുടെ സങ്കൽപ്പ വൃന്ദാനമായിരുന്നു.

മരണത്തിന്ന് മൂന്നു മാസം മുമ്പ് എനിയ്ക്കൊരു കത്തുകിട്ടി. ഈ വിളക്ക് പടുതിരി കത്തുന്നു. അനാഥനായ ഇവന്റെ ഓർമ്മയ്ക്ക് ഏതെങ്കിലും പാതയോരത്ത് നാലാൾക്കിരുന്നു പുസ്തകം വായിക്കാൻ ഒരേർപ്പാടുണ്ടാക്കണം. തനിയ്ക്കു അതു സാധിക്കും. ഇതായിരുന്നു ഉള്ളടക്കം.

-മഹാകവിയും
സന്തതസഹചാരിയും




ഇയ്യങ്കോട് മഹാകവി പി

1978 മേയ് 27ന് 'ഭൂഗോളമുറിയുടെ താക്കോൽ' തിരിച്ചേൽപ്പിച്ച് ജവിതമെന്ന സത്രത്തിലെ കുടിപാർപ്പ് കവി. ഒഴിവാക്കി.

1981 ഒക്ടോബർ 22ന് മഹാകവി പി. കുഞ്ഞിരാമൻനായരുടെ സ്മാരകമായി കൊല്ലങ്കോട് ഒരു സ്ഥാപനം ഉയർന്നുവന്നു. ഇന്നത് കേരളത്തിലെ വലിയ ഗ്രന്ഥാലയമാണ്. അവിടെ വാദ്യ കലാലയവും കഥകളി കേന്ദ്രവും കമ്പ്യൂട്ടർ പഠന സൗകര്യവുമുണ്ട്. സ്മാരകം അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാരും ഗ്രന്ഥാലയം കവിയുടെ ആത്മ സുഹൃത്തായ വൈലോപ്പിള്ളിയുമാണ് ഉദ്ഘാടനം ചെയ്തത്. താമരമൊട്ടുകളും വാരിപ്പിടിച്ച് തെന്മലയുടെ നിതാന്ത സൗന്ദര്യം നുകർന്നുകൊണ്ട് കൊല്ലങ്കോട്ടെ ഹരിതഭംഗികളിൽ കുഞ്ഞിരാമൻ നായർ ഇപ്പോഴും ഉലാത്തുന്നുണ്ടാവാം എന്നു കരുതുന്നു. കുഞ്ഞിരാമൻ നായർ ഇന്നത്തെ കവിയല്ല. നാളത്തെ കവിയാണ്. ●

# ഇന്ന് അവധിയാകുന്നു.



എം.എസ്. കുമാർ

**കഥ**



**സ്റ്റേ**ഷൻ സ്റ്റോപ്പിൽ ബസ്സിറങ്ങവെ അനിത ഒന്നുകൂടി വാച്ചിൽനോക്കി. എട്ട് ഇരുപത് . വണ്ടി അഞ്ചുമിനിട്ടെങ്കിലും വൈകി വന്നെങ്കിൽ ഒരാശ്വാസമായിരുന്നു. പതിവു യാത്രക്കാരെ ഒരു നോട്ടം കൊണ്ടെങ്കിലും പരിചയം പുതുക്കാം. ലേഡീസ് കംപാർട്ട്മെന്റിൽ ഏതെങ്കിലുമൊരു സിറ്റിലിരുന്ന് പതിവു സഹയാത്രിക സിസിലി സീറ്റു തരപ്പെടുത്തിയിരിയ്ക്കും. തിരക്കുണ്ടെങ്കിലും അവൾ ഏതെങ്കിലും തരത്തിൽ സൗകര്യമുണ്ടാക്കും. വൃദ്ധകളോ രോഗികളോ ഉണ്ടെങ്കിൽ കുറച്ചു വിഷമമുണ്ടാകും.

ഗോവണിയിറങ്ങവേത്തന്നെ വണ്ടിയുടെ ചൂളംവിളി. ഹൗ!. അറിയാതെ ശബ്ദിച്ചു. ബസ്സിറങ്ങി ഇത്തിരി സാവധാനം നടന്നിരുന്നുവെങ്കിൽ കോണിയിൽ ഓടിക്കയറുകയും ഇറങ്ങുകയും ചെയ്യേണ്ടി വരുമായിരുന്നു. ഈയിടെയായി വണ്ടി കൃത്യസമയത്തോ ഒരു മിനിട്ടെങ്കിലും നേരത്തേയോ വരിക പതിവായിരിക്കുന്നു.

ജനൽക്കമ്പികൾക്കിടയിലൂടെ ഇളകുന്ന കൈത്തലം സിസിലിയുടേതാണെന്നു തിരിച്ചറിഞ്ഞു. തിങ്കളാഴ്ചയായതിനാലാകാം ഒരുവിധം തിരക്കുണ്ട്. ക്യൂവിൽ നിൽക്കുന്നവരെ വകഞ്ഞുമാറ്റി ഉള്ളിൽ കേറവെ ആരോടെക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു.

വല്യ ആപ്പീസർമാരാത്രെ. ഒരു മര്യാദയുമില്ല.

തിരക്കി സിസിലിയുടെ അടുത്തെത്തി. സീറ്റിൽ വെച്ചിരുന്നബാഗു നീക്കി സിസിലിചോദിച്ചു. ഒരു മിനുട്ടിന്റെ വ്യത്യാസം. ഇന്നെന്താ അച്ഛനൊന്നും ചോദിച്ചില്ലേ!.

അപ്പോളാണോർത്തത്. ഇന്ന് അച്ഛൻ ഒന്നും പറഞ്ഞില്ല. താൻ പുറപ്പെടാൻ അൽപം താമസിച്ചാൽ അച്ഛൻ ചോദിക്കും. ഇന്നെന്താ മോളേ അവധിയാണോ? മിക്കദിവസങ്ങളിലും അച്ഛന്റെ അതു കേൾക്കാതിരിക്കാൻ ഇത്തിരി നേരത്തെ പുറപ്പെടാൻ എന്നും ശ്രമിക്കാറുണ്ട്. എട്ടുമണിയായാൽ ആ ചോദ്യമുണ്ടാകും.

മിക്ക ദിവസങ്ങളിലും അച്ഛന്റെ ചോദ്യമുണ്ടാവും.

ഇന്നവധിയാണോ?

മക്കളെ പുറപ്പെടുവിച്ച് സ്കൂൾ വണ്ടികളിലാക്കി തിരിച്ചുവന്ന് ഡ്രസ്സുചെയ്യാനൊരുങ്ങുമ്പോൾ അച്ഛന്റെ ചോദ്യം യാഥാർത്ഥ്യമായെങ്കിലോ എന്ന് ആശിക്കാറുണ്ട്. ഇന്നവധിയാണെന്നെങ്കിലെന്ന്.

തന്റെ ബദ്ധപ്പെട്ടുള്ള വരവ് സിസിലിയ്ക്ക് ഒരു തമാശയാണ്. അവൾ നേരത്തേ തയ്യാറായി സ്റ്റേഷനിലെത്തും. പാലക്കാട്ടേയ്ക്കു പോകുന്ന ഭർത്താവ് അവളെ ഷൊർണ്ണൂറിൽ കാറിൽ കൊണ്ടുവന്നിറക്കും.

ബാലേട്ടൻ എന്നോടു പറയാറുള്ളതാണ്. അനിതേ നീ ഡ്രൈവിംങ് പഠിയ്ക്ക്. നമുക്കൊരു വണ്ടി വാങ്ങാം. ബൈക്കു പഠിച്ചാലും മതി. സ്റ്റേഷൻവരെ പോകാമല്ലൊ.

ആഗ്രഹിക്കാറുണ്ടെങ്കിലും ബൈക്ക് ഓടിയ്ക്കാനിനിയും ധൈര്യം വന്നിട്ടില്ല. കഴിഞ്ഞ ലീവിനു വന്നപ്പോഴും സ്കൂട്ടിയിൽ ബാലേട്ടൻ പരിശീലിപ്പിച്ചതാണ്. എതിരായെന്തെങ്കിലും കണ്ടാൽ ശ്രദ്ധതിരിഞ്ഞുപോകും. സ്റ്റാർട്ടുചെയ്തപ്പോൾ വണ്ടിമേലോട്ടുയർന്നു.

വാഹനത്തിന്നടുത്തെത്തുമ്പോൾ ഒരു വിറയാണ്. നേരത്തെ നോക്കേണ്ടതായിരുന്നു. ഇനി ശ്രമിച്ചാലും ആകുമെന്നു തോന്നുന്നില്ല. എട്ടുവയസ്സുള്ള മിന്നുമോൾ തിരക്കുള്ള റോട്ടിൽകൂടി സ്ക്യൂട്ടി പഠിപ്പിക്കുമ്പോൾ ഭയം തോന്നി അച്ഛന്റെ ആത്മഗതം ഏറ്റുപറയും.

നമ്മക്കിങ്ങനെയൊക്കെ മതി!

കോഴിക്കോട്ടെത്തുന്നവരെ സിസിലി സംസാരിച്ചുകൊണ്ടിരിക്കും. പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ യുഡിസി യായ അവൾക്ക് സ്വന്തം വിശേഷങ്ങളേക്കാൾ മറ്റുള്ളവരുടെ കാര്യങ്ങളെക്കുറിച്ചാണധികം പറയാനുള്ളത്. ഓഫീസിലെ ഓരോ ജീവനക്കാരന്റേയും വീട്ടുവിശേഷങ്ങൾ സിസിലി വിശദീകരിക്കും. ഓഫീസറും ഭാര്യയുമായുള്ള ഇണക്കവും പിണക്കവും അവരുടെ സ്ഥിരം പല്ലവിയാണ്. സോഷ്യൽ ലേഡ്യായ നന്ദിതാമേനോൻ ചില ദിവസം വീട്ടിലെത്തില്ല. അന്നേദവസം മോനോൻ സാറും വീടുവിട്ടിറങ്ങും നഗരത്തിലെ ടൂറിസ്റ്റുഹോമിൽ അദ്ദേഹത്തിന്നൊരു റൂമുണ്ട്.

കേട്ടാസ്വദിക്കുന്നതല്ലാതെ പകരം വിശദീകരിക്കാൻ അനിതയ്ക്കു വിഷയം കിട്ടാറില്ല. ബാലേട്ടന്റെ ജോലിക്കാര്യവും അവധിക്കു വന്നാലാണെ ടൂറുകളും വിരുന്നുകളും പറഞ്ഞു മടുത്തതാണ്. സങ്കു മോളുടെ സ്കൂൾ വിശേഷങ്ങളും ഡാൻസും സംഗീതവും ആവർത്തിച്ചുമടുത്തു. അനിത അത്ഭുതപ്പെടാറുണ്ട്. സിസിലിയ്ക്ക് സംസാരിക്കാൻ പുതിയപുതിയ വിഷയങ്ങളുണ്ടാകുന്നു.

ഒരു ദിവസം സിസിലിയെ കണ്ടില്ലെങ്കിൽ സഹയാത്രികർ ചോദിക്കും.

ഇന്നു വർത്തമാനം പറയുന്ന സാറെവിടെ?

"എവിടെയെങ്കിലും കല്യാണമോ കല്യാണ നിശ്ചയമോ ഉണ്ടായിരിക്കും." അനിത പറയും.

എവിടെ കല്യാണ മുണ്ടായാലും ഒരു ചെറിയ ക്ഷണം മതി. സിസിലി എത്തും. ബന്ധുക്കളുടെയോ പരിചയക്കാരുടെയോ വ്യത്യാസമൊന്നുമില്ല.

നമ്മൾ ഓരോ ആഘോഷത്തിൽ പങ്കെടുക്കുമ്പോഴും നമുക്കൊരു പുതിയ ബന്ധം ഉണ്ടാവുകയാണ്. സിസിലി പറയും. ഒരു പരിചയവുമില്ലാത്തവരാണെങ്കിലും ഒരരമണിക്കൂർ അടുത്തുകിട്ടിയാൽ സിസിലി അയാളുടെ ബന്ധുവായിത്തീരും.

വണ്ടിയിൽ കൂട്ടമായ സംസാരം രണ്ടുപേരും ശ്രദ്ധിച്ചു. നഗരത്തിൽ അഖിലേന്ത്യാ കൈത്തറി, ഖാദി മേളയാണ്. പരസ്യത്തിന്റെ അറിവുകൾ പലരും പെരുപ്പിച്ചു പറയുന്നു. ഇന്ന് മൂന്നാം ദിവസമാണ്. പോയവർ ഗുണമേന്മയെപ്പറ്റിയും വിലക്കുറവിനെപ്പറ്റിയും വിവരിക്കുന്നു. ബനാറസ് സിൽക്ക് കാഞ്ചീപുരം പട്ട്, ബീഹാർ കൈത്തറി, കാശ്മീർ ദോത്തി, സാരി, പേരുകൾ സ്ത്രീകൾക്കിടയിൽ വാചാലമാകുന്നു. മുപ്പതു മുതൽ അമ്പതുവരെ ശതമാനം വിലക്കുറവ്, വിദേശസാരികൾ ഒന്നിനൊന്ന് ഫ്രീ.

എന്തുട്ടായിട്ടെന്താ. നമുക്കെ വിടാസമയം. അനിത ഒരു നെടുവീർപ്പോടെ പറഞ്ഞു. സിസിലി സംശയം കൂടാതെ പറഞ്ഞു. നമുക്കൊരരമണിക്കൂർ നേരത്തെ ഇറങ്ങാം. വീട്ടിൽനിന്ന് കോൾ വന്നിട്ടുണ്ടെന്ന് പറഞ്ഞാൽമതി.

ഓ.! ഞങ്ങളുടെ ഓഫീസർക്കതൊന്നും ഇഷ്ടമാവില്ല. ട്രഷറി ഓഫീസറെപ്പറ്റി അനിത പറഞ്ഞു. ഓനൊരു മുരടൻ മനുഷ്യൻ. ഇനി എത്രകാലം ഉണ്ടാവുമാവോ. പണിയൊന്നുമില്ലെങ്കിലും എല്ലാവരും സീറ്റിലുണ്ടാവണം. മൊബൈലുപയോഗിക്കാൻ പാടില്ല. ഉച്ചക്കെപ്പോഴെങ്കിലും നോക്കാം. സിസിലി പറഞ്ഞു. ട്രഷറിയിൽനിന്ന് പിഎഫ് ഓഫീസിലേക്ക് ഒരു കിലോമീറ്റർ ദൂരമുണ്ട്. ഓട്ടോ വിളിച്ച് എക്സിബിഷൻ സ്റ്റാളിലെത്തി ഓഫീസ് ടൈമിനു മടങ്ങുക അത്ര എളുപ്പമല്ല.

വണ്ടിയിറങ്ങവെ സിസിലി പറഞ്ഞു. ഞാൻ വിളിയ്ക്കാം.

ട്രഷറിയ്ക്കു മുന്നിലെത്തവെ ഗേറ്റിൽ പലരും തലകുനിച്ചു നിൽക്കുന്നു. എന്തോ പന്തികേടുണ്ട്. അനിത പരിഭ്രമിച്ച് എല്ലാവരേയും നോക്കി.

അസിസ്റ്റന്റ് എസ്.ടി. ഒ വത്സമ്മ അടുത്തേക്കോടി വന്നു. അനിത അറിഞ്ഞില്ല അല്ലെ. മെസ്സേജയച്ചിരുന്നു. നമ്മുടെ എസ്.ടി.ഒ. പോയി. ഇന്നു പുലർച്ചയ്ക്ക്.

മെഡിക്കൽ കോളേജിലാണ്. പന്ത്രണ്ടുമണിയോടെ എത്തും!

അൽപനേരത്തെ മൗനത്തിനു ശേഷം വത്സമ്മ പറഞ്ഞു. അടുത്തുതന്നെയാന്ന്. എങ്കിലും രണ്ടു കിലോമീറ്ററുണ്ട്. എല്ലാവരും വരട്ടെ. ഒത്തുകൂടിയിരുന്ന് പ്ലാൻ ചെയ്യാം.

സ്റ്റാഫ് അംഗങ്ങൾ ഓടി നടന്നു. കറുത്ത ബാഡ്ജുകൾ ധരിച്ചു. ട്രഷറിക്കു മുന്നിൽ കരിങ്കൊടിനാട്ടി. ഒരു ബോഡിൽ എഴുതി വെച്ചു. ട്രഷറി ഓഫീസർ ഉണ്ണി നാരായണന് ആദരാഞ്ജലികൾ. മറ്റൊരു പേപ്പറിൽ മാർക്കർകൊണ്ടെഴുതിവെച്ചു. ട്രഷറി ഇന്ന് അവധിയായിരിക്കും.

സ്റ്റാഫ് സിക്രട്ടറി എല്ലാവരേയും വിളിച്ചു. കൂടിയിരുന്ന് അനുശോചനം രേഖപ്പെടുത്തി. വീട്ടിൽപോയി ഡഡ്ബോഡിയിൽ റീത്തുസമർപ്പിച്ച ശേഷമേ പോകാവൂ. ഓഫീസ് ഫോണിൽ നിന്ന് സിസിലിയെ വിളിച്ചു. ഉച്ചക്കുശേഷം, അവളറിങ്ങും ഓഫീസറുടെ ബോഡിയെടുത്താൽ എക്സിബിഷൻഹാളിലെത്താം. അവൾക്കു വഴിപറഞ്ഞു കൊടുത്തു. പന്നിയങ്കര ഫ്ളവർമൂല ആറാമത്തെവീട്.

അനിതേ... നമുക്ക് പന്ത്രണ്ടു വരെ സമയമുണ്ട്. സാറിനെ എടുക്കാൻ രണ്ടുമണിയാകുമത്രെ. നീ വരുന്നോ. നമുക്കൽപം പർച്ചെയ്സ് നോക്കാം. വത്സമ്മ പറഞ്ഞു.

"ചേച്ചീ ഞാനെന്റെ ഫ്രന്റിനോട് രണ്ടുമണിക്കെത്താൻ പറഞ്ഞു.

ഓ! അവരോട് ഒന്നു കൂടി വിളിച്ചോ ഞങ്ങൾ പർച്ചെയ്സ് കഴിഞ്ഞേ പോകുന്നുള്ളുവെന്ന്. വത്സമ്മ ഹാന്റ്ബാഗിൽ നിന്നുമൊബൈലെടുത്ത് നീട്ടി.

ഓഫീസറുടെ വിലക്കു നോക്കാതെ മൊബാൽ ഫോൺ പലരും രഹസ്യമായി കൊണ്ടുവരാറുണ്ട്.

വത്സമ്മ സ്സാറുതന്നെ ഓട്ടോ വിളിച്ചു. എക്സിബിഷൻ സ്റ്റാളിൽ പൂരത്തിന്റെ തിരക്ക്. മാഡം വരണം. അവർ ചിരപരിചിതരെപ്പോലെ വിളിച്ചു.

ഓരോ സ്റ്റേറ്റിന്റേയും സ്റ്റാളുകൾ. തുണികൾക്കുപുറമെ പാദരക്ഷകൾ, ബാഗുകൾ, ഗൃഹോപകരണങ്ങൾ, കരകൗശല വസ്തുക്കൾ..

ഓരോ തിരുവുകളിൽ വെച്ച് സ്റ്റാഫംഗങ്ങളെ ഓരോരുത്തരെയായികണ്ടു മുട്ടി. എല്ലാവരും ചോദിച്ചു. ഒരുമണിക്കെത്തെണ്ടെ.

ആ...

പലരും ശബ്ദിച്ചു സിലക്ഷനിൽ മുഴുകി. പേഴ്സ് കാലിയാകുന്നെന്നോർത്തപ്പോൾ അനിതവാച്ചുനോക്കി. "ചേച്ചീ ഒരുമണി കഴിഞ്ഞു."

അവർ കെട്ടുകളുമായി പുറത്തിറങ്ങി. പന്നിയങ്കരയെത്തുമ്പോൾ ആൾക്കൂട്ടം പിരിയുന്നു. അവർ മുറ്റത്തെത്തി.

"എടുത്തോ? അനിത ചോദിച്ചു. ഓരാൾപറഞ്ഞു. ദാ ഇപ്പൊ എടുത്തേയുള്ളൂ.

സാരമില്ല അനിതേ. നമ്മളെത്തിയല്ലൊ അതുമതി... "തിരികെ സ്റ്റേഷനിലേയ്ക്ക് ഓട്ടോ വിളിക്കവെ പ്യൂൺ അലവിക്കുട്ടി ഓടിയെത്തി.

അനിതാ മാഡം .. വീട്ടിൽനിന്ന് ട്രഷറിക്ക് ഫോൺ വന്നിരുന്നു. അച്ഛനെന്തോ സുഖമില്ലായ്മ.

ഓ.. ഞെട്ടലോടെ ശബ്ദിച്ചു. സ്റ്റേഷനിലെത്തവെ സ്റ്റാർട്ടു ചെയ്യുന്നവണ്ടി. കനമുള്ള സഞ്ചികൾ തൂക്കി പ്പിടിച്ച് മുന്നിൽകണ്ട കംപാർട്ടുമെന്റിൽ കയറി. പട്ടാമ്പി വരെ നിന്നു. താൻ വിയർക്കുന്നില്ലെന്നു തോന്നി. രക്തം കട്ടപിടിച്ചിരിക്കുമോ? നെഞ്ചിടിപ്പിന്ന് ചൂടുകൂടുന്നു, കണ്ണിൽ നിന്ന് ചൂടുള്ള ആവി പറക്കുന്നു.

വണ്ടിയിറങ്ങി പുറത്തു കണ്ട ടാക്സി കാറിനെ മാടിവിളിച്ചു. പരിചയക്കാരനായ അയാൾ ചോദിച്ചു.

ടീച്ചർ ആസ്പത്രീന്നാണോ?

അല്ലാ. എന്താണുണ്ടായത്.?.

മാഷ് അഡ്മിറ്റാണ്. ഞങ്ങള് പോയിരുന്നു.. കുറേപേരുണ്ട്.

അങ്ങോട്ടു പോവാം.

ആസ്പത്രി ലിഫ്റ്റിൽ കയറാതെ സ്റ്റപ്പുകൾ ഓടിക്കയറി. ഡ്രൈവറും കണ്ട പരിചയക്കാരും ഒപ്പമെത്തി. ബന്ധുക്കൾ പലരുമുണ്ട്. മോൾ ഓടിവന്നു.

മമ്മീ.. അച്ചാച്ച

സാരമില്ല മോളേ. ഐസിയുവിലാണ്. ഒന്നും പറയാനാകില്ല. ഇപ്പോൾ കാണാനൊക്കില്ല. ഡോറിന്റെ ഗ്ലാസിലൂടെ നോക്കിക്കോളൂ.

ഐസിയു ഡോറിന്റെ ചതുരൻ ചില്ലിലൂടെ കർട്ടൺ നീക്കിനോക്കി. ഓക്സിജൻ മാസ്ക്കിട്ടിട്ടും നെഞ്ചുയരുകയും താഴുകയും ചെയ്യുന്നു. കൃഷ്ണമണികൾ തനിയ്ക്കു നേരം ഉയരുന്നതായി അനിതക്കു തോന്നി.

അദ്ദേഹം തന്നോട് എന്തോ ചേദിക്കുകയാണ്.

●

**കാർട്ടൂൺ** **രാകേഷ്**


**അതിങ്കലെങ്ങാണ്ടൊരിടത്ത്**





# ആത്മാലാപങ്ങൾ അസ്തമിക്കാത്ത ഇരുപത്തഞ്ചാണ്ടുകൾ

ലേഖനം




മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

ശ്രീ സുകുമാർ കൂർക്കഞ്ചേരിയുടെ
**'ഉച്ചമേയുന്ന കുന്നുകൾ'**
എന്ന നോവലിനെക്കുറിച്ച് ഒരാസ്വാദനം)

**അ**ന്തരിച്ച കഥാകൃത്ത് ടി.വി. കൊച്ചുബാവയുമായുള്ള അഭിമുഖത്തിൽ സമകാലീന കഥകളെ കുറിച്ച് ഉത്കണ്ഠപങ്കുവെക്കുന്നതിനിടയിൽ സാക്ഷാൽ എം.ടി. വാസുദേവൻ നായർ ഒരു കഥയെക്കുറിച്ച് ആധി കൊള്ളുകയുണ്ടായി. അദ്ദേഹത്തിനു പോലും അത്തരമൊരു കഥയെഴുതാൻ കഴിയാഞ്ഞതിൽ! ആ കഥാകൃത്ത് മറ്റാരുമായിരുന്നില്ല. ശ്രീ സുകുമാർ കൂർക്കഞ്ചേരി. ഇരുപത്തിഞ്ചുവർഷം മുമ്പാണ് അദ്ദേഹത്തിന്റെ ഉച്ചമേയുന്ന കുന്നുകൾ എന്ന നോവലിന് ഈ ലേഖകൻ ഒരാസ്വാദനം പ്രസിദ്ധീകരിച്ചത്. ഇപ്പോൾ ഉച്ചമേയുന്ന കുന്നുകൾ രജതജൂബിലി വർഷമായി പുനഃപ്രസിദ്ധീകരിക്കുമ്പോൾ ആസ്വാദനത്തിനും പ്രത്യേക പ്രസക്തിതോന്നുന്നതു കൊണ്ടാണ് ഈ ലേഖനം.

'നിവാസികൾ' എന്ന പേരിലായിരുന്നു, നോവൽ ദേശാഭിമാനിവാരികയിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ പുസ്തക രൂപത്തിലേക്ക് മാറിയപ്പോൾ തലക്കെട്ട് കുറച്ചുകൂടി ദാർശനികമാനം ഉൾകൊണ്ടതായി തോന്നി-ഉച്ചമേയുന്ന കുന്നുകൾ-ഈ നോവലിന്റെ ആന്തരിക തലത്തിലെ ആത്മീയതലവും ഉപരിതലത്തിലെ ഭാഷയുടെ പ്രയോഗവും തമ്മിലുള്ള ഇഴയടുപ്പം പുതിയ വായനയ്ക്ക് പ്രേരിപ്പിക്കപ്പെടുകയുണ്ടായി പലപ്പോഴും ഒ.വി. വിജയന്റെ ഖഡാക്ക് പിറവിയുടെ വ്യാഴവട്ടക്കാലം ആസ്വാദകരെ വിജൃംഭിപ്പിച്ചിരുന്ന നാളുകളിലായിരുന്ന തുകൊണ്ടാകാം, ഈ നോവലിനു വേണ്ടത്ര നിരൂപണങ്ങളില്ലാതെ പോയത്. എന്നാ ൽശൈലിയിലും മറ്റും ഏറെ സമാനതകൾ ഉണ്ടായിരുന്നുതാനും.

ഇരുട്ടിന്റെ തിരകൾ മുറിച്ച് മുനിഞ്ഞ് കത്തുന്ന പ്രകാശരേണുക്കൾ മയൂഖമാലകളായി കുന്നുകൾക്ക് മുകളിൽ വിരിഞ്ഞുവരുന്നു. ഉച്ച. ഉച്ചിയിലെ തീ കാറ്റു വീഴുന്ന കുന്നുകളിലും പിന്നെ അവയുടെ താഴ്വാരങ്ങളിലും ചിതറിക്കിടക്കുന്ന കരിയിലകൾ. ഇതിഹാസസമാനമായ ജീവിതത്തിന്റെ സന്ദിഗ്ധാവസ്ഥകൾ പ്രലോഭിപ്പിക്കപ്പെടുന്ന ഗ്രാമങ്ങളുടെ നടുവിൽ സ്നേഹത്തിന്റെ മുഗ്ധമായവശ്യതകളിലേക്ക് അറിയാതെ വന്നുപെട്ട ഒരുകൂട്ടം മനുഷ്യർ. ഇഞ്ചയും പുല്ലും മുളങ്കാടും ചുറ്റി വളഞ്ഞുകിട



ക്കുന്നു.

മുളങ്കുന്നിലെ മുത്തിയമ്പലം (ഇപ്പോഴവിടം റിസോർട്ടുകളായിട്ടുണ്ടാവാം.) മുത്തിയമ്പലത്തിനു ചുറ്റുമായി ചിതറിക്കിടക്കുന്ന മൺകുടിലുകൾ. പാട്ടവിളക്കും പാത്രങ്ങളും നിർമ്മിക്കുന്ന കുഞ്ഞാമൻ. അയാളുടെ മകൻ ഗോവിന്ദൻ അവന്റെ മുത്താച്ചി. അവന്റെ അച്ഛൻ പെങ്ങൾ കാളിപ്പെണ്ണ്. കൗമാരം പിന്നിട്ട് യൗവ്വനത്തിലേക്ക് ദൃഷ്ടി പെട്ട മനസ്സിൽ പനിനീർമഴപ്പെയ്യിക്കാനെത്തിയ കുഞ്ഞാമന്റെ സഹായി കായ ബലമുള്ള നീലാണ്ടൻ (പെട്ടെന്ന് ഭരതൻ ചിത്രത്തിന്റെ ദൃശ്യ ബോധത്തിലേക്ക് കൂട്ടി പ്പോവുന്നു.) നീലാണ്ടന്റെയും കാളിപെണ്ണിന്റെയും മനസ്സിന്റെ അടുപ്പം. ഗോവിന്ദൻ വളർന്നപ്പോൾ അവനു കിട്ടിയ കൂട്ടുകാരി സരസു, ഇവരുടെ ജീവിതവൈചിത്ര്യങ്ങളുടെ കഥയാണ്. ഹൃദയാവർജ്ജകമായി ഉച്ചമേയുന്ന കുന്നുകൾ തുറന്നിടുന്നത്.

ആധുനിക നോവൽ രചനയിലെ പുത്തൻ സങ്കേതങ്ങളോടെ, ത്രില്ലുകളോ, ഡികൺസ്ട്രക്ഷൻ രീതികളൊന്നുമില്ലാതെ സമ്യക്കായ ജീവിത രീതിയുടെ സംപുഷ്ടമായ ആഖ്യാനമാണ് ഈ നോവൽ. അദ്ധ്വാനിക്കുന്ന മനുഷ്യന്റെ മാനസിക സംഘർഷങ്ങൾ വരച്ചു കാട്ടാൻ നോവലിസ്റ്റ് ഉപയോഗിച്ച ശൈലിയാവട്ടെ ജീവിത ഗന്ധിയായ അവരുടെ തനതു ഭാഷയാണ്. ഈ കുന്നുകളിൽ തളച്ചിടപ്പെട്ട ജീവിതങ്ങളിലെ സാമൂഹിക സത്യങ്ങൾ വരച്ചുകാട്ടി അതിന്റെ സൂക്ഷ്മാംശങ്ങൾ ഇതൾ വിടർത്തിക്കാണിക്കുന്നതിൽ നോവലിസ്റ്റിന്റെ കരവിരുത് പ്രശംസാർഹമാണ് എന്നാൽ അപരിചിത മേഖലകളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നുമില്ല. അസത്യാത്മകതയിൽ നിന്നും സത്യാത്മകതയിലേക്കു ചൂണ്ടുപലകയായി ആത്മാവിൽ കുടിയേറിയിരിക്കുന്ന നൊമ്പരങ്ങളുടെ ചീളുകൾ തറഞ്ഞിരിക്കുന്നത് കാണിച്ചുതരികയാണ് ചെയ്യുന്നത്. ഐഹികമായ ഒരർത്ഥതലം അറിയാതെപോലും വന്നെത്തപ്പെടുന്നു. എന്നാൽ ഐറണിയുടെ അതി ഭാവുകത്വമൊട്ട് സ്വീകരിക്കുന്നില്ല. തികച്ചും നൂതന മെന്നൊന്നും അവകാശപ്പെട്ടുകൂടെങ്കിലും സത്യസന്ധമായൊരു കഥപറച്ചിൽ രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. ആത്മാവിൽ അഗ്നി കോരിയിട്ട് വിറയൽ മാറ്റാനിരിക്കുന്ന ചിന്തയിലൂന്നിയ വഴിപോക്കന്റെ ഹൃദയ വികാരത്തിലല്ല കഥാപാത്രങ്ങൾ ചരിക്കുന്നതെന്നവിശ്വാസമാണ് നോവലിസ്റ്റിനുള്ളത്. അത് ജീവിത വീക്ഷണത്തിന്റെ പരിച്ഛേദമാകാനിടയുണ്ട്.

പേക്കുന്നും തീക്കുന്നും മേക്കുന്നും കൂടിയ മൂങ്കുന്നിലെ മുത്തിയുടെ സങ്കല്പം ദ്രാവിഡ തനിമയുള്ളതാണ്. (കുന്നുകൾ നിരത്തിമറഞ്ഞുപോയെങ്കിലും) കാളിപ്പെണ്ണിന്റെയും ഗോവിന്ദന്റെയും ആത്മാലാപത്തിന്റെ നീറ്റലുകൾ അവരുടെ മാനസികാവസ്ഥകൾ എത്ര ചാരുതയോടെയാണ് നോവലിസ്റ്റ് ഇതൾവിടർത്തി കാണിക്കുന്നത്.

ജെ.എം. ആറ്റ്സിയുടെ 'വെയിറ്റിംഗ് ഫോർ ദ ബാർബേറിയൻസ്' എന്ന നോവലിൽ ഭൂമിയോട് ചെവി ചേർത്തുവെച്ച് സ്പന്ദനങ്ങളിലൂടെ വരവ് തിരിച്ചറിയുന്ന സാന്ദർഭിത സ്വച്ഛതയുടെ ഈണങ്ങൾ അനുഭവിക്കുന്നതുപോലെ കുന്നുകളിലൂടെ മേഞ്ഞുപോകുമ്പോഴും ഈ അനുഭവം വായനക്കാരന് ബോധ്യമാവുമെന്നാണ് ഞാൻ കരുതുന്നത്.

ഗോവിന്ദന്റെ നിഷ്കളങ്കതയും കൃഷ്ണൻകുട്ടിയുടെ തൊണ്ണകാട്ടിയുള്ള ചിരിയും മൂങ്കുന്നിലെ ഉച്ചകളിൽ കരിയിലകൾക്കിടയിൽ ഇഴഞ്ഞു നീങ്ങുന്ന സർപ്പവും ഇല്ലിയരി അടിച്ചുവാരാനെത്തുന്ന യുവതിയായ കാളിപ്പെണ്ണും എല്ലാം ചേർന്ന് ഒരു ലജണ്ടറിയോ മിത്തോ ഒക്കെയായി പരിണമിയ്ക്കുന്നു. കാലത്തിന്റെ ഗഹ്വരതകളിൽ പൗരാണികമായ ഓരോ ആന്തരാംശത്തെ തോടുപൊട്ടി പുറത്താവുന്നതിന്റെ അത്ഭുതക്കാഴ്ചക്കാട്ടിത്തരുന്നു. ഗോവിന്ദന്റെ കഥാപാത്ര സൃഷ്ടിയിൽ അതിതീവ്രമായ മാനുഷിക പരിഗണന നല്കിയതായി കാണാം. കാലൻ കൊക്കയിലോ മൂങ്കുന്നിന്റെ നെറുകയിലോ നിന്ന് കുറുക്കന്മാർ ഓരിയിടുമ്പോഴും (പ്രതീകാത്മക ബിംബവല്ക്കരണം) പാതിര മുടിയഴിച്ചിട്ട് തുള്ളുമ്പോഴും കാളിയമ്മായിയെ കെട്ടിച്ചയക്കാൻ കഴിഞ്ഞില്ലല്ലോ എന്നായിരുന്നു അവന്റെ ദുഃഖം. മറ്റൊരിക്കൽ ഗോവിന്ദനെ അത്ഭുതപ്പെടുത്തുന്ന ഒരു സന്ദർഭമിതാ – "സരസു -വേലു ആട്ടന്റെ മകളോ! എങ്ങനെയാണ യാൾക്കു ഇത്ര നിഷ്കളങ്കയായ ഒരു മകളുണ്ടാവുന്നത്?"

ഒരിക്കൽ സർപ്പത്തിനു നേരെ കവയണയുയർത്തുന്ന ഗോവിന്ദനോട് വിശ്വാസത്തിന്റെ വർദ്ധക ഭാഷയിൽ കാളിപെണ്ണ് ഭയപ്പാടോടെ പറയുന്നതു നോക്കൂ. " എറിയല്ല് കോവിന്ദാ വന്ദിക്ക്" (പാരിസ്ഥിതിക ബോധത്തിന്റെ ആത്മീയാംശം)

സരസുവിന്റെയും ഗോവിന്ദന്റെയും നിശബ്ദാനുരാഗം പോലും ഏതോ ദുരന്ത മുഹൂർത്തങ്ങളുടെ തേങ്ങലിൽ അവസാനിക്കുന്നു. നോവലവസാനിക്കുന്നതും ദുരന്ത സ്ഥിതിയിലാണ്.

"ന്റെ സരസൂ–! അവൻ ഓടിച്ചെന്നു കാൽ കീഴിലെ ഭൂമിയുടെ പുറന്തോട് പൊട്ടിയൊലിച്ച ഉച്ഛ്വാസത്തിന്റെ ഊഷരത ഒപ്പം ചെന്നു. ഉച്ച അപ്പോഴും മൂങ്കുന്നിൽ മേഞ്ഞുകൊണ്ടിരുന്നു. (എന്റെ മനസ്സിനെ ഖഡാക്കിലേക്ക് കൂട്ടിപ്പോവുകയായിരുന്നു.)

ഒടുവിൽ വായനക്കാരന്റെ ഹൃദയത്തിൽ എന്തൊക്കെയോ വിമ്മിട്ടം ഉതിർത്ത് തിരഞ്ഞു നടക്കുന്ന നോവലിസ്റ്റ് ശക്തമായ ആഖ്യാനമാണ് നിർവ്വചിച്ചിരിക്കുന്നതെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. സമൂഹത്തിൽ താണ നിലയിലുള്ള അന്യവല്ക്കരിക്കപ്പെടുന്നവരുടെ മോഹങ്ങളും സ്വപ്നങ്ങളും വിശപ്പും കുനിഷ്ടും കേന്ദ്രീകരിച്ചുകൊണ്ട് ഒടുവിൽ എല്ലാ പിടിയും വിട്ടുപോകുന്ന അവസ്ഥയിലെ അമ്പരപ്പ് സൃഷ്ടിക്കുന്നു.

നോവലിന്റെ ഘടന തന്നെ കൊച്ചു കഥകളുടെ സമാഹാരണം പോലെ തോന്നിപ്പിക്കുമെങ്കിലും ആദിയന്തം സമൂലമായ ആശയം തിരിയിട്ടുനിൽക്കുന്നത് കാണാം. പന്ത്രണ്ട് അദ്ധ്യായങ്ങളിലായി പരിസമാപിക്കുന്ന നോവൽ നീട്ടിപ്പരത്തിപറയാൻ നോവലിസ്റ്റ് ശ്രമിക്കുന്നില്ല. പ്രധാനാംശം ചോർന്നു

പോവാതെ കുരുമുളകു തിരിയിലെന്നവണ്ണം ബന്ധിപ്പിച്ചു നിർത്തുന്നമണികളാണ് കഥാപാത്രങ്ങളധികവും ചിലേടത്തെങ്കിലും എഡിറ്റിംഗിലെ പാകപ്പിഴയെ അതുകൊണ്ട് തന്നെ മറന്നുകളയാം.

ചിത്ര ഭാഷയുടെ നൂതന സങ്കേതമായ കൊളാഷുകൾ സ്വസ്ഥാനങ്ങൾ വിട്ട് കഥാപാത്രങ്ങൾ ചിലപ്പോൾ സഞ്ചരിക്കുന്നത് കാണാം. ഒരുപക്ഷേ നോവലിസ്റ്റ് ശിഥില മാനസിക വികാരങ്ങൾ ശിഥില ചിത്രണത്തിന്റെ ആഖ്യാനത്തിലൂടെ കഥാപാത്രങ്ങളെ അത്തരത്തിൽ ഉപയോഗിച്ചതാവാം. എന്തായാലും ലളിത വായനയ്ക്കുവേണ്ടി ഉണ്ടാക്കിയെടുക്കുന്ന ഒരു പഴമൊഴിക്കഥയായിട്ടല്ലെ നോവലിനെ രൂപപ്പെടുത്തിയിരിക്കുന്നത്. മലയാളത്തിലെ അത്യാധുനിക നോവലിന്റെ മുഖമുദ്രയായി, ലോക സാഹിത്യത്തിൽ തന്നെ ഗണനീയമെന്നത് ഞാൻ കരുതുന്ന ഖസാക്കിന്റെ ഇതിഹാസം പോലെ അത്രയ്ക്കല്ലെങ്കിലും എന്നെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഇവിടെ കുന്നുകളിൽ നോക്കുമ്പോൾ - അസ്തിത്വവാദത്തിൽനിന്നും അദ്ധ്വാനത്തിന്റെ ലോകത്ത് അസ്വസ്ഥമാകുന്ന മനുഷ്യരുടെ ആത്മാലാപങ്ങളുടെയും സ്നേഹത്തിലലിഞ്ഞ സ്വപ്ന സന്ദർശനങ്ങളും പൊള്ളുന്ന പരമാർത്ഥം ആവുകതന്നെയാണിവിടെ. ഈ കുന്നുകൾ ഇപ്പോഴും ഉച്ചമേഞ്ഞ് കിടക്കുന്നു. പൊള്ളുന്ന വെയിൽ കാനൽ ജലം കാത്ത് അത് അവിടെ നോവലിസ്റ്റ് അവസാനിപ്പിക്കുന്നു. ആത്മാവിന്റെ നൊമ്പരങ്ങൾ ഇന്നും ഉച്ചമേയുന്ന കുന്നുകളിലൂണ്ടെന്ന് (കാൽ നൂറ്റാണ്ടിനിടെ വർദ്ധിച്ചിരിക്കാം) ഓർമ്മപ്പെടുത്തുകയാണ്.

മലയാളത്തിന് ഒരു നല്ല നോവലിന്റെ പുനഃപ്രസിദ്ധീകരണത്തിലൂടെ പുതിയവായനയുടെ തെളിഞ്ഞ ആകാശം കുന്നുകൾക്ക് അപ്പുറം കാണാനുള്ള വെമ്പലോടെ നടന്നു കയറുകയാണ് (ജീവബിന്ദു ചിതയ്ക്കപ്പുറം ചക്രവാളത്തിനപ്പുറം യാത്ര തുടർന്നത് ഓർമ്മിപ്പിച്ചു കൊണ്ട്) ●



കവിത

## പുതിയ നാട്ടിൻപുറം

മുണ്ട്യാടി ദാമോദരൻ

പുഴയൊഴുകുവാൻ
വഴിയില്ലാത്തേടം
വകതിരിവിന്നു
മതിരില്ലാത്തേടം
ഇടങ്ങളിൽ വടം
പതിയിരിക്കുന്ന
പുതിയ കാലത്തെ-
യകറ്റാത്തൊരിടം
പെരുവഴിപൊരി
ഞ്ഞിരിക്കെ കാരണം
നടയിടയ്ക്കിടെ
അടഞ്ഞിരിയ്ക്കുന്നു.
മുടുക്കുകൾ മുഷി-
ഞ്ഞിരിയ്ക്കുന്നു സ്ഥിരം
നടന്നു പോകുവാൻ
വരവില്ലായ്കയാൽ
വരും വരമെന്നു
നിനച്ചിരുന്നവർ
നിനച്ചിരിയ്ക്കാതെ
തനിച്ചുപോയ്ച്ചിലർ
ഇല വിരിയ്ക്കാതെ
മരമായ്പ്പോയതുപോൽ
വെറുതെയങ്ങനെ
വിലപിയ്ക്കുന്നേരം
നനഞ്ഞ തൂവാല
പിടിച്ചു നീട്ടുന്നു.
ണ്ടൊരിറ്റുകണ്ണീരും
കിനിഞ്ഞു കാണായ്‌വാൻ
ചിരിയ്ക്കുവാൻ മറ-
ന്നിരിയ്ക്കുന്നോർക്കൊക്കെ
മരിയ്ക്കുവാനിന്നും
മറയിരിക്കുന്നു.



# സന്ധ്യയോട്


കവിത




നിൽക്കെന്റെ സന്ധ്യേ !
ധൃതി വെച്ചു നീങ്ങാതെ സന്ധ്യേ
തകൃതിയിൽ പിരിയാതെ സന്ധ്യേ
ഹേ! സന്ധ്യേ.... നീ ചൊൽക-
ഈ വാക്കിനുത്തരം.
സന്ധ്യേ............. നിൻ മുഖത്തെന്തേ-
യൊരാങ്കലാപ്പങ്കനം?
പകലിന്റെ ശവ മഞ്ചം
കാക്കാനരുതായ്കയോ?
പകലിന്റെ വേർപടിൽ
കരയാനരുതായ്കയോ?
എൻ-കൊച്ചുസന്ധ്യേ...!
ഹോ, സന്ധ്യേ
ഒട്ടുനിൽക്കെന്റെ സന്ധ്യേ
ധൃതി വിട്ടു നിൽക്കെന്റെ സന്ധ്യേ...
രാത്രിയാം പുത്രി നിൻ അന്തരാത്മാവിന്റെ
നൊമ്പരം കണ്ടമ്പരന്നു
നിൽക്കുന്നു-നിൻ സവിധത്തിൽ.
ഉറ്റു നോക്കുന്നു നിൻ അധരത്തിൽ
കെട്ടിപ്പിടിച്ചുകൊണ്ടവ്യക്തമേനി
ക്കൊരു കൊച്ചുചുംബനം കിട്ടാൻ
പൊട്ടിക്കരഞ്ഞുനിൻ - ഓമൽ കിടാവെൻ
മടിയിൽ തളർന്നിരിയ്ക്കുന്നു.
നിൽക്കെന്റെ സന്ധ്യേ!
ധൃതിവിട്ടു നിൽക്കെന്റെ സന്ധ്യേ
ധൃതിവെച്ചു പോകാതെ സന്ധ്യേ.
പുത്രിതൻ ചാരത്തിരിക്കെന്റെ സന്ധ്യേ!
അമ്മിഞ്ഞപ്പാലു കൊടുക്കെന്റെ സന്ധ്യേ!
നിൽക്കെന്റെ സന്ധ്യേ
എൻ വാക്കിനുത്തര
മേകെന്റെ സന്ധ്യേ
നിൽക്കെന്റെ സന്ധ്യേ!

വി.പി. ദേവി
കൊളത്തറ

## ലേഖനം



# പാർശ്വ ഫലങ്ങൾ



**മനോജ്**

ആത്മാവിന്റെയും തിരിച്ചറിവിന്റെയും ഉൾക്കണ്ണുകൾ വർത്തമാന കാലത്തിന്റെ നീതി രീതികളെ എപ്പോഴും നിഷേധിക്കുന്നു. അത് സാമ്പ്രദായിക ധാരകളെ ധിക്കരിച്ച് മനുഷ്യത്വത്തിലേക്ക് കൂടുതൽ അടുക്കുന്നു. വ്യക്തിയിൽനിന്ന് ഉയരുന്ന മാനുഷികാവബോധത്തിന് നിഷേധത്തിന്റെ മാത്രമല്ല ചരിത്ര സ്പർശവുമുണ്ട്. തളക്കൂട്ടുകളെ നിഷേധിക്കുക, പുത്തൻ സമീപനങ്ങളെ കണ്ടെത്തുക ഇവ ആത്മജ്ഞാനത്തിന്റെ പ്രാവർത്തിക തലമാണ്. വ്യക്തിയുടെ തിരിച്ചറിവുകളാണ് സമൂഹത്തിന്റെ മാറ്റം വെയ്പ്പിന് നിദാനം. ശൂന്യ സ്ഥലികളിൽ നിന്ന് ഒന്നും ഉണ്ടാകാത്തതുപോലെ ചിന്തയുടെ തരിശുകളിൽനിന്ന് പ്രകാശം പുറപ്പെടുന്നില്ല. എല്ലാം ഇണക്കു കണ്ണികളായി തുടരുകയാണ്.

ആവശ്യങ്ങളുടെ നിവർത്തനങ്ങളാണ് ശാസ്ത്രത്തിന്റെയും സാങ്കേതികതയുടേയും അടിത്തറ. സംശയങ്ങളുടെയും ചോദ്യാവലികളുടെയും വൈയക്തിക അന്വേഷണമാണ് ദാർശനികത. ശാസ്ത്രത്തിന്റെ ആത്മഭാവങ്ങൾ തന്നെയാണ് ദാർശനികതയുടെ ഉൾപിടിച്ചിലും. എന്ത്? എന്തിന്? എന്നീ ചോദ്യങ്ങൾക്ക് ശരിയത്തുരം കണ്ടെത്തുക വംശാവലിയുടെ ഒടുക്കത്തോളം വരെ നീളുന്ന ആകുലതയാണ്.

ചോദ്യങ്ങളുടെയും സംശയങ്ങളുടെയും ഭാരക്കെട്ടുകളെ ത്യജിക്കുമ്പോൾ വർത്തമാനകാല സാമ്പ്രദായികതയിലേക്ക് ഓരോരുത്തരും ഉൾവലിയുന്നു. ധിക്കാരത്തിന്റെ മാനുഷിക തലങ്ങൾ സ്വാർത്ഥ ഭാരത്തോടെകനം വെയ്ക്കുന്നു. ജീവിക്കുക അതതു നിമിഷങ്ങളിലെ അടക്കിപ്പിടിക്കലായി തീരുമ്പോൾ അടിമത്തത്തിന്റെകണ്ണുകൾദയാരഹിതമായി ഇടപഴകുന്നു. മാറ്റം വെയ്ക്കലുകൾ തളം കെട്ടി കെട്ടുനാറി പരിസരശുദ്ധിപോലും ഇല്ലാതാക്കുന്നു.

മനുഷ്യന്റെ വിധി നിശ്ചയങ്ങൾ ദൈവത്തിന്റെ വരദാനമാകേണ്ടതല്ല.അത് കൂട്ടായ്മയുടെയുംവ്യക്തിയുടെ തിരിച്ചറിവിന്റെയും പ്രാവർത്തിക നിലപാടുകളാണ് മനുഷ്യൻ സ്വയം വിശേഷിപ്പിക്കപ്പെടുന്ന വാക് അർത്ഥ തലത്തിനപ്പുറത്തേക്ക് വികസിക്കുന്നത് മനുഷ്യത്വത്തിന്റെ പരിപൂർണ്ണതയാലാണ്. മനുഷ്യത്വമാകട്ടെ വ്യക്തികളിലെ ലീനമായ ആത്മഭാവമാണ്. ഭരണ കൂടങ്ങളും സ്ഥാപനങ്ങളും തീർച്ചയായും അവയുടെ ക്രമനിയമങ്ങളെയാണ് പാലിക്കുക. മാറ്റം വെയ്ക്കലുകളില്ലാത്ത ബോധ പ്രവാഹങ്ങളെ വ്യക്തികൾക്കുമാത്രമേ തിരുത്തി എടുക്കാനാകൂ.

വർത്തമാന കാലത്തിന്റെ ദുരന്ത പാഠങ്ങൾ വ്യക്തികളെ നിരന്തരം ബലി പിണ്ഡമാക്കുന്നു. ചൈതന്യങ്ങളുടെ അഭാവം വസ്തുലഹരിയാകുന്നതിലൂടെ കൂട്ടിക്കിഴിക്കലുകളുടെ സംഖ്യാബലമാണ് നടപ്പിൽ വരുക. അവകാശ ബോധനത്തിന്റെ സുഖസമൃദ്ധികൾ പങ്കുവെയ്പിന്റെ കർമ്മ ബാദ്ധ്യതകളെ ഉൾക്കൊള്ളാറില്ല. ഐക്യത്യത്തിന്റെ ദാർഢ്യഭാവങ്ങളെല്ലാം സ്വാർത്ഥ സമീക്ഷകളിലേക്കാണ് നീങ്ങുന്നത്. നിലപാടുകളുടെയും ശരിക്കാഴ്ചകളുടെയും അഭാവം മനുഷ്യവംശ ദുരന്തമായി തീരുകയാണ്. ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒഴിഞ്ഞുമാറലുകളെ ചോദ്യം ചെയ്യുകതന്നെ വേണം. പക്ഷേ ചോദ്യം ചെയ്യുന്നവന്റെ അർഹതയേയും ചോദ്യം ചെയ്യുക തന്നെ വേണം.

പാഠ്യഗ്രന്ഥങ്ങളുടെയും ദാർശനികഭാരത്തിന്റെയും പിൻബലമില്ലാതെ നേർമുഖങ്ങളോടെ തിരിച്ചറിവിനെ സ്വീകരിക്കാനാകൂ. സൈദ്ധാന്തിക പ്രാവർത്തിക തലങ്ങളുടെ കൂട്ടായ്മ തീർച്ചയായും മാറ്റത്തിന് നിദാനമാണ്. ചിന്തയുടെയും കർമ്മത്തിന്റെയും വേറിടലുകൾ പൗരാണിക മതബോധനത്തിന്റെ രഹസ്യാത്മകതയാണ്. കൊല്ലുന്നവന്റെ മാനുഷികതയിൽ നിന്ന് ഉയരുന്ന സ്വാർത്ഥഭരിതമായ നിലപാടുകളെ തിരിച്ചറിയുക തന്നെ വേണം. ചിന്തയുടെയും ജീവിതത്തിന്റെയും സമഭാവന ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കാനും വൈയക്തിക ശുദ്ധി പാലിക്കാനും ആരെയും നിർബന്ധിക്കും. മറ്റുള്ളവരുടെ കണ്ടെത്തുലകളെ സ്വീകരിക്കുമ്പോഴും സ്വയം തേടിപ്പിക്കാൻ സന്നദ്ധനാകണം. ഉള്ളതുകളെ കൂട്ടിപ്പിക്കുന്നവർക്ക് വിട്ടൊഴിയാനുള്ള മനോഭാവം ഉണ്ടാകണം. മനസ്സാണ് ജീവിതമെന്ന നിലപാടുകളിലെ മാനുഷികതയാണ് മാറ്റം വെയ്ക്കലുകളെന്നും തിരിച്ചറിയണം. വ്യക്തി ശുദ്ധി നിഷേധഭാവമോ ആഭാസ ചിത്രമേ അല്ല. ചിന്തയുടെയും കർമ്മത്തിന്റേയും ഏകമുഖഭാവങ്ങളെ കൊണ്ടു നടക്കുന്നവർക്ക് വിശുദ്ധി പാലിച്ചേ പറ്റൂ. കാപട്യങ്ങളുടെ കളമെഴുത്തുകൾ എപ്പോഴും വാക്ധോരണിയോടെയാണ് വെളിപ്പെടുത്തുക. അടക്കിപ്പിടിക്കലുകളുടെ ശാസ്ത്രങ്ങളിലെ മാനുഷികത വ്യാജസന്ദേശങ്ങളാണ്.

തിരിച്ചറിവിന്റെ രഹസ്യാത്മകതയിലേക്ക് പ്രവേശിക്കുമ്പോൾ വൈയക്തിക ശുദ്ധിയും ആന്തരികതയുമാണ് പ്രസക്തമാകുന്നത്. കേൾവിപ്പാടുകളേയും പഠന മുഖത്തേയും ഉൾക്കൊണ്ട് കനപ്പുകളെ ഇട്ടെറിയുമ്പോൾ വ്യക്തി ശരിയായ നിലപാടുകളിലേക്കാണ് പ്രവേശിക്കുന്നത്. ചിന്തയുടേയും കർമ്മത്തിന്റെയും സമാസമങ്ങളെ ഏറ്റെടുക്കുന്നവർ ജീവിതത്തിൽ സ്വയം ദുരിതപ്പാടുകളെ സ്വീകരിക്കുകയാണ്. തഥാഗതന്റെ വിശുദ്ധി ഗ്രാമ പദങ്ങളിലേക്കുള്ള കാൽവെപ്പുകളാണ്. ധൈഷ്ണിക മാലിന്യങ്ങളില്ലാതെ ഉയർന്ന കാരുണ്യാംശങ്ങൾ മാനുഷികതയുടെ പരിപൂർണ്ണതയാണ്. നിഷേധത്തിന്റെ ധിക്കാരങ്ങളെല്ലാം മാനുഷികതലത്തിലേക്ക് വികസിച്ച് കൂട്ടം ചേരുന്നു. അത് ഉദ്ബോധന വചനമാകാതെ ക്രിയാതലമായി വികസിക്കുന്നു.

ഉച്ചരിയ്ക്കപ്പെടുന്ന വാക്കുകൾ ബൗദ്ധിക വ്യായാമങ്ങളാകരുത്. എഴുതപ്പെടുന്നവയെല്ലാം ചരിത്രത്തിലേക്കുള്ള നടപ്പുകളാകണം. ചിന്തയുടെയും ജീവിതത്തിന്റേയും വേറിടലുകളിൽ നിന്ന് നിലപാടുകളിലേക്ക് എത്തിച്ചേരുക മലമറിക്കൽ തന്നെയാണ്. ●

# വലിയ മനുഷ്യരും, ചെറിയ കാര്യങ്ങളും



പൂനൂർ കെ. കരുണാകരൻ

**ഓർമ്മകളും സർവ്വീസ് അനുഭവങ്ങളും**




**ലേഖനം**

**ഔ**ചിത്യം എന്ന ഗുണ വിശേഷത്തെ അനാവശ്യമായ ഒരാർഭാടമായി നിസ്സാരവൽക്കരിയ്ക്കാനുള്ള പ്രവണത നമ്മുടെ നാട്ടിലെ വലിയ മനുഷ്യർക്കിടയിൽ അനുദിനം വളർന്നു വരുന്നുണ്ടോ? വ്യക്തി ജീവിതത്തിൽ പൊതുവേദിയിൽ, സമൂഹ മദ്ധ്യത്തിൽ എന്തിനു ഭരണ സംവിധാനത്തിൽ വരെ പ്രകടിപ്പിയ്ക്കപ്പെടുന്ന ഔചിത്യ ലംഘനങ്ങളുടെ വലുപ്പവും പെരുപ്പവും കാണുമ്പോൾ, അങ്ങിനെയൊരു നിഗമനത്തിലെത്താൻ ഏറെ പ്രയാസപ്പെടേണ്ടിവരുമെന്നു തോന്നുന്നില്ല. നിഘണ്ടുക്കൾ "ഉചിതമായ ഭാവം" "യോഗ്യത്" എന്നൊക്കെ അർത്ഥം കല്പിക്കുന്ന ഈ മലയാള പദത്തിനു ഇന്നു സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യ ശോഷണം തീർത്തും പരിതാപകരമത്രെ. പെരുമാറ്റത്തിലെ സാംസ്കാരിക സൗന്ദര്യത്തിനു ശൈഥില്യം സംഭവിയ്ക്കുന്നത് നമ്മുടെ സാമൂഹ്യ, സാഹിത്യ രാഷ്ട്രീയ രംഗത്തെ അതികായന്മാരിൽനിന്നോ, അവരുടെ പിന്തുടർച്ചക്കാരിൽനിന്നോ ആവുമ്പോൾ അതിന്റെ അപഹാസ്യതയുടെ ആഴം വല്ലാതെ വർദ്ധിയ്ക്കുന്നു. നമ്മുടെയൊക്കെ ജീവിത പരിസരത്ത് ഒന്നു കണ്ണോടിയക്കുക. ഉദാഹരണങ്ങൾക്ക് പഞ്ഞമുണ്ടാകില്ല.

ഒരു സംഭവം ഓർമ്മവരുന്നു. കുറെ വർഷങ്ങൾക്കുമുമ്പാണ്. കേരള രാഷ്ട്രീയത്തിന്റെ ഓർമ്മ പുസ്തകത്തിൽ മാത്രം ഇപ്പോൾ പേര് കാണാൻ കഴിഞ്ഞേക്കാവുന്ന, രാഷ്ട്രീയ ചരിത്രം മറവിയിലേയ്ക്ക് എന്നോ മാറ്റിക്കഴിഞ്ഞ വളരെ പഴയ ഒരു രാഷ്ട്രീയ കക്ഷിയുടെ മന്ത്രി സംസ്ഥാന ആരോഗ്യ വകുപ്പു ഭരിയ്ക്കുന്ന കാലം. മന്ത്രി ഒരു സുപ്രഭാതത്തിൽ കോഴിക്കോട്ടെ സർക്കാർ മനോരോഗാശുപത്രി സന്ദർശിക്കാൻ പരിപാടിയിടുന്നു. ഗെയിറ്റിൽ വെച്ചു തന്നെ വിനീത വിധേയരായ ഉദ്യോഗസ്ഥവൃന്ദം മന്ത്രിയെ ഉപചാരപൂർവ്വം സ്വീകരിച്ചു. കൂടെ അനുഗമിക്കുന്ന അനുചരപ്പടയേയും യഥാവിധി വണങ്ങി.

ഏക്കറുകളിൽ വ്യാപിച്ചു കിടക്കുന്നതാണ് അസ്പത്രി വാർഡുകളും പരിസരങ്ങളും. മന്ത്രി ഓരോന്നും ചോദിച്ചറിഞ്ഞുകൊണ്ട് പതുക്കെ മുന്നോട്ടുനീങ്ങി. മുന്നിൽ ഇരുമ്പഴികൾ ഉറപ്പിച്ച ഒറ്റമുറികളിലും ബ്ലോക്കുകളിലുമായി നിരവധി മനോരോഗികൾ ചിരിയ്ക്കുകയും കരയുകയും മുദ്രാവാക്യം വിളിയ്ക്കുകയും ബഹളം വെയ്ക്കുകയും മറ്റും ചെയ്യുന്നവർ. മനസ്സിന്റെയും ചിന്തയുടെയും പിൻബലമില്ലാത്ത അവരുടെ പെരുമാറ്റങ്ങളും സംഭാഷണങ്ങളും കണ്ടും കേട്ടും ആഹ്ലാദിച്ചും. അനുചരന്മാർ പിറകെ. പുരുഷന്മാരായ രോഗികളുടെ വാർഡുകൾ ചുറ്റി

നടന്നു കണ്ടശേഷം മന്ത്രി പതുക്കെ വനിതാ വാർഡിലേയ്ക്ക് തിരിഞ്ഞു. യുവതികളും വൃദ്ധകളുമടക്കം ചിത്ത വൃത്തികളുടെ താളം പിഴച്ചു പോയ നിർഭാഗ്യവതികളുടെ സങ്കേതമാണ്. ഭരണാധികാരികളോ ഉന്നത ഉദ്യോഗ സ്ഥന്മാരോ അതു പോലെയുള്ള ഉത്തരവാദപ്പെട്ടവരോ ഒഴികെ മറ്റു പുരുഷ സന്ദർശകരെ സാധാരണ നിലയിൽ സ്ത്രീകളുടെ വാർഡിൽ പ്രവേശിപ്പിയ്ക്കാറില്ല. അത്യാവശ്യ കാര്യങ്ങളുണ്ടെങ്കിൽ മാത്രമെ പുരുഷ ജീവനക്കാർ പോലും ഈ വാർഡിൽ കടക്കാറുള്ളൂ. മന്ത്രിയുടെ പിറകിൽ ഇരച്ചുകയറി വരുന്ന ആൾക്കൂട്ടത്തെ കണ്ടു., അമ്പരന്നു പോയ ആശുപപത്രി അധികൃതർ, ഗെയിറ്റിൽവെച്ചു തന്നെ വളരെ വിനയപൂർവ്വം ഈ വിവരം അദ്ദേഹ ത്തെ ഉണർത്തിച്ചു. സത്യം പറയണ മല്ലോ ദുർബലമായ ഒരു നോട്ടം വഴിയും, 'അരുത്' എന്ന അർത്ഥ ത്തിൽ കയ്യുയർത്തിയും അദ്ദേഹം തന്റെ അനുയായികളെ വിലക്കാൻ ഒരുപാഴ്ശ്രമം നടത്തി നോക്കി. ആരു ശദ്ധിയ്ക്കാൻ! പല രൂപത്തിലും വേഷത്തിലും ഭാവത്തിലും കഴിയുന്ന നിർഭാഗ്യവതികളായ മനോ രോഗികളുടെ മുന്നിലൂടെ, ആഹ്ലാ ദാരവങ്ങൾമുഴക്കി ക്കൊണ്ടു അവർ വനിതാ വാർഡിലും പരന്നൊഴുകി.

ഇത് ഒരു ചെറിയ സംഭവമാ യിരിയ്ക്കാം. എന്നാൽ ഒറ്റപ്പെട്ടതല്ല. അന്നു ആ മന്ത്രിയുടെ കണ്ണുകളിൽ കണ്ട നിസ്സഹായതയും ദയനീയ ഭാവവും ഒരു നല്ല നർമ്മ സ്മൃതിയ ായി മനസ്സിൽ ഇപ്പോഴും മായാതെ നില്ക്കുന്നു.

സർവ്വ സാധാരണമായി നാം കണ്ടുവരുന്ന ഒര നാട്ടുനടപ്പു കൂടി ഇവിടെ ഓർമ്മിക്കാം. രാജവാഴ്ച ക്കാലത്തെ ചടങ്ങിൽനിന്ന് ജനാധി പത്യം കടം കൊണ്ട മറ്റൊരു സംവി ധാനമാണല്ലോ, താലപ്പൊലിയോടെ ഭരണാധികാരികളെ സ്വീകരിച്ചാ നയിക്കൽ. ഇന്നു ഈ ചടങ്ങ് പഴയതു പോലെ എന്നു പറഞ്ഞുകൂട. കൊച്ചു മുഖങ്ങളിൽ പൗഡർ പൂശി മുടിയിൽ പൂചൂടി, വാലിട്ടു കണ്ണെഴുതി, കൈകളിലെ താലങ്ങളിൽ പൂക്കളും ദീപനാളങ്ങളുമായി പൊരിവെയി ലിൽ വരിവരിയായി കാത്തുനിൽ മുന്ന പിഞ്ചു കുഞ്ഞുങ്ങളുടെ തളർ ന്നു മുഖങ്ങൾ ഇത്തരം ആഘോഷ വേളകളിലെ 'കണ്ണു നിറയ്ക്കുന്ന' കാഴ്ചകളിലൊന്നാണ്. കണ്ണു നിറയു ന്നത് ചടങ്ങിന്റെ പൊലിമ കൊണ്ട ല്ല. മറിച്ച് നിഷ്കളങ്ക ബാല്യങ്ങൾ നേരിടുന്ന ദുരിതങ്ങൾ കണ്ടറിയു ന്നതു കൊണ്ടാണെന്നു മാത്രം. പത്തുമണിയ്ക്ക് വരാമെന്നേൽക്കുന്ന വിശിഷ്ടാഥിതിയെ ക്കാത്ത് രണ്ടു മണി കഴിഞ്ഞുമുള്ള കാത്തിരിപ്പിനെ ദൈവം വിധിച്ച ഭാഗ്യദോഷങ്ങളിൽ ഒന്നായി ഏറ്റുവാങ്ങുവാൻ കേരളീ യർ എന്നേ പഠിച്ചുകഴിഞ്ഞിരിയ് ക്കുന്നു! വഴിക്കണ്ണുമായികാത്തു നില്ക്കുന്ന ചെറിയ മനുഷ്യരുടെ സമയത്തിനും വിലയുണ്ട് എന്ന് ഒരു നിമിഷം ചിന്തിയ്ക്കാനുള്ള വലിയ മനുഷ്യരുടെ മറവിയേയും, മനസ്സാ നാം അംഗീകരിച്ചുകഴിഞ്ഞിരി യ്ക്കുന്നു. സാമൂഹികവും, ഔദ്യോഗി കവുമായ ഇവരുടെ വലിയ കാര്യ ങ്ങൾക്കിടയിൽ ഇത്തരം ചെറിയ കാര്യങ്ങൾ ചിലപ്പോൾ പരിഗണി യ്ക്കപ്പെടാതെ പോയതാവാം എന്നു വിശ്വസിയ്ക്കുനന്നവരും ആശ്വസി യ്ക്കുന്നവരും ഉണ്ടാവാം. എന്നാൽ ചെറിയ മനുഷ്യർക്ക് അവരുടെ ചെറിയ കാര്യങ്ങൾ തന്നെയാണല്ലോ വലുത്. ഈ ചെറിയ കാര്യങ്ങളിൽ പ്രതീക്ഷയ്ക്കപ്പെടുന്ന സാന്ത്വന സ്പർശമാണ് സാധാരണക്കാരായ എളിയ മനുഷ്യരുടെ പ്രയാണപഥ ങ്ങളിലെ പാഥേയം. ഈ വഴിച്ചോറ് നഷ്ടപ്പെടുമ്പോൾ തളർന്നു പോവു ന്നത് വ്യക്തിയല്ല സമൂഹമാണെന്നും നമ്മുടെ വിശിഷ്ട വ്യക്തികൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. ●



കോഴിക്കോട് മാവൂർറോഡിലെ സിറ്റി ടവറിൽ പ്രവർത്തനമാരംഭിച്ച പി.കെ. ഇലക്ടിക്കൽസ് കോഴിക്കോട് ഡപ്യൂട്ടിമേയർ പി.ടി. അബ്ദുൾ ലത്തീഫ് ഉദ്ഘാടനം ചെയ്യുന്നു. മാനേജിംഗ് പാർട്ണർ സി. ഷൈജു സമീപം

# വടക്കൻ പാട്ടുകളിലെ ഒരു വില്ലൻ ഗാഥ

**മൺമറഞ്ഞ കെ. പി. ഉമ്മർ എന്ന അതുല്യ സിനിമാ നടന്റെ 10 –ാം ചരമ വാർഷിക ദിനം**
**2011 ഒക്ടോബർ 29 ശനിയാഴ്ച**

**സ്വ: ലേഖകൻ**



കെപി. ഉമ്മർ എന്ന അതുല്യ നടന്റെ അഭിനയ കഴിവുകൾ കൊടുമുടിയിലെത്തിയത് വടക്കൻ പാട്ടുകളിലെ വില്ലൻ കഥാപാത്രങ്ങൾ അഭ്രപാളികളിലെത്തിയ കാലഘട്ടങ്ങളിലാണ്.

തുമ്പോലാർച്ചയും, തച്ചോളി മരുമകൻ ചന്തുവും, കടത്തനാട്ടുമാക്കവും പോലുള്ള നിരവധി വടക്കൻപാട്ടുകഥാ സിനിമകളിൽ മലയാളത്തിലെ നിത്യവസന്തം പ്രേംനസീറിന്റെ പ്രതിനായകനായി മലയാള സിനിമാ പ്രേക്ഷകരെ ഹരം കൊള്ളിച്ച മൺമറഞ്ഞ കെ.പി.ഉമ്മർ എന്ന കോഴിക്കോടുകാരൻ സിനിമാ നടനെ കോഴിക്കോട്ടുകാരായി ജനിച്ച സിനിമാ പ്രവർത്തകർപോലും പിന്നീട് ഓർക്കാതിരിക്കുന്നതിൽ അനൗചിത്യമില്ലേ എന്ന് പഴയകാല സിനിമാ പ്രേക്ഷകർ ചിന്തിക്കുന്നതിൽ തെറ്റുപറയാനാവുമോ? മറക്കാനാവുമോ ഈ കഥാ പാത്രങ്ങളെ!






തമാശകളെ ജീവിതഭാഗമാക്കി സിനിമകൾ രൂപംകൊണ്ട കാലഘട്ടങ്ങളിൽ ഹരിഹരനെപോലുള്ള മലയാളത്തിലെ മികച്ച സംവിധായകരുടെ സിനിമകളിൽ കെ.പി. ഉമ്മർ തന്റെ കോമഡിയൻ അഭിനയപാടവത്താൽ പ്രക്ഷകരുടെ മനസിൽ ഇടം പിടിക്കുകയുണ്ടായി എക്കാലത്തേയും കോമഡി ഹിറ്റ് മലയാള സിനിമകളായ കോളേജ് ഗേളിലും മറ്റും കെെ.പി.ഉമ്മർ കോമഡിയൻ റോളിൽ തിളക്കമാർന്ന അഭിനയമാണ് കാഴ്ചവെച്ചത്.

നിരവധി മലയാള സിനിമകളിൽ പ്രേക്ഷകന് അറപ്പും വെറുപ്പും ഉളവാക്കുന്ന സാമൂഹിക ദ്രോഹി കഥാപാത്രങ്ങളായും രാജ്യ ദ്രോഹിയായും, കെ.പി. ഉമ്മർ തന്റെ അഭിനയ സാന്നിദ്ധ്യം കുറിച്ചു. പ്രതിനായകാനായി അഭിനയിച്ച അദ്ദേഹത്തിന്റെ സിനിമകളിൽ എടുത്തുപറയത്തക്ക ഒരു സിനിമയായിരുന്നു മയിലാടുംകുന്ന് അഭിനയിച്ച സിനിമകളെല്ലാം വിജയിക്കുന്ന തിന് കെ.പി. ഉമ്മർ എന്ന അതുല്യ നടന്റെ സംഭാവന നിസ്തുലമായി അക്കാലങ്ങളിൽ സിനിമാ ലോകം ഗണിക്കുകയുണ്ടായി.

മലയാള സിനിമകളിൽ കെ.പി.ഉമ്മർ പലവിധ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടെങ്കിലും സ്വഭാവനടനായി അറിയപ്പെടാനായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ എക്കാലവും ആഗ്രഹം.

മൺമറഞ്ഞ മലയാള സിനിമ അഭിനയ പ്രതിഭയ്ക്ക് പ്രേക്ഷകരുടെ ആദരം.



# ഭൂമി ദാനം ചെയ്യുവിൻ

(പേജ് 10ൽ നിന്നും തുടർച്ച)

എന്റെ തൊട്ടുമുന്നിലായി നടന്ന രാമൻ മാസ്റ്റർ ചോദിച്ചു.

"നിനക്ക് വൈദ്യശാലയിലിരുന്ന ആളെ മനസിലായോ?"

"ഇല്ല" ഞാൻ പറഞ്ഞു.

"നിനക്ക് പത്മ പ്രഭാ ഗൗണ്ടറെ മനസ്സിലായില്ലേ? സോഷില്യസിറ്റ് പാർട്ടിയുടെപ്രവാഹം വാരികയുടെ-സ്വന്തം ആളാണ്. വയനാട്ടിൽ..." ജാഥയംഗങ്ങളുടെ പാട്ടുകൾ ഉച്ചത്തിൽ മുഴങ്ങിയിരുന്നതിനാൽ അന്നേരം വിശദമായൊന്നും ഞാൻ ചോദിച്ചറിയുവാൻ തുനിഞ്ഞില്ല. ഉച്ചഭക്ഷണം തിരുവങ്ങൂരിലെ ഒരു വീട്ടിൽനിന്നായിരുന്നു. ഭക്ഷണ ശേഷം ആ വീടിന്റെ വരാന്തയിൽ അല്പനേരം മയക്കം. എന്റെ മനസ്സിലന്നേരം എന്തുകൊണ്ടോ ചില ചിന്തകൾ ചൂടാവി പരതി പൊങ്ങുന്നുണ്ടായിരുന്നു. ഏതോ ഒരപരിചതന്റെ വീട്ടുകോലായയിൽ ചമ്രം പടിഞ്ഞിരുന്ന് മുന്നിൽ വിളമ്പിയ ഇലയിലെ ചോറും കറിയും വാരിയുണ്ണും മുമ്പ് ജാഥാ ക്യാപ്റ്റൻ കണ്ണടച്ച് ധ്യാനിയ്ക്കുന്ന . "ഓം സഹനോ ഭുവതൂ

അംഗങ്ങളെല്ലാവരും ഏറ്റുചൊല്ലുന്നു. ധ്യാനശേഷം ഇലയിലെ വിഭവങ്ങൾ കൂട്ടിക്കഴിച്ച് സ്വാദോടെ വാരിയുണ്ണുന്നു. ഇത് വിധം ഒരു ചിട്ടയുടെ. ചൊൽമുറയുടെ ചട്ടക്കൂട് എനിക്കില്ലാതെ പോയതെന്ത്? ഉച്ചയൂണിനു അ നേരത്ത് ഒരുവൻ വന്നെത്തിയില്ലെങ്കിൽ അവൻ എവിടെയെന്നന്നേഷണം? ഇല്ല; അങ്ങിനെ ഒരു സ്നേഹാന്വേഷണം ഇല്ലല്ലോ. ഒറ്റപ്പെട്ടവന്റെ അനാഥത്വം എന്നെ എവിടെയാണെത്തിക്കുക! ഉച്ചമയക്കം കഴിഞ്ഞ് ജാഥാംഗങ്ങൾ വീണ്ടും പുറപ്പെടാൻ തയ്യാറെടുത്ത് തുണി സഞ്ചി കക്ഷത്തിൽ തൂക്കിയിറങ്ങുമ്പോൾ രാമൻ മാസ്റ്റർ തമാശമട്ടിൽ ചോദിയ്ക്കുന്നു.

താൻ ഏത് ദുനിയാവിലാണെടോ? കണ്ണു തുറന്നു വച്ചാണോ തന്റെ പകലുറക്കം.

ഭൂമിദാനകാഹളവും മുഴക്കി സർവ്വോദയ പ്രവർത്തകന്മാരുടെ കാൽനട ജാഥമുന്നേറി. പറമ്പുകൾക്കിരുപ്പുറത്തുമുള്ള ഉയർന്ന തിണ്ടിന്റെ അതിരുകളിൽ വീട്ടു പെണ്ണുങ്ങളും കുട്ടികളും ജാഥ കണ്ട ആസ്വദിക്കാൻ നിരന്നു നില്ക്കുന്നു. സന്ധ്യയിരുട്ടുന്നതിനല്പം മുമ്പ് കോരപ്പുഴയുടെ കൈവഴിയൊഴുകുന്ന കുനിയക്കടവിൽ എത്തി. സ്വീകരണത്തിനായി ഏർപ്പാടു ചെയ്തവർ ജാഥാംഗങ്ങൾക്ക് കടത്തു തോണിയും ഒരുക്കിയിട്ടുണ്ട്. നീന്തലറിയാത്തവൻ ഞാൻ മാത്രമാണ്. ഖദറുടുപ്പ് നനയാതെ തോണിയിൽ കയറി. വിശാലമായ പുഴയിലൂടെ തോണി അല്പവും ചാഞ്ചാടാതെ തുഴഞ്ഞ് മറുകരയെത്തി. മറുകരയിൽ അത്തോളിയങ്ങാടിയിലാണ് പ്രാർത്ഥനാ യോഗം. അവിടെ ജാഥയെ സ്വീകരിക്കാനെത്തിയവരിൽ വെളുത്ത സുമുഖനായ ഒരു ചെറുപ്പക്കാരൻ. ധരിച്ച ഖദർ വസ്ത്രത്തിന്റെ വെൺമയും തിളക്കവും അതേ പ്രകാരത്തിൽ ഏറ്റുവാങ്ങിയ ശരീരം. അത്തോളി പോസ്റ്റോഫീസിൽ താല്ക്കാലിക ജോലിച്ചെയ്യുന്ന യുവാവ്. ഞങ്ങൾ പരിചയപ്പെട്ടു. പുതിയങ്ങാടിക്കാരനായ സാദിരിക്കോയ. ഞങ്ങൾക്കെല്ലാം രാത്രി താമസത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്ത് ചുറുടുറുക്കോടെ.. അത്തോളിയിലെ പ്രാർത്ഥനാ യോഗത്തോടെ അന്നത്തെ യാത്രയവസാനിക്കുന്നു. അപരിചിതമായ ഒരിടത്ത് വിശ്രമസങ്കേതം. നീളേ വിരിച്ച പുൽപ്പായയിൽ നിരനിരയായി രാത്രി ശയനം. വീണ്ടും യാത്രക്കൊരുങ്ങിയിറങ്ങാൻ വേണ്ടി അപായശങ്കയശേഷവുമില്ലാതെ ഒന്നിച്ചുറക്കം. അന്ന് രാത്രിയാഹാരത്തിന്ന് സാദിരിക്കോയ ഏർപ്പാടു ചെയ്ത വീട്ടിൽ ഞങ്ങൾ ഇലയിട്ടിരുന്നുപ്പോൾ വിഭവങ്ങൾക്ക് മുന്നിൽ ജാഥാ ക്യാപ്റ്റൻ വീണ്ടും ധ്യാനമന്ത്രങ്ങൾ ഉരുവിടുന്നു. ഞങ്ങൾ അതാവർത്തിയ്ക്കുന്നു.

അങ്ങിനെ കൊയിലാണ്ടി ഫർക്കയിലൂടെ പതിനഞ്ചു ദിനരാത്രങ്ങൾ. ഭൂദാനകാഹളം മുഴക്കി ഗ്രാമത്തിലെ ഊടുവഴിയിലൂടെയും മലയടിവാരങ്ങളിലൂടെയും ചെങ്കൽപ്പാതകളിലൂടെയും ശുഭ്രമനസ്കരായ മനുഷ്യരുടെ ഹൃദയങ്ങളിലൂടെയും ഒരു യാത്ര. എത്ര വർഷങ്ങൾക്ക് മുമ്പായിരുന്നു!. അന്നത്തെ ജാഥാംഗങ്ങൾ ആരെല്ലാമായിരുന്നു. ●

നിങ്ങളെ ഞങ്ങൾ കോടീശ്വരനാക്കും

**ശ്രീ ലക്ഷ്മി ഏജൻസി**

വികാസ് ബിൽഡിംഗ്, ലിങ്ക്റോഡ്, കോഴിക്കോട്– 2

**9846668989, 9447338017**



മൊത്തമായും ചില്ലറയായും വിൽക്കുന്നു.

**MOB: 9447275499**
**9847764634**


# MARUTI
## VEHICLES CENTRE

AUTHORISED SERVICE

**Pottammal P.O., Kuthiravattom,**
**Calicut - 673 016, Phone: 2721532**




**സി.എം.എസ് ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ**




അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ– 9388412430



ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ് വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്




സി. എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ , ഫോൺ: 3299956

**ഭാർഗ്ഗവി മെറ്റൽ ഇൻഡസ്ട്രിയൽസ്**

കാട്ടുകുളങ്ങര

നെല്ലിക്കോട്, കാലിക്കറ്റ് – 673016

**9645350320, 9037435288**





റോളിംഗ് ഷട്ടർ, കൊളാപ്സിബിൾ ഗെയ്റ്റ്സ്, മെറ്റൽഡോർസ്, ഗ്രിൽസ്, കോമ്പൗണ്ട് ഗെയ്റ്റ്സ്, വിൻഡോസ്, റോളിംഗ് ഗ്രിൽസ്, മറ്റ് എല്ലാ ഫാബ്രിക്കേഷൻ മെറ്റീരിയലുകൾ

സി. എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ , ഫോൺ: 3299956

## കാർട്ടൂൺ



ഗിരീഷ് മൂഴിപ്പാടം






അനേകായിരങ്ങൾക്ക് നടുവേദനയിൽനിന്നും പൂർണ്ണമുക്തി നൽകിയ
40 ത്പരം വർഷങ്ങളുടെ വിശ്വാസ്യതയുമായി...

Ph: 0495 6572557, 9747534747

ESTED: 1967

ശ്രീചക്ര

CVN

ആയുർവ്വേദിക് ഹോസ്പിറ്റൽ തൊണ്ടയാട്

- ★ ഞങ്ങളുടെ മാത്രമായ പ്രത്യേക ഗ്രന്ഥത്തിൽനിന്നും തയ്യാറാക്കുന്ന മരുന്നുകൾ
- ★ ഞങ്ങളുടെ മാത്രമായ പ്രത്യേക ചികിത്സാരീതി
- ★ സ്ത്രീകൾക്ക് പ്രത്യേക ചികിത്സാസൗകര്യം



നടുവേദനയോ?....

Shreechakra
The Ayurvedic Backpain Clinic
P.C. MURALEEDHARAN GURUKKALS
CVN THE AYURVEDIC SPECIALITY BACK PAIN HOSPITAL


BACK PAIN SPECIALITY HOSPITAL
Near Old G.L.P School, T.P. Sankaran Road, Nellikode
Tel: +91 04956572557, +91 9747534747

Dr. K.T. Mohamood
MSc.Herbal, BHMS, MAMS,MBA

Dr. V. Balakrishnan
DAM Govt. Medical Officer (Rtd.)

Muraleedharan Gurukkal
Director, sreechakra

Short Story




# A new rich man

C.K. RAGHAVAN PUTHOOR

This event had occurred during pre-independence era. Andy is an I.C.S. Officer in his mid fifty. He is a very honest and sincere person. He had been living here with his wife and son in a suburb of Calicut town. Recently his son left for Britain to pursue his higher studies. His mother had also accompanied him to Europe. Andy decided to continue here till the end of his tenure as an I.C.S. Officer. In his wife's absence Andy was in need of a servant for performing his household works like washing, cleaning, sweeping etc. Andy is such a person who firmly believed that "Labour is a dignity". Cooking of food was being carried out by he himself. Chandu is a Senior basic school teacher aged 57 years. He is a close friend of Andy. So Andy approached him to arrange a good house servant. He explained about qualifications and qualities the" servant should have". Hearing Andy the name of a young man Ambu had surfaced on the mind of Chandu master. Ambu is a basic school drop out as well as the son his close friend Kelu. Ambu's house was situated very near to Andy's bungalow. Chandu master replied that he would bring a suitable candidate for the job in two weeks time. Master met Ambu at his house next day. For about ten days Master conducted some tuition classes aimed at improving English language skills of Ambu. Master and Ambu appeared before Andy one morning. Now Andy started interviewing Ambu.

Henry :- What is your name?

Ambu :- Ambu.




"Are you ready to work here as a house servant honestly and sincerely"

"Yes".

"Have you any habits like consuming too much alcohol, telling lies etc."

"No".

"So you should be present here at 8" Clock in the morning every day and you could leave by 6" Clock in the evening after your work". "Every Sunday is a holiday for you".

"All right Sir".

From next day Ambu started his work in Andy's bungalow. Ambu delivered his duties with utmost care and dedication. Andy was so much impressed over Ambu's manners and hard working nature. Now four months have passed off. Andy wanted to travel to Britain and stay with family for some time. He wished to hand over the charge of his house to Ambu. But a question had loomed upon Andy's mind. "Whether Ambu is fully trustworthy?" So Andy took a decision to conduct a test on Ambu. Andy was about to leave home for work one morning. He informed Ambu that his 500 rupees had been lost some days ago. He added "I do believe that the money might have been lost during my train journey. He instructed Ambu to search the house in a bid to locate lost money". Ambu replied "Sir I shall

try at my best to trace out the money". He continued "The result I will write in a paper and put it on the big table standing at the dining room". Andy left home. He used to return home after work by 7" clock in the evening. Then Ambu tried to find out the lost money elsewhere in the house. He opened and examined all the shelves, tables and boxes which were inside the home. But all his attempts ended in vain. He did not succeed to trace out the money any where inside the house. Now he was about to start his usual work washing clothes. He noticed a trouser hanged on the wall behind the big shelf. Really he had forgotten two days ago to take it for washing. Now he took the trouser in his hands. On each and every occasion when any dress is taken for washing, he would examine its pockets to see whether there was any thing valuable left behind. This time also he checked the trouser's pockets. Now his eyes rubbed with wonder; he saw five numbers of one hundred notes inside the hip pocket of trouser. This is the first time in his life; he met with this much of money at a time. He had an appeal to own that huge money. This is a universal phenomenon as far as a common man like him is concerned. Then five hundred rupees meant more than fifty thousand rupees now. But now he is not in a position to take away the money. Had Andy remembered the exact spot where the money actually was being remained, Ambu could be under suspicion. To avoid such situation he opted a strategy to wait and watch the reaction from Andy for some days. He took an old book which contains more than one thousand pages. It is an old Malayalam book. Really Andy did know to read Malayalam. This book is seen provided with hard paper covers. Both sides' covers had been neatly wrapped. He opened the wrapper on the front cover of the book and put all the five bank notes on the front cover of the book. Again he provided the wrapper over the front cover as previously. Seemingly no one could assume that five bank notes are being hidden between the front cover of the book and wrapper. Now Ambu took a full sheet paper in his hand and wrote a sentence in it. He kept the paper upon the table in the dining room. Then he turned the book upside down. Now he placed the book above oneside of the paper just like a paper weight. Ambu anticipated that Andy would read his sentence and confirm that his money was lost somewhere outside the home. If so Ambu could own the money some time later. Otherwise Andy would remember the spot where the money he actually had kept. If things go that way still I will be able to manage that situation. Ambu thought.


In the evening Andy returned and read the bold lettered sentence written by Ambu. Now Andy appeared furious with Ambu. He informed Chandu Master about this incident.

On the next day Ambu reached at Andy's bungalow in the morning. He entered into the house. It seemed that Andy and Chandu master were engaged in a serious talk. At the sight Ambu, Chandu Master asked unpleasantly!" Why did you take away the money from Andy's pocket?". Only now Ambu knew this was a trap formulated by Andy. Any way he maintained a studied silence for a while without giving any answer to this question by words but he moved swiftly towards the table. Holding the book which was on the table, he unfolded the wrapper of the book, he took out all the one hundred rupees Reserve Bank of India notes in a telling fashion like a magician. By watching Ambu's action both Andy and Master appeared to be excited and wondered. Andy now had a laugh with joy. He came forward and hugged Ambu. He expressed his regret." My boy please excuse me for miscalculating you". Meanwhile Master asked "Why you had written this "Rupees 500 is nowhere?" on hearing Master's querry Ambu replied "you know I am not so proficient in English". "I meant it Rs.500 is now-0here".

Ambu breathed a sigh of relief since he was able to get off the hook successfully. This particular event paved the way for strengthening further the relation between Andy and Ambu. After Some weeks Andy went abroad and spent one month with his family. During Andy's absence Ambu had looked after the bungalow and its land very efficiently. Andy returned from Britain. Now Andy is highly satisfied with Ambu's dedication and integrity at carrying out his duties on every occasion.

Days, months, years have passed away. Now Ambu appears to be a friend and younger brother to Andy while Andy was a mentor to Ambu. Now it is the time for Andy to leave India permanently, on completion of his stint as an Officer in Indian Civil Service. Andy was a single child of a very rich land lord in England. So he is uninterested in selling property here, which included a bungalow with its land, extent of 3 acres and tea garden in Wayanad which measures more than 50 acres. Now Andy had arrived in an important conclusion, as far as Ambu's life is concerned it was more important since Andy's decision had far reaching effects on Ambu's future. Andy gave all the properties to Ambu which he possessed in Malabar freely as reward for his service as a servant in Andy's house. After some months Andy left this country. Neither Ambu nor any one in that locality in their wildest imagination would have thought this happening. Now Ambu is a rich man. People in that place started to name him a new rich man.

We know that gold with some impurity is more useful than its purest form. This fact really does sicken my thinking. ■


OUR Ladies PARK
THE DRESS DESIGNERS & MAKERS
Room No.14, Ist Floor,
Moffussil Busstand Building,
Mavoor Road, Kozhikode - 673 004.
Ph : 0495 6410571
ബ്ലൗസ്, ചുരിദാർ / മണിക്കൂറിനുള്ളിൽ തയ്ച്ചുകൊടുക്കുന്നു.


എല്ലാവിധ ഇൻഡസ്ട്രിയൽ
ജോലികൾക്കും സമീപിക്കുക
ശാരദ
ഇൻഡസ്ട്രിയൽസ്
കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070


Prestige
SMART KITCHEN
NAJEEB PARMAL
Managing Partner
Phone: 0495 - 4040321
Mob: 9349111321
Prestige
KitchEn BoutiQue
Door No. 8/27B, Convent Road,
Near Tagore Hall, Calicut 673 032
E-mail: complikitch@gmail.com
TOTAL SOLUTION FOR KITCHEN


K.P.Sunilkumar
Mob: 9847390950
Ph: 0495-2702073
Yes Key Electricals &
Engineering Works
Puthiyapalam



ESTEEM
FRIENDS
SPRAY PAINTING WORKS
Malaparamba, Kozhikode - 673009
Ph: 9495411642


LENSMAN VINOD ROHINI
PHOTOGRAPHY
ROHINI Fotofast
Raj building, Near KSRTC,
Mavoor Road, Calicut
Ph:(0495) 2725896, Resi:2381190
Mob.9847 44 58 96, 9744 95 58 96
Branch:
EAST HILL JUNCTION,
KOZHIKODE-5. Ph: 2385369
PORTFOLIO - MODELLING -
INDUSTRIAL -

കഥ

# സൂര്യ കിരണങ്ങൾ

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



**അമ്മ**യാണേ! മരിച്ചുപോയ ഗുരു കാരണവന്മാരാണേ! ഈ വലിയ കോഴിക്കൽ തറവാടിന്റെ മുറ്റത്ത് തുളസിത്തറയിൽ കത്തിനിൽക്കും കടുംതിരിയാണേ സത്യം! ഞാനീ തറവാട് കുളം തോണ്ടും.

ഇത് സത്യം... സത്യം... സത്യം... സൂര്യനെ ചുറ്റിയുള്ള ഭൂമിയുടെ ഭ്രമണത്തിൽ ചിലപ്പോഴെല്ലാം സംഭവിക്കുന്ന പ്രതിഭാസം പോലെ കലിതുള്ളി നിന്നിരുന്ന രവിവർമ്മതമ്പുരാൻ മുറ്റം ചവുട്ടിയരച്ച് ഒരു മദയാനയെപ്പോലെ കൊടുംക്കാറ്റിന്റെ വേഗതയിൽ തറവാടിന്റെ പടിയിറങ്ങി പുറത്തേക്ക് നടന്നു.

തറവാടിന്റെ പൂമുഖത്ത് നനഞ്ഞ പഴന്തുണി കെട്ടുപോലെ, വിളറിവെളുത്ത് ഒരു ശിലാപ്രതിമപോലെ ചുരുണ്ടു കൂടി നിൽക്കുകയാണ് അനന്തവിക്രമരാജ വലിയതമ്പുരാൻ.

ഏതോ ഒരു ഉൾപ്രേരണ എന്നവണ്ണം അപ്പോൾ തമ്പുരാന്റെ കണ്ണുകൾ ചുമരിലെ ക്ലോക്കിൽ പതിഞ്ഞു. സമയം എട്ടുമണിയായി. ഗൗരീശ്വരി ഇനിയും എത്തിയിട്ടില്ല. എല്ലാ ശനിയാഴ്ചയും അവൾ എഴുമണിക്കു മുമ്പേ വീട്ടിൽ എത്തുന്നതാണ്! ദൈവമേ? ഇന്നെന്തേ? രവിവർമ്മയെങ്ങാനം?....

കർക്കിടമാസത്തിൽ ഇളകിമറിയുന്ന കടല് പോലെ തമ്പുരാന്റെ മനസ്സ് അസ്വസ്ഥമാകുകയാണ്. തമ്പുരാൻ അകത്തേക്ക് കയറി മേശപ്പുറത്ത് ഇരിക്കുന്ന മുറുക്കാൻ ചെല്ലമെടുത്തു പുറത്തേക്ക് നടന്നു.

മുറ്റത്തെ തുളസി തറക്കടുത്ത് കോൺക്രീറ്റിൽ തീർത്ത കസേരയിൽ പോയിരുന്നു. മുറുക്കാൻ ചെല്ലത്തിൽ നിന്ന് ഒരു വെറ്റില എടുത്തു. ചുണ്ണാമ്പു തേച്ച് പാക്ക് വെട്ടി വെറ്റിലയിൽ വെച്ചു. പുകയിലയും ചേർത്ത് കുശാലായൊന്നു നാലും കൂട്ടി മുറുക്കി.

ഇപ്പോൾ മനസ്സിനെന്തോ ഒരു ഉണർവ് വന്നതുപോലെ. തമ്പുരാൻ പൂമുഖത്തേക്ക് കയറി രണ്ടു ചാൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. മനസ്സിനെന്തോ സ്വസ്ഥത കിട്ടുന്നില്ല. തലച്ചോറ് ഏതു നിമിഷവും പൊട്ടിതെറിക്കുവാൻ ലാവാപ്രവാഹം കൊണ്ട് തിളച്ചുമറിയുകയണ് ഒരഗ്നിപർവ്വതം പോലെ.

ലക്ഷ്മീ... ലക്ഷ്മീ....

വീണ്ടും ഒരു ചാൽ കൂടി നടന്നശേഷം തമ്പുരാൻ അകത്തേക്ക് നോക്കി ഭാര്യയെ വിളിച്ചു.

ലക്ഷ്മീ തമ്പുരാട്ടി അടുക്കളയിലിരുന്ന് ഉച്ച ഊണിനുള്ള കറിക്കു ചേരുവ ഒരുക്കുകയാണ്. ഭർത്താവിന്റെ വിളികേട്ടപാടെ ലക്ഷ്മി തമ്പുരാട്ടി അടുക്കളയിൽ നിന്ന് വേഗത്തിൽ പുറത്തേക്കു വന്ന് ഭർതാവിനരുകിൽ നിന്നു.

ഒറ്റനോട്ടത്തിൽ തന്നെ ഭർതാവിന്റെ മുഖഭാവം കണ്ട് ലക്ഷ്മി തമ്പുരാട്ടിയുടെ മനസ്സൊന്നു ഇടിഞ്ഞു.

ഒരു ദിവസം കൊണ്ടദ്ദേഹം ആകെ മാറിപ്പോയിരിക്കുന്നു. സദാനക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്ന അദ്ദേഹത്തിന്റെ കണ്ണുകൾ ഇന്നെന്തോ കുഴിയിലേക്ക് ആണ്ടുപോയിരിക്കുന്നു.

ഒരിക്കലും വറ്റാത്ത ആ പുഞ്ചിരി ഇന്നെന്തേ ആ മുഖത്ത് കാണുന്നില്ല?

ദൈവമേ അദ്ദേഹത്തിനൊന്നും വരുത്തരുതേ. അവർ കൈകൂപ്പി മനസ്സിൽ സകല ദൈവങ്ങളേയും വിളിച്ചു.

തിങ്കളാഴ്ച രാവിലെ കോളേജിലേക്ക് പോകുമ്പോൾ ഗൗരീശ്വരി എന്തെങ്കിലും പറഞ്ഞിരുന്നോ ലക്ഷ്മീ?

ആഴം കൂടിയ നരിമടയിൽ നിന്നു വരുന്ന കാടപ്രാവിന്റെ ശബ്ദത്തിന്റെ പ്രതിധ്വനി പോലെ തമ്പുരാന്റെ ശബ്ദം ചിലമ്പിച്ചിരുന്നു. രവിവർമ്മ പറഞ്ഞത് നീയും കേട്ടല്ലോ? അവൻ അവളുടെ മുറച്ചെറുക്കനാണ്. തമ്പുരാന്റെ കണ്ണിൽ കണ്ണുനീർതുള്ളികൾ ഉരുണ്ടുകൂടി.

പുറത്തേക്ക് ഒഴുകാൻ വെമ്പുന്ന കണ്ണുനീർ കണ്ട് ലക്ഷ്മിതമ്പുരാട്ടി യുടെ മനസ്സൊന്നു പിടഞ്ഞു.

ദൈവമേ. എങ്ങനെയാണ് അദ്ദേ ഹത്തോടതൊന്നു പറയുക.

ഗൗരീശ്വരി രവിവർമ്മയെ വേൾ ക്കില്ലെന്ന് പറഞ്ഞാൽ രവിവർമ്മയോ ടദ്ദേഹം എന്തു പറയും?

ഞാൻ ചോദിച്ചത് നീ കേൾക്കു ന്നില്ലേ? അവൾ നിന്നോടെന്തെ ങ്കിലും പറഞ്ഞിരുന്നോ? തമ്പുരാന്റെ ശബ്ദം കനത്തു.

ഉം... ലക്ഷ്മിതമ്പുരാട്ടി തല കുനിച്ച് മെല്ലെയൊന്ന് മൂളി. അദ്ദേഹ ത്തിന്റെ മുഖത്ത് മുമ്പെങ്ങും ഇങ്ങ നെയൊരുഭാവം കണ്ടതായി ഓർക്കു ന്നില്ല. എന്തു പറഞ്ഞു?

അദ്ദേഹം മറുപടി പറയാതെ തന്നെ വിടുന്ന മട്ടില്ല.

എന്തായാലും പറഞ്ഞേ തീരു. അത് ഇപ്പോൾ തന്നെയാകട്ടെ. തന്റെ ചുണ്ടുകൾ ഇളകുന്നതും നോക്കി അദ്ദേഹം നില്ക്കുകയാണ്.

അവൾക്ക് രവിവർമ്മയെവേൾ ക്കാൻ ഇഷ്ടമില്ലെന്ന്. ലക്ഷ്മി തമ്പു രാട്ടിക്ക് വാക്കുകൾ തൊണ്ടയിൽ തട ഞ്ഞു. എങ്ങിനെയെങ്കിലും അടുക്ക ളയിലേക്ക് രക്ഷപ്പെട്ടാലോ എന്നാ യിരുന്നു തമ്പുരാട്ടിയുടെ ഇപ്പോഴ ത്തെ ചിന്ത.

ഉം. എന്തുകൊണ്ട്? അവന്റെ അച്ഛന്റെ മരണകിടക്കയിരുന്ന് നമ്മ ളെല്ലെ ലക്ഷ്മി അവരെ കൈപിടി ച്ചൊന്നിപ്പിച്ചത്. അന്നു ഗൗരീശ്വരിക്ക് അഞ്ചു വയസ്സായിരുന്നു. രവി വർമ്മക്ക് ഏഴും. നീയതെല്ലാം മറന്നോ ലക്ഷ്മീ. തമ്പുരാന്റെ വാക്കു കളിൽ ഗദ്ഗദം പുരണ്ടു.

അദ്ദേഹം പറഞ്ഞത് നേരാണ്. ലക്ഷ്മി തമ്പുരാട്ടിയോർത്തു. ആ ദിവസം ഇന്നു നടന്നതുപോലെ മന സ്സിൽ പച്ച വിരിച്ചു നിൽക്കുന്നുണ്ട്. അന്ന് രവിവർമ്മയുടെ അച്ഛന്റെ മര ണകിടക്കയിലിരുന്ന് താനാണ് അവരെ കൈപിടിച്ചു ഒന്നിപ്പിച്ചത്. പക്ഷേ... ഗൗരീശ്വരി...

എനിക്ക് ഓർമ്മ വെക്കുന്നതിനു മുൻപ് നിങ്ങൾ ചെയ്ത തെറ്റിനു ഞാൻ പ്രായശ്ചിത്തം ചെയ്യണോ? ആ കള്ള് കുടിയന്റെ ഭാര്യയായി ജീ വിക്കാൻ എനിക്ക് കഴിയില്ല. അവൾ അറുത്ത് മുറിച്ച് പറഞ്ഞതാണ്.

ഒരു കണക്കിന് അവൾ പറഞ്ഞ തിലും കാര്യമുണ്ട്. ജോലി ഒന്നും ഇല്ലാതെ തെക്കോട്ടും വടക്കോട്ടും നടക്കുന്ന ഒരുത്തനെ ഏത് പെൺകു ട്ടിയാണ് ഇന്നത്തെ കാലത്ത് ഭർതാ വായി സങ്കല്പിക്കുക.

'ജോലിയില്ലെങ്കിലും സാരമില്ലായി രുന്നു. പറമ്പിലും പാടത്തും കൃഷി ചെയ്താൽ അവർക്കു സന്തോഷ മായി ജീവിക്കുവാനുള്ള വക ഭൂമി കൊടുക്കും. പക്ഷേ.. അവൻ... സദാ സമയവും ചാരായത്തിന്റേയും കഞ്ചാ വിന്റേയും... ഛെ... അവൾ പറയുന്ന തിലും കാര്യമുണ്ട്. ലക്ഷ്മി തമ്പുരാ ട്ടി, മകളുടെ ഭാഗമൊന്ന് ന്യായീകരി ക്കുവാൻ ശ്രമിച്ചുനോക്കി.

"ഇനി ഗൗരീശ്വരി വല്ലവരേയും കണ്ടുവെച്ചിരിക്കുമോ? ഇന്നത്തെകാ ലമാണ്. ഒന്നും നിശ്ചയിക്കാൻ കഴി യില്ല. ലക്ഷ്മി തമ്പുരാട്ടിയുടെ ചിന്താ മണ്ഡലം ആകെ കുഴഞ്ഞുമറിഞ്ഞു. ഏതായാലും ഗൗരീശ്വരി വരട്ടെ. അവ ളോട് തന്നെ ചോദിക്കാം. 'ലക്ഷ്മി തമ്പുരാട്ടി മനസ്സിലുറപ്പിച്ചു.

നീയെന്താ ഇത്രയധികം ആലോ ചിക്കുന്നത്. രവിവർമ്മയുടെ ശപഥം നീയും കേട്ടതാണല്ലോ? അവനെ നമു ക്കെല്ലാവർക്കും അറിയാം. ഒരു കണ ക്കിനു പറഞ്ഞാൽ അവളെല്ലെ അവനെ ഈ നിലയിലേക്കെത്തിച്ചത്.

ലക്ഷ്മി തമ്പുരാട്ടിയുടെ മുഖം കോപം കൊണ്ടു ചുകന്നു തുടുത്തു. പറയാതിരിക്കാൻ കഴിഞ്ഞില്ല. ഉം... അവള് പറഞ്ഞിട്ടാണോ അവനിങ്ങനെ ഇരുപത്തിനാലു മണിക്കൂറും മദ്ധ്യ സേവയുമായി നാടുമുഴുവൻ ചുറ്റു ന്നത്? ആണുങ്ങളായാൽ കുറ ച്ചൊക്കെ ചുണയും തന്റേടവും വേണം. അതില്ലാഞ്ഞാൽ ഇങ്ങ നൊക്കെ തന്ന്യാ.... നിങ്ങൾക്ക് സഹോദരിയോടുള്ള സ്നേഹത്തിന് എന്റെ മോളെ ബലികൊടുക്കാൻ ഞാൻ സമ്മതിക്കില്ല. ലക്ഷ്മി തമ്പു രാട്ടി നിന്നു കിതച്ചു.

ഹോ... അന്ന് താനീവിവാഹം നട ത്തരുതായിരുന്നു. മരണകിടക്കയിൽ കിടക്കുന്ന രവിവർമ്മയുടെ അച്ഛൻ ഗുപ്തൻ തമ്പുരാന്റെ മടിയിലിരുന്നു കരയുന്ന തന്റെ മകൾ ഗൗരീശ്വരി യുടെ ചിത്രം ലക്ഷ്മിതമ്പുരാട്ടിയുടെ മനസ്സിലേക്ക് ഒരു വെള്ളിടിയായി ഇറ ങ്ങിവന്നു. "രവിവർമ്മയുടെ അച്ഛൻ തെക്കേപ്പാട്ട് വലിയ മനക്കൽ ഗുപ്തൻ തമ്പുരാൻ നാട്ടിലെ ധനാ ഢ്യനായിരുന്നു. തന്റെ ഭർത്താവിന്റെ സഹോദരി പാർവ്വതി തമ്പുരാട്ടിയെ കണ്ട് മോഹിച്ചാണ് ഗുപ്തൻ തമ്പു രൻ തറവാടിന്റെ പടി കയറി വന്ന് വലിയ കാരണവരെ കണ്ട് പെണ്ണു ചോദിച്ചത്. അന്ന് തന്നെ വിവാഹം കഴിച്ച് ഈ തറവാട്ടിലേക്ക് കൊണ്ടു വന്നിട്ടില്ല. ഗുപ്തൻ തമ്പുരാന്റെ ധീരതയെ പറ്റി തറവാട്ടിലെ ല്ലാവരും പൊടിപ്പും തൊങ്ങലും വെച്ച് സംസാരിക്കുന്നത് താനും എത്രയോ തവണ കേട്ടിട്ടുണ്ട്. ഹോ. എന്തൊരു കൂടിചേരലായി രുന്നു അത്. ആലോചിച്ചാൽ തന്നെ നാണമാകും. തമ്പുരാട്ടി യുടെ മനസ്സിൽ അവരുടെ വിവാ ഹകാലത്തെ കുറിച്ച് പറഞ്ഞുകേ ട്ടതായ ഓർമ്മകൾ നുരഞ്ഞുപൊ ന്തി.

**വി**ളഞ്ഞുനിൽക്കുന്ന ചെങ്ക തിർപോലെ സുന്ദരിയായ - നിതം ബത്തിനുതാഴെ മുട്ടോളം നീണ്ടു നിൽക്കുന്ന മുടികളുള്ള പാർവ്വതി ചേച്ചി അന്ന് തറവാട്ടിലെല്ലാവരു ടേയും ഓമനയായിരുന്നു. ചേച്ചി യുടെ പതിനാറാമത്തെ പിറന്നാളിന്റ ന്നാണ് ഗുപ്തൻ തമ്പുരാൻ ആദ്യ മായി പാർവ്വതി ചേച്ചിയെ കാണു ന്നത്.

അന്ന് പ്രഭാതത്തിൽ ചേച്ചി സൂര്യനുദിക്കുന്നതിനു മുൻപ് എഴുന്നേറ്റ് അമ്മയെ വിളിച്ചു ണർത്തി. എണ്ണയും സോപ്പും എടുത്ത് അമ്മയോടൊപ്പം ക്ഷേത്ര കുളത്തിലേക്ക് നടന്നു. ഇരുട്ടു വിട്ടുമാറാത്ത തൊടിയിലെ നടവ ഴിയിലൂടെ കുറച്ചുദൂരം നടന്നാൽ തറവാട്ടുക്ഷേത്രത്തിൽ എത്താം. അക്കാലത്ത് ഇന്നുള്ളതുപോലെ മതിൽ കെട്ടുകളൊന്നുമില്ലപോൽ തറവാട്ടുക്ഷേത്രവളപ്പിന്. ഇടിഞ്ഞു പൊളിഞ്ഞു വീണ മതിൽകെട്ടിന്റെ കൂമ്പാരമായി കുറെയധികം കല്ലു കളായിരുന്നു നിലത്തു മുഴുവൻ പരന്നുകിടന്നിരുന്നത്. കല്ലുകൾക്കി ടയിൽനിന്നും മാളങ്ങളിൽനിന്നും പുറത്തേക്ക് ഇഴഞ്ഞുവന്ന് ഇരതേടി നടക്കുന്ന കുറേയധികം ഇഴജന്തു ക്കളുമുണ്ടായിരുന്നു കോട്ടക്കരികി ലുള്ള കുളത്തിലേക്കുള്ള നടവഴി യിൽ.

ക്ഷേത്രത്തിലപ്പോൾ ഉഷപൂജ ക്കുള്ള ഒരുക്കങ്ങൾ തുടങ്ങികഴി ഞ്ഞിരുന്നു. കത്തുന്ന എണ്ണയു ടേയും കർപ്പൂരത്തിന്റേയും സുഗ ന്ധം നാസാരന്ധ്രങ്ങളിലേക്ക് അടി ച്ചുകയറ്റുന്ന പ്രഭാതത്തിന്റെ കുളിർകാറ്റേറ്റ് ഉറക്കച്ചടവിന്റെ



ക്ഷീണം വിട്ടകന്നതുപോലെ. ചേച്ചി ഉള്ളിൽ ഇരുന്നു ആരോ മന്ത്രിക്കുന്ന അനുസരണയോടെ വേഗതകൂടിയ കാലടികൾ നീട്ടിവെച്ച് അതിവേഗത്തിൽ നടന്നു.

ക്ഷേത്രകുളത്തിനരുകിലെത്തിയപ്പോഴേക്കും ചേച്ചിയുടെ സകല നിയന്ത്രണങ്ങളും വിട്ടിരുന്നു.

തൊട്ടുപിറകിലായി നടന്നുവരുന്ന അമ്മയെ ശ്രദ്ധിക്കാതെ ക്ഷേത്രകുളത്തിന്റെ പടവുകളിറങ്ങി. നീന്തൽ നന്നായി വശമുണ്ടായിരുന്ന ചേച്ചി ഒരു നിമിത്തത്തിന്റെ ഉൾപ്രേരണയെന്നവണ്ണം വെള്ളത്തിലിറങ്ങി ഇക്കരെനിന്നും അക്കരയിലേക്ക് കുതിച്ചു തുഴഞ്ഞു. അക്കാലത്ത് ചേച്ചിയോട് മത്സരിച്ച് ജയിക്കുവാൻ തറവാട്ടിൽ ആരുമുണ്ടായിരുന്നില്ല. നീന്തൽ നന്നായി വശമുണ്ടായിരുന്ന തന്റെ ഭർത്താവിനെപോലും ചേച്ചി പലതവണ നീന്തിതോല്പിച്ചതിന്റെ ധീരകഥകൾ തറവാട്ടിലെല്ലാവരും പറയുന്നത് താനും എത്രയോ തവണ കേട്ടിട്ടുണ്ട്.

അമ്മ കുളത്തിന്റെ കൽപടവുകളിറങ്ങി. കിഴക്കോട്ടു തിരിഞ്ഞു ഏഴുവട്ടം മുങ്ങിപൊങ്ങി. കൽപടവിൽ കത്തിച്ചുവെച്ച നിലവിളക്കെടുക്കാൻ തിരിഞ്ഞതാണ്.

ദൂരെനിന്നും പാർവ്വതിചേച്ചിയുടെ ഉച്ചത്തിലുള്ള നിലവിളികേട്ടാണ് അമ്മ പാർവ്വതിചേച്ചിയെ കുറിച്ച് ഓർത്തത്.

മങ്ങിയ വെളിച്ചത്തിൽ കുളത്തിനു നടുവിൽ കയത്തിലേക്ക് താഴുന്ന ചേച്ചിയെ നോക്കി അമ്മ ഇക്കരെ നിന്ന് ഉറക്കെ നിലവിളിച്ചു.

നിലവിളിയുടെ ശബ്ദം ക്ഷേത്രക്കുളത്തിന്റെ ചുറ്റുമതിലുകളിൽ തട്ടി പ്രതിധ്വനിക്കുന്നതു കേട്ടോ എന്തോ ദൂരെ കുളിച്ചുക്കൊണ്ടിരുന്ന ചെറുപ്പക്കാരൻ കുളത്തിന്നു നടുവിലേക്ക് നീന്തി പോകുന്നതു കണ്ടപ്പോൾ അമ്മയ്ക്കു ഒരുവിധത്തിലാശ്വാസമായതുപോലെ പിന്നീടാ രോദനം നേർത്തുനേർത്തു വരുന്നുണ്ടായിരുന്നു.

ചെറുപ്പക്കാരൻ കുളത്തിൽ മുങ്ങിതാഴുന്ന പാർവ്വതി ചേച്ചിയെ മുടിക്ക് പിടിച്ച് മുകളിലേക്കുയർത്തി.

ചേച്ചിയേയും കൊണ്ട് നീന്തി ഇക്കരെയെത്തിയ ചെറുപ്പക്കാരൻ ചേച്ചിയെ ഒരു വാഴതടയെന്നവണ്ണം മാറോടക്കി കുളത്തിനു മുകളിലെ പടവുകളിൽ വെച്ചു.

അർദ്ധപ്രജ്ഞയിൽനിന്നും ഉണർന്ന പാർവ്വതിചേച്ചിയുടെ കണ്ണുകൾ മുന്നിൽനിൽക്കുന്ന കരുത്തനായ ചെറുപ്പക്കാരന്റെ ശരീരത്തിൽ പരതി നടന്നു.

ഒരു ആനയെപോലെ കരുത്തുള്ള അദ്ദേഹത്തിന്റെ ഇരുകൈകളിലേയും മസിലുകൾ കണ്ട ചേച്ചിയുടെ കണ്ണുകൾ നാണത്താൽ പാതി കൂമ്പി. രോമാവൃതമായ ശരീരം, കാന്തശക്തിയുള്ള അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ ചേച്ചി നിന്നു വിയർത്തു. കണ്ണുകളിൽ പരൽമീനിന്റെ തുടുപ്പുപോലെ.

“നിന്റെ പേരെന്താ?” ഇമ്പത്തിലുള്ള അദ്ദേഹത്തിന്റെ ശബ്ദം കേട്ട ചേച്ചി പാതിയടഞ്ഞ കണ്ണുകളോടെ സ്വയമറിയാതെ പുലമ്പി. “പാർവ്വതി....”

നല്ല പേര്. നിന്നെ ഞാൻ കെട്ടട്ടെ? ഒരു നാണവുമില്ലാതെയാണദ്ദേഹത്തിന്റെ സംസാരം.

ലജ്ജയാൽ ചേച്ചിയുടെ മുഖം ചുവന്നു തുടുത്തു. സ്വതേ മാതളത്തിന്റെ നിറമുള്ള ചേച്ചിയുടെ ശരീരത്തിലേക്കുള്ള അദ്ദേഹത്തിന്റെ ചുഴിഞ്ഞനോട്ടം കണ്ട് ചേച്ചി നാണത്താൽ മുഖം തിരിച്ചു.

പിറ്റെദിവസം ഒരു ഞായറാഴ്ചയായിരുന്നു.

തറവാട്ട് മുറ്റത്ത് കൊയ്ത്തുകറ്റകൾ കൊണ്ടുവരുകയും മെതിക്കുകയും ചെയ്യുന്ന ജോലിക്കാരുടെ ഇടയിൽ കൂടി നടന്നുവരുന്ന ആജാനബാഹുവായ മനുഷ്യനെ നോക്കി നിൽക്കുകയാണ് അച്ഛൻ വലിയതമ്പുരാൻ.

തറവാടിന്റെ പടികൾ കയറിവന്ന ഗുപ്തൻതമ്പുരാൻ നേരെ വലിയ തമ്പുരാന്റെ അടുത്തെത്തി.

ഉം.... എന്തുവേണം. പാർവ്വതി ചേച്ചിയുടെ അച്ഛൻ വലിയതമ്പുരാൻ മെല്ലെ മുരടനക്കി.

ഞാൻ തെക്കേപ്പാട്ടു വലിയ മനക്കലെ ചന്ദ്രശേഖരവർമ്മയുടെ മകൻ ഗുപ്തൻതമ്പുരാൻ. എനിക്ക് അങ്ങയുടെ മകളെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്. ഒറ്റ ശ്വാസത്തിനാണ് അന്ന് ഗുപ്തൻതമ്പുരാൻ വലിയ തമ്പുരാനോട് പാർവ്വതി ചേച്ചിയെ വിവാഹം ചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടത്.

ഗുപ്തൻതമ്പുരാന്റെ വാക്കുകൾ കേട്ട് വലിയ തമ്പുരാൻ ഉറക്കെ ചിരിക്കുന്നതുകേട്ട് തറവാട്ടിലെ മറ്റുള്ളവരും വലിയതമ്പുരാനു ചുറ്റും കൂടി കാരണം അന്വേഷിച്ചു.

അടുത്തുനിൽക്കുന്ന പാർവ്വതി ചേച്ചിയുടെ അമ്മ അച്ഛൻ തമ്പുരാനെ വിളിച്ച് എന്തോ സ്വകാര്യം പറഞ്ഞു.

പിന്നീടെല്ലാം പെട്ടെന്നാണ് തീരുമാനിച്ചത്. മേടമാസം മുപ്പതാം തിയ്യതിയിലേക്ക് കല്യാണം നിശ്ചയിച്ചു.

അങ്ങിനെയാണ് ഗുപ്തൻ തമ്പുരാൻ പാർവ്വതിചേച്ചിയുടെ ഭർത്താവായത്.

അതിനും പിറ്റേക്കൊല്ലം രവിവർമ്മ ജനിച്ചു.

രവിവർമ്മയുടെ ജനനത്തിന് ആറുമാസം മുൻ പാണ് തന്നെ ഈ തറവാട്ടിലേക്ക് ഗോദരാജവർമ്മ തമ്പുരാൻ വിവാഹം ചെയ്തുകൊണ്ടുവന്നത്.

തന്റെ വിവാഹം കഴിഞ്ഞിട്ട് ഇന്നത്തേക്ക് ഇരുപത്തിനാലു വർഷമായി.

പുറത്തെ പടിപുരയിലേക്ക് നടന്നടുക്കുന്ന ചൂട്ടിന്റെ വെളിച്ചം കണ്ട് ലക്ഷ്മി തമ്പുരാട്ടി ചിന്തയിൽനിന്നും ഞെട്ടി ഉണർന്നു. തമ്പുരാൻ ചാരുകസേരയിൽ മൃതപ്രായനായി ചടഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങുന്നുണ്ട്.

ചൂട്ടുകറ്റയും കത്തിച്ചുവരുന്ന

ആൾ പടിപ്പുര കയറി മുറ്റത്തേക്കുവന്നു. അയാളുടെ തൊട്ടുപിറകിലായി ഗൗരീശ്വരിയും ഉണ്ട്.

ചാരുകസേരയിൽ തളർന്നിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്തിനൊരു തെളിച്ചം കണ്ടു.

"ഗൗരീശ്വരി വരുന്നുണ്ട്."

ലക്ഷ്മിതമ്പുരാട്ടിയുടെ വാക്കുകൾ കേൾക്കേണ്ട താമസം അദ്ദേഹം ചാരുകസേരയിൽ നിന്നും ചാടി എഴുന്നേറ്റു.

ഗൗരീശ്വരി പൂമുഖത്തേക്ക് കയറി. കൂട്ടത്തിലുള്ളത് തെക്കേപ്പാട്ട് മനക്കലെ കുടികിടപ്പുകാരൻ ശങ്കരനാണ്.

"എന്താ ശങ്കരാ സുഖാണോ?" ഗൗരീശ്വരിയെ കണ്ടതോടെ മനസ്സൊന്നു തണുത്തതാണ്, മകളോട് സംസാരിക്കാൻ തിടുക്കമുണ്ടെങ്കിലും ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്തായാലും തന്റെ മകളെ ഇത്രടം വരെ എത്തിച്ചതെല്ലേ"ശങ്കരൻ പറഞ്ഞു."

"ആണേ... ദൈവകൃപകൊണ്ട് സുഖാണേ അടിയന്'' ശങ്കരൻ മുന്നിൽ വന്ന് ഓച്ഛാനിച്ചുനിന്നു.

എന്നാൽ ശങ്കരൻ പോകല്ലേ? മനസ്സിലുള്ള വികാരങ്ങളെ മറച്ചുപിടിക്കാൻ നന്നേ പാടുപെട്ടുകൊണ്ടാണ് അദ്ദേഹം അത്രയും സംസാരിച്ചത്. "ശങ്കരന്റെ മുഖം ഒന്നു മഞ്ഞച്ചോ?"

ശങ്കരൻ ചൂട്ടുകറ്റ വായുവിൽ ഒന്നു ഉയർത്തിവീശി. ചൂട്ടുകറ്റ പഴയതുപോലെ നല്ല വെളിച്ചത്തോടെ കത്തി. ചൂട്ടുകറ്റ വീശികൊണ്ട് ശങ്കരൻ പടിയിറങ്ങി പുറത്തേക്ക് നടന്നു.

നീയെന്താ മോളെ ഇത്ര വൈകിയത്? നീ രവിവർമ്മയെ കണ്ടിരുന്നോ? ഉൾക്കിടിലത്തോടെയാണ് തമ്പുരാൻ അത്രയും ചോദിച്ചത്.

ഇല്യച്ഛാ. ഞാൻ കണ്ടില്ല. ഇന്ന് ബസ്സ്കാര് സമരത്തിലായിരുന്നു. അതുകൊണ്ടാ ഇത്ര വൈകിയത്. ഗൗരീശ്വരി പറഞ്ഞു.

"ഉം... ഇന്ന് രവിവർമ്മ ഇവിടെ വന്നിരുന്നു. നിങ്ങളുടെ വിവാഹകാര്യത്തെക്കുറിച്ച് അവന് അവസാനമായി ഒരു തീരുമാനമറിയണമെന്ന്. ഞാനെന്താ മോളെ രവിവർമ്മയോട് പറയേണ്ടത്?

"ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു. പുറത്തേക്ക് ഒഴുകി വരുന്ന കണ്ണുനീർ ആരും കാണാതെ സാരി തുമ്പുകൊണ്ടു തുടച്ചു. രവിവർമ്മയെ തനിക്ക് ഇഷ്ടമാണ്. പക്ഷേ അദ്ദേഹത്തിന്റെ സ്വഭാവം. വേണ്ട. ഇപ്പോഴൊന്നും പറയണ്ട. കുറച്ചുകൂടി നോക്കാം.

എനിക്ക് ഇപ്പോൾ വിവാഹം വേണ്ടച്ഛാ. ഗൗരീശ്വരി അത് പറഞ്ഞ് അകത്തേക്ക് കയറിപോയി. കിടക്കയിൽ വീണു. മനസ്സിനെന്തോ ഒരു ഭാരം പോലെ. കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി തലയിണകൾ കുതിർന്നു.

ഇപ്പോ ചോദിക്കണ്ടായിരുന്നു. അവൾക്ക് നൊമ്പരപ്പെട്ടിട്ടുണ്ടാകും. ലക്ഷ്മിതമ്പുരാട്ടി പറഞ്ഞു.

തമ്പുരാനൊന്നുമൂളി

"ഉം... ഞാനൊന്നു കിടക്കട്ടെ. തമ്പുരാൻ നേരെ അകത്തേക്ക് നടന്നു."

നിങ്ങളൊന്നും കഴിക്കുന്നില്ലേ? തമ്പുരാന്റെ പിന്നിലായിനടന്നുകൊണ്ട് ലക്ഷ്മിതമ്പുരാട്ടി ചോദിച്ചു.

വേണ്ട. വിശപ്പില്ല. തമ്പുരാൻ നേരെ കട്ടിലിൽ പോയി വീണു.

"അദ്ദേഹത്തിന് വേണ്ടാത്തത് തനിക്കെന്തിനാണ്? ലക്ഷ്മിതമ്പുരാട്ടിയും തമ്പുരാന്റെ കട്ടിലിനു താഴെ പായ് വിരിച്ചുകിടന്നു. രാത്രിയുടെ രണ്ടാം യാമവും കഴിഞ്ഞു. ചിന്തിച്ചുകൊണ്ട് വെറുതെ കിടക്കുന്ന ലക്ഷ്മിതമ്പുരാട്ടിയുടെ കണ്ണുകളിലേക്ക് ഉറക്കം തഴുകിയിറക്കി. ഇപ്പോൾ പുറത്ത് കുറുക്കന്റെ ഓളിയിടൽ മാത്രം കേൾക്കാം.



നേരം പരപരാവെളുത്തു. കാക്ക കരയുന്ന ശബ്ദം കേട്ടാണ് രവിവർമ്മ ഉണർന്നത്. ഇന്നലെ രാത്രി യാത്രാക്ഷീണം കൊണ്ട് എപ്പോഴാണ് ഉറങ്ങിപോയതെന്നറിയില്ല. താനീ കൽമണ്ഡപത്തിൽ എത്തിയതെപ്പോഴാണ്?

വലിയ കോയിക്കൽ തറവാടിന്റെ പടിയിറങ്ങി ഇന്നലെ സന്ധ്യക്കു തുടങ്ങിയ നടത്തമാണ്. ഇടക്ക് രാമേട്ടന്റെ ഷാപ്പിൽ കയറിയതായി നേരിയ ഓർമ്മയുണ്ട്. രാമേട്ടന്റെ ഷാപ്പിൽ നിന്നും രണ്ടു ഗ്ലാസ്സ് പട്ടചാരായം കുടിച്ചതുവരെയുള്ള കാര്യങ്ങൾ ഓർത്തെടുക്കുവാൻ സാധിക്കുന്നുണ്ട്. പിന്നീടൊന്നും ഓർമ്മയില്ല. മനസ്സാകെ വലിഞ്ഞു മുറുകുന്നു. പെട്ടെന്നുള്ള ക്ഷോഭത്തിനാണ് അമ്മാവനോടങ്ങനെ പറഞ്ഞത്. ഇപ്പോൾ കുറ്റബോധം തോന്നുന്നുണ്ട്. താനങ്ങിനെ പറയരുതായിരുന്നു. പക്ഷേ പറയാതിരിക്കുന്നതെങ്ങനെ?

"ഗൗരീശ്വരി തന്റെ മുറപ്പെണ്ണാണ്. മുറപ്പെണ്ണ് മാത്രമല്ല. ആചാരപ്രകാരം അവൾ തന്റെ ഭാര്യയല്ലേ?"

അതെയെന്ന് തന്നെയാണ് തന്റെ വിശ്വാസം.

ചെറുപ്പക്കാലത്ത് അമ്മാവിയാണ് ഗൗരീശ്വരിയുടെ കൈപിടിച്ച് തന്നെ ഏല്പിച്ചത്.

"അപ്പോൾ അച്ഛൻ പറയുന്നുണ്ടായിരുന്നു."

ഇന്നു മുതൽ ഗൗരീശ്വരി നിന്റെയാ മോനെ. നിങ്ങളുടെ ജീവിതകാലത്തൊരിക്കലും ഇനി നിങ്ങൾ വേർപിരിയരുത്. നീ വളർന്നു വലുതായാൽ ഇവളെ വിവാഹം കഴിക്കണം.

അത് പറഞ്ഞതോടെ അച്ഛന്റെ കൈകൾ മെല്ലെ നിശ്ചലമായി. പിന്നീടൊന്നും തനിക്ക് ഓർമ്മയില്ല.

കൂടിനില്ക്കുന്ന ആൾകൂട്ടത്തിൽ ഒരാളായി ഗൗരീശ്വരിയോടൊപ്പം മിന്നാമിനുങ്ങിനെ പിടിച്ച് തീപ്പെട്ടികൂട്ടിലാക്കി കളിച്ചത് നല്ല ഓർമ്മയുണ്ട്.

''അച്ഛന്റെ മരണസമയത്ത് തനിക്ക് ഏഴ് വയസ്സായിരുന്നു. ഗൗരീശ്വരിക്ക് അഞ്ചും.''

അച്ഛന്റെ മരണശേഷമാണ് താനും അമ്മയും അമ്മാവനോടൊപ്പം വലിയ കോഴിക്കൽ തറവാട്ടിലേക്ക് മടങ്ങിപോന്നത്. പിന്നീട് തന്നെ വളർത്തിയതും വലുതാക്കിയതും അമ്മാവനാണ്. അച്ഛന്റെ മരണത്തിനു പിറ്റേ വർഷം അമ്മയുടെ മരണം. പിന്നീട് ഒരു രക്ഷാകർത്താവിന്റെ സ്ഥാനത്ത് നിന്നു ചെയ്യേണ്ടതെല്ലാം ചെയ്തു. ആ അമ്മാവനോടാണ് ഇന്നലെ താൻ നിഷേധിച്ചു സംസാരിച്ചത്. രവിവർമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. എഴുന്നേൽക്കാൻ തോന്നുന്നില്ല. രവിവർമ്മ വീണ്ടും തന്റെ ചെറുപ്പകാലം അയവിറക്കി കൽമണ്ഡപത്തിൽ മലർന്നു കിടന്നു.

**സ**മയം പുലർച്ച നാലുമണിയായി കാണും. ഘടികാരത്തിലെ അലാറം നിർത്താതെ ശബ്ദിക്കുന്നതുകേട്ട് ഗൗരീശ്വരി ഉറക്കത്തിൽ നിന്നു ഞെട്ടിഉണർന്നു. പുറത്ത് അതിശക്തമായി മഞ്ഞുപെയ്യുന്നുണ്ട്. ഇലകളിലും മറ്റും മഞ്ഞുതുള്ളികൾ വീഴുന്ന ശബ്ദം തൊടിയിൽ ഇപ്പോഴും നിലച്ചിട്ടില്ല.

കിടക്കയിൽ നിന്നും എഴുന്നേറ്റ് ഗൗരീശ്വരി ചുമരിലെ സ്വിച്ചിൽ വിരലമർത്തി. ബൾബ് കഴിഞ്ഞാഴ്ചയിലെ പോലെ ഇന്നും എരിയുന്നില്ല. റംസാൻ മാസത്തിലെ അമ്പിളി പോലെ വെളിച്ചമില്ലാതെ ബൾബിനകത്തെ ഫിലമെന്റ് ചുകന്നുനിൽക്കുകയാണിന്നും. പ്രഭാതത്തിലെ കറണ്ട് കട്ട് ഒരു പല്ലവിയാക്കിയിരിക്കയാണ് ഇവർ. ഇല്ലാത്ത പണം മുടക്കി ഇലക്ട്രിസിറ്റി തൊഴിലാളികളെ പോറ്റാൻ പാടുപെടുന്ന പൊതുജനങ്ങൾക്കു കിട്ടുന്ന ശിക്ഷ. മനസ്സിൽ സകല ഇലക്ട്രിസിറ്റികാരേയും ചീത്തവിളിക്കാനാണ് തോന്നിയത്. എന്നാൽ താനൊരു പെണ്ണാണെന്ന ബോധം മനസ്സിലിരുന്നു വിലക്കി. ഇന്നലെ രാത്രിയിൽ താനൊരു പോള കണ്ണടച്ചിട്ടില്ല.

ഗൗരീശ്വരി എഴുന്നേറ്റ് ഇടനാഴികയിൽ വെച്ച തൂക്കുവിളക്കിലെ തിരികൾക്ക് തീ കൊളുത്തി. ഇരുട്ടായി കിടക്കുന്നിടത്ത് വെട്ടം വന്നപ്പോൾ മനസ്സിനൊരാശ്വാസംപോലെ. ഓർത്താൽ ഇപ്പോൾ തന്റെ മനസ്സിലും ഇരുട്ടല്ലേ?... കണ്ണെത്താദൂരെ നീണ്ടുപരന്നുകിടക്കുന്ന കൂരിരുട്ട്. കൂരിരുട്ടായി കിടക്കുന്ന തന്റെ മനസ്സിലേക്ക് പ്രകാശത്തിന്റെ ഒരു കണികയെങ്കിലും വന്നെത്താതിരുന്നെങ്കിലോ?... ഈശ്വരാ... ഇന്നലെ താൻ കാരണമല്ലേ?....

അച്ഛനെ കുറിച്ചോർത്തപ്പോൾ ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു.

ഇന്നലെ രാത്രിയിൽ അച്ഛൻ ഒരു വക കഴിച്ചിട്ടില്ല. തന്നെകുറിച്ച് ഓർത്ത് അച്ഛൻ സദാ വേവലാതിയിലാണെന്ന് നല്ലപോലെ അറിവുള്ളതാണ് തനിക്കും. അമ്മയുടെ മനസ്സിലും ഒരു സമാധാനവുമില്ലാതായിരിക്കുന്നു തന്നെ കുറിച്ചോർത്ത്. ഇതിനെല്ലാം കാരണം രവിയേട്ടന്റെ താന്തോന്നിയായുള്ള ജീവിതവും കള്ളുകുടിയുമല്ലേ? ചിലപ്പോഴൊക്കെ രവിയേട്ടനോട് സ്നേഹത്തെക്കാളേറെ പകയാണുദിക്കാറ് മനസ്സിൽ. എന്തൊരു ജീവിതമാണ് അദ്ദേഹത്തിന്റേത്. ശൈശവത്തിൽ തന്റെ കഴുത്തിൽ മിന്നുകെട്ടിയ പ്രതിശ്രുത വരനാണു പോലും. ഗൗരീശ്വരിയുടെ മനസ്സിൽ ചിലപ്പോഴെന്നപോലെ അയാളോടുള്ള അമർഷം നുരഞ്ഞു പൊങ്ങി. ശരീരമാകെ വൈദ്യുതപ്രവാഹമേറ്റതുപോലെ നിന്നു വിറച്ചു.

ഈശ്വരാ താനെന്താണ് ചിന്തിക്കുന്നത്. ഗൗരീശ്വരിയുടെ ഉള്ളൊന്നു പിടഞ്ഞു. മനസ്സിന്റെ ബലക്ഷയത്തിൽ ശരീരം തളർന്ന് കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ. സ്വയം ചോദിച്ചു പോയി. തനിക്കദ്ദേഹത്തോടു സ്നേഹമുണ്ടോ?... വിരസതയോടെ മനസ്സാവർത്തിച്ചാവർത്തിച്ച് ചോദിച്ചു. ഉണ്ടോ....?

ഉണ്ടാകാതിരിക്കാൻ ഇടയില്ല. കാരണം വർഷങ്ങൾക്കു മുന്നേ ഇങ്ങനെയൊന്നുമല്ലായിരുന്നല്ലോ അദ്ദേഹം. ആന്തരികമനസ്സാണ് ഉത്തരം പറയുന്നത്. അത് സത്യമല്ലേ....? തനിക്ക് രവിയേട്ടനോട് സ്നേഹമില്ലേ? ഗൗരീശ്വരിയുടെ മനസ്സ് പിന്നേയും ബാല്യകാലത്തിലേക്ക് സഞ്ചരിച്ചു.

പ്രഭാതത്തിലെ സൂര്യകിരണങ്ങൾക്ക് ചൂടുകൂടി. കൽമണ്ഡപത്തിലെ സിമന്റുതറ സൂര്യാഘാതമേറ്റ് പൊള്ളി ശരീരം ചൂട്ടുപഴുത്തപ്പോൾ രവിവർമ്മ ചിന്തയിൽ നിന്ന് പെട്ടെന്ന് ഞെട്ടി ഉണർന്നു. മനസ്സിൽ ചില കണക്കുകൂട്ടലുകളെല്ലാം കൂട്ടിയിട്ടുണ്ട്. ഇന്നെന്തായാലും ഗൗരീശ്വരിയെ കാണണം. ഒമ്പതുമണിയെങ്കിലുമാകും ഗൗരീശ്വരി വീട്ടിൽ നിന്നു നടന്നു കൽമണ്ഡപത്തിനടുത്തെത്താൻ. പിന്നേയും ഒരു മൈൽസ് നടന്നാൽ ടൗണിലേക്കുള്ള ബസ്സു കിട്ടും അവൾക്ക്. പിന്നീടൊരിക്കലും അവളെ ഈ ആഴ്ച കാണാൻ പറ്റില്ല. ഹോസ്റ്റലിലായിരിക്കും പിന്നീടുള്ള ദിവസങ്ങൾ. തന്റെ തീരുമാനം ഉറച്ചതാണ്. ഇന്ന് ഗൗരീശ്വരിയെ കണ്ട് വിവാഹത്തെകുറിച്ചുള്ള കാര്യങ്ങൾ സംസാരിക്കണം.

രവിവർമ്മ എഴുന്നേറ്റ് ആൽതറക്കരുകിലുള്ള കിണറ്റിൻകരയിലേക്ക് നടന്നു. തോർത്ത് കൈയിൽ കരുതിയത് നന്നായി. മനസ്സു തണുക്കുന്നതുവരെ വെള്ളം കോരിയൊഴിച്ചു തലയിൽ. ഇന്നലത്തെ മദ്യത്തിന്റെ കെട്ടിന് അയവ് വന്നിട്ടുണ്ട്. ഷർട്ടും മുണ്ടും മാറി രവിവർമ്മ ഗൗരീശ്വരിയേയും കാത്ത് കൽമണ്ഡപത്തിലിരുന്നു.



രവിയേട്ടനെക്കുറിച്ച് തന്റെ മനസ്സിൽ എന്തെല്ലാമോ കണക്കുകൂട്ടലുകളുണ്ട്. അതു പിഴച്ചതുകൊണ്ടാകാം അല്ലെങ്കിൽ വരും കാലത്തെക്കുറിച്ചുള്ള ആധിയാകാം മനസ്സാകെ മുരടിച്ച് – ബാല്യം നഷ്ടപ്പെട്ടതുപോലെ കണ്ണുകൾക്ക് കീഴെ കറുത്തവരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ടിപ്പോൾ. സ്വർണ്ണത്തിന്റെ നിറമുള്ള തന്റെ പണ്ടത്തെ മേനിയഴകും ഇന്നില്ല. ഒരു റോസാ പൂവിനെ വലംവെച്ചു പറക്കുന്ന മധുപനെപോലെ തനിക്കു ചുറ്റും പറക്കുകയാണിപ്പോഴും ഗൗരീശ്വരിയുടെ ചിന്തകൾ. എന്തേയ് തനിക്ക് പറ്റിയത്? ഈ ഇളംപ്രായത്തിലെ തന്റെ സ്വപ്നങ്ങൾ വാടികരിഞ്ഞുപോകുമെന്നുള്ള ആധിയാണോ തന്നെ ഈ നിലയിലാക്കിയത്. മനസ്സാണല്ലോ ഒരു മനുഷ്യന്

# GLAMOUR
**GENTS & BOYS**
**NALUPARAMBIL COMPLEX**
**MANAKAVE - CALICUT-7**
**Pants, Jeans, Shirt, T-Shirts etc....**

# P.V. ENTERPRISES
**DEALERS IN ELECTRICAL &**
**PLUMBING MATERIALS**
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
**Ph:0495 4025101, 3042762 Mob: 9387338100**

## Highness Cool Refrigeration & Air Conditions
**NEAR POST OFFICE, MANKAVE, CALICUT - 7**
***(Service for Airconditioner, Refrigerator, Washing***
***Machine, Spray Painting,etc.)***
***Mob: 9349810003***

## MANMKULAM ENTERPRISES
**Chalappuram P.O., Calicut-673 002, Kerala**
**Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130**
**ANCHOR PLYWOOD**
Dealers: Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc.

# Universal College
**MANKAVE, CALICUT - 7**
***Classer for: Spoken English, Computer & Accountancy***
**Contact No: 9387524341, 9895647906**

**രുചികരമായ ഭക്ഷണപദാർത്ഥങ്ങൾക്ക്**
# ടി.പി. ടി സ്റ്റാൾ
**കുറ്റിയിൽതാഴം, കോഴിക്കോട്**
**കോഴിക്കോട്**
**മനോജ് : 9847915793**

# SURPRISE AQUARIUM
**ബൈപ്പാസ് റോഡ്, പുതിയറ, കോഴിക്കോട്- 4**
നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.
**മുജീബ്: 9544558822, 9744615436**

## SM AUTO GARRAGE
**Puthiyapalam**
**Mooriyad Road**
**Mob: 9947411868, 9947339446**

# വിനായക
**വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ**
**ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട**
**കോഴിക്കോട്**
**പപ്പൻ - ഫോൺ: 9400741434**

# SASTHA TRADERS
**17/495-B2, Four Land building**
**Rajaji Road, Calicut - 673 004**
**Ph: 2721164, Mob: 9447125527**
*Dealer's in : Battery plates, Inverter, Winding Wires, Auto Electricals Parts & Insulating Materials etc.*

## SREELAKSHMI ENTERPRISES
**MANKAVE, CALICUT**
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson Dabour India Ltd
**Bramin's Marketing**

# KINETIC WORLD
**Manolody Complex, Mankavu**
**Kozhikode 673 007**
**HARRIS, Mob: 9895806484**

സൗന്ദര്യവും സന്തോഷവും നൽകുന്നത്. സന്തോഷമില്ലാത്ത മനസ്സുള്ളിടത്ത് സൗന്ദര്യമോ, പ്രാണനോ ഒന്നും തന്നെയില്ല. തന്റെ മനസ്സിലും ഇന്ന് സന്തോഷമോ, പ്രാണനോ ഇല്ല. ഒരു യാന്ത്രികത മനസ്സിനെയാകെ പിടികൂടിയിട്ടുണ്ട്. എരിചട്ടിയിൽ നിന്ന് വറചട്ടിയിലേക്കമർന്ന അവസ്ഥ.

കതിരോന്റെ വെളിച്ചത്തിന് ചൂട് അല്പാല്പമായി കൂടുകയാണ്.

പ്രഭാതജോലികൾ എത്രയും പെട്ടെന്ന് തീർക്കണം. കുളികഴിഞ്ഞാൽ അച്ഛനേയും അമ്മയേയും വിളിച്ചുണർത്താം. എട്ടുമണിക്ക് ഇവിടെനിന്നും ഇറങ്ങിയിട്ടില്ലെങ്കിൽ ടൗണിലേക്ക് ബസ്സ് കിട്ടാൻ പിന്നീട് ബുദ്ധിമുട്ടാകും. അച്ഛനേയും അമ്മയേയും വിളിച്ചുണർത്തി പ്രഭാതഭക്ഷണം കഴിപ്പിച്ചശേഷം ബാഗും കുടയുമെടുത്ത് ഗൗരീശ്വരി ഹോസ്റ്റലിലേക്കിറങ്ങി. വഴിയിൽ രവിയേട്ടനെ കാണാതിരിക്കണേ. ഇടർച്ചയോടെ മനസ്സിൽ സകല ദൈവങ്ങളേയും പ്രാർത്ഥിച്ചുകൊണ്ട് അതിവേഗത്തിൽ ബസ്സ്റ്റോപ്പിലേക്ക് നടന്നു. ഒരുനാഴികയോളം നടന്നാലേ ബസ്സ്റ്റോപ്പിലെത്തുകയുള്ളൂ. നടക്കുകയല്ല ഓടുകയാണ് ഗൗരീശ്വരി.

അല്പദൂരം നടന്നതേയുള്ളൂ. ദൂരെനിന്നേ ഗൗരീശ്വരി രവിവർമ്മയെ കണ്ടു. കൽമണ്ഡപത്തിനരുകിൽ നിൽക്കുകയാണദ്ദേഹം. തന്നെ കണ്ടിട്ടില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ തന്നെ കണ്ടില്ലെന്ന് നടിക്കയാവാം. ഗൗരീശ്വരി രണ്ടും കൽപ്പിച്ചു മുന്നോട്ടേക്കു നടന്നു. എന്തായാലും രവിയേട്ടനോട് മിണ്ടാനേ പോകണ്ട. ഗൗരീശ്വരി മനസ്സിൽ ഒരു ഉറച്ച തീരുമാനവുമെടുത്തു. പക്ഷേ, അടുക്കുന്തോറും മനസ്സിലെ മഞ്ഞുരുകുകയാണ്. അത് തന്നെയാകും അദ്ദേഹവും കരുതുന്നത്. തമ്മിൽ കണ്ടാൽ തന്റെ മനസ്സുരുകുമെന്ന് അദ്ദേഹത്തിനറിയാം. കുട്ടിക്കാലം മുതലേ അദ്ദേഹം തന്റെ പിണക്കം അങ്ങിനെയായിരുന്നല്ലോ തീർത്തിരുന്നത്. ഇന്നെന്തായാലും അതിനൊരവസരം കൊടുക്കരുത്. ഗൗരീശ്വരി മനസ്സിനെ ദൃഢമാക്കി ആകാവുന്നിടത്തോളം മുഖം ഗൗരവമാക്കി രവിവർമ്മയേയും കടന്ന് മുന്നോട്ടേക്ക് നടന്നു. അദ്ദേഹത്തെ തോല്പിക്കുമ്പോഴെല്ലാം തന്റെ മനസ്സിനെന്തോ ഒരു സുഖംപോലെ. അത്രമാത്രം തന്നെ തീ തീറ്റിച്ചിട്ടുണ്ടല്ലോ. ചെറുപ്പംമുതൽ അനുഭവിക്കന്ന വേദനയാണ്. തനിക്കദ്ദേഹത്തോട് സ്നേഹമില്ലാഞ്ഞിട്ടല്ല. അനുരാഗമില്ലാഞ്ഞിട്ടും അല്ല. ഏതൊരു പെണ്ണും ആഗ്രഹിക്കുന്ന സൗന്ദര്യമുണ്ടദ്ദേഹത്തിന്. ആരോഗ്യദൃഢഗാത്രനുമാണ്. പക്ഷേ, ഇങ്ങനെയുമുണ്ടോ ഒരു സ്വഭാവം. ആദ്യമെല്ലാം ലഹരി പദാർത്ഥങ്ങളൊന്നും ഉപയോഗിക്കാതിരുന്ന അദ്ദേഹം പിന്നെയെന്തേ ഇങ്ങനെയായി. ഒരുപക്ഷേ തന്റെ അദ്ദേഹത്തിനോടുള്ള സമീപനവും ഒരു കാരണമായിരിക്കാം. എന്തായാലും എന്നായാലും തന്റെ ഭർത്താവാകാനുള്ളതല്ലേ അദ്ദേഹം. ഗൗരീശ്വരിക്ക് ഹൃദയത്തിൽനിന്നെന്തോ ആവിയായി വാക്കുകളിലൂടെ പുറത്തേക്ക് തള്ളുന്നതായി തോന്നി. ഒരുപക്ഷേ, ഇതാകാം അനുരാഗം അല്ലെങ്കിൽ ഉള്ളിൽ അടക്കിവെച്ച സ്നേഹം. ഗൗരീശ്വരി ഒരു സാധാരണ കാമുകിയാകുകയാണ്.

ഗൗരീശ്വരീ.....

അദ്ദേഹമാണ്. ഏതോ മുജ്ജന്മബന്ധമെന്നപോലെ തന്റെ കളികൂട്ടുകാരന്റെ ശബ്ദം. അത് ഇന്നിന്റേതല്ല. എന്നോ തുടങ്ങിയ തന്റെ സ്വപ്നങ്ങളെ തഴുകിയുണർത്തിയ, തന്റെ മനസ്സിലുള്ള അനുരാഗം ഹൃദയത്തിലൂടെ പലപ്പോഴായി കവർന്നെടുത്ത തന്റെ കൗമാര സ്വപ്നത്തിലെ കാമുകനും ഭർത്താവുമായ തന്റെ രവിയേട്ടന്റേതാണ്.

സ്വയമറിയാതെ ഗൗരീശ്വരി നിന്നു. തന്റെ ദൃഢമാക്കിയ തീരുമാനങ്ങളെല്ലാം പടിഞ്ഞാറൻ കാറ്റിന്റെ തലോടലേറ്റ് കീഴ്മേൽ മറിഞ്ഞതുപോലെ. ഗൗരീശ്വരിയുടെ മനസ്സിൽ വർഷങ്ങളായി കെട്ടികിടന്നിരുന്ന സ്നേഹം അണപൊട്ടി ഒഴുകാൻ തുടങ്ങി. പളുങ്കുചില്ലുകൾ പോലെ ചിതറികിടക്കുന്ന തന്റെ കണ്ണിലെ നീരുറവകളിൽ ഒളിഞ്ഞുകിടക്കുന്ന വജ്രബാഷ്പങ്ങൾ സൂര്യകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങി. ആ വെട്ടമൊരു സന്തോഷജീവിതത്തിന്റെ നാന്ദി കുറിക്കലാകാം. അല്ലെങ്കിൽ വരുംകാല ജീവിതത്തിന്റെ സന്തോഷകരമായ നാളുകളുടെ വർണ്ണജീവിതം തളിർത്തതാകാം. ഗൗരീശ്വരിയുടെ മനസ്സ് അനുരാഗത്തിന്റെ സ്വർണ്ണരഥത്തിലേറി അവളറിയാതെ മുന്നോട്ടേക്കു നടന്നു രവിവർമ്മയുടെ ബലിഷ്ടമായ കരവലയങ്ങളിലമർന്നു. ●


ASWIN
SOFA WORKS
Olavanna, Kodinattumukku,
KOZHIKODE

- UPHOLSTERY
- CURTAIN
- BED DIVIN
- CUSSION




PH: 9847938209, ( Sunil)

Mob: 9895910435
AMINA Creations
Digital Studio
PALAZHI - PALA
Photography, Videography, D.T.P. ,
Photostat, Flex Designing & Printing,
Scanning, Photo Restoration, Photo to
CD, VCD & DVD
Urgent Passport size Photo
within 10 minuts
മണിപന്തൽ വാടകക്ക് കൊടുക്കുന്നു.

സംഗീതം

# സമയതീരങ്ങളിലെ സാന്ദ്രസംഗീതം





മേലൂർ വാസുദേവൻ

**ഹി**ന്ദുസ്ഥാനി സംഗീതത്തിലെ സ്വര സാമ്രാട്ട് ഭീംസെൻ ജോഷിയുടെ നിര്യാണം സംഗീത ലോകത്ത് വലിയൊരു ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. ക്ലാസിക്കൽ ശൈലിയുടെ ഉദാത്തതയും കാല്പനികതയുടെ ലാവണ്യവും സമഞ്ജസമായി സമന്വയിപ്പിച്ച ഒരു ഗാനാലാപന ശൈലിയുടെ സംഗീത പ്രേമികളുടെ ഹൃദയം കവർന്ന മഹാസംഗീതജ്ഞനായിരുന്നു അദ്ദേഹം ആലാപനസൗകുമാര്യത്തിലൂടെ ഹിന്ദുസ്ഥാനി സംഗീതത്തെ ജനകീയമാക്കുന്നതിൽ ആ മഹാപ്രതിഭ വിജയം വരിച്ചു. ആ ശൈലിയുടെ രൂപ ഭാവങ്ങളിൽ നിന്നോ, അന്തർഘടനയിൽനിന്നോ വൈകാരികാംശത്തെ അടർത്തിയെടുക്കാനാവില്ല. ജോഷിയുടെ സുവർണ്ണനാദം വികാരത്തിന്റെ യഥാർത്ഥ സ്വരമാണെന്ന് കലാമർമ്മജ്ഞർ വിലയിരുത്തി. സംഗീത സദസ്സുകളിലും വിപണിയിലും ഒരുപോലെ വിജയം കൈവരിച്ച ഗായകനായിരുന്നു അദ്ദേഹം. 1985 ൽ എച്ച്.എം.വി. കമ്പനി ഏറ്റവും വില്പനയുള്ള റെക്കാർഡുകളിൽ പാടിയഗായകനുള്ള പ്ലാറ്റിനം അവാർഡ് ഭീംസെൻ ജോഷിക്കാണ് നൽകിയത്. ഭാഷയുടേയും സംസ്കൃതിയുടെയും അതിർവരമ്പുകളെ ഉല്ലംഘിക്കാൻ ആ ഉദാത്ത സംഗീതത്തിന് സാധിച്ചു എന്നതിന്റെ ഉത്തമ നിദർശനമാണ് ആ പുരസ്കാരം.

1922 ൽ വടക്കൻ കർണ്ണാടകത്തിലെ ഹുബ്ലിയിലാണ് ഭീംസെൻ ജനിച്ചത്. വലിയസംഗീതപാരമ്പര്യ മൊന്നും അവകാശപ്പെടാനില്ലാത്ത ഒരു മാധ്യബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ഭീംസെൻ എന്തു കൊണ്ടൊ ചെറുപ്രായത്തിൽ തന്നെ സംഗീതത്തിൽ ആകൃഷ്ടനായി. ഉസ്താദ് അബ്ദുൽ കരീംഖാന്റെ ലോലമധുരമായ വിഷാദസ്വരത്തിൽ ഒഴുകിപ്പടർന്ന 'പഗ്‌വാ ബുജ് ദേവ്നേകോ' എന്ന ഗാനവും ചന്ദ്രികാ ഹീ ജാനൂൻ എന്ന ഗാനവും ഗ്രാമഫോൺ റെക്കോർഡിലൂടെ ശ്രവിക്കാനിടയായ ആ ബാലൻ ആകെ മതിമറന്നു പോയി. ആ നാദസൗഭാഗ്യത്തിന്റെ മായികവലയത്തിൽ പെട്ടുപോയ ആ കുട്ടിക്ക് ഒരു ഗായകനാവുക എന്നതാണ് തന്റെ ജീവിതലക്ഷ്യമെന്ന് ബോധ്യപ്പെട്ടു. സംഗീതത്തിൽ പ്രത്യേക താല്പര്യമൊന്നുമില്ലാതിരുന്ന ഭീംസെന്നിന്റെ കുടുംബം ആ കുട്ടിയുടെ സംഗീത ഭ്രമം കാര്യമായെടുത്തില്ല. കർക്കശ സ്വഭാവക്കാരനായിരുന്ന പിതാവ് തൊട്ടതിനും പിടിച്ചതിനുമൊക്കെ അവനെ കുറ്റപ്പെടുത്തുകയും ചെയ്തു. അപമാനം സഹിക്കാനാവാതെ വന്നപ്പോൾ ഭീംസെൻ വീടുവിട്ട് ഓടിപ്പോയി. അന്ന് പതിനൊന്നുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ആ കുട്ടിക്ക്, പണമില്ലാത്തതുകൊണ്ട്. കള്ളവണ്ടികയറി. യാത്രക്കാരെയും ടിക്കറ്റ് പരിശോധകരെയും മൊക്കെ പാട്ടുപാടി മയക്കാൻ ഭീംസെന് സാധിച്ചു. അലഞ്ഞു തിരിഞ്ഞ് ആ ബാലൻ ഒടുവിൽ ഗ്വാളിയറിലെത്തി. അന്ന് ഗ്വാളിയർ സംഗീത വിദ്യാർത്ഥികളുടെ ആശ്രയകേന്ദ്രമായിരുന്നു. നിരാലംബനായ ഭീംസെൻ സരോദ് വിദ്വാനായ ഉസ്താദ് ഹാഫിസ് ഖാന്റെ മുന്നിലെത്തി, ഗ്വാളിയറിലെ മാധവസംഗീത അക്കാദമിയിൽചേർന്നുപടിക്കാൻ ബാലന് ഉസ്താദ് അവസരമുണ്ടാക്കിക്കൊടുത്തു. നൂറു വിദ്യാർത്ഥികളെ വീതം ഒരുമിച്ച് ഒരേ സമയം പഠിപ്പിക്കുക എന്നതായിരുന്നു ആ വിദ്യാലയത്തിലെ സമ്പ്രദായം. ഇവിടെ വെച്ച് പണ്ഡിറ്റ് കൃഷ്ണറാവു എന്ന ഗുരുവിൽനിന്ന് 'ഗ്വാളിയർഗായിക'യുടെ അടിസ്ഥാന പാഠങ്ങൾ ഭീംസെൻ ഹൃദ്യമാക്കി. പക്ഷെ, അതിനുശേഷം എന്തുകൊണ്ടോ ആ ബാലൻ ഗ്വാളിയർവിട്ടു. വ്യക്തിനിഷ്ടമായ പഠനമായിരുന്നു ഭീംസെൻ ആഗ്രഹിച്ചിരുന്നത്. ഗ്വാളിയറിൽനിന്ന് കൽക്ക

ത്തയിലും അവിടെനിന്ന് പഞ്ചാബിലു മെത്തിയ ഭീംസെൻ കുറച്ചുനാൾ അവിടെ താമസിച്ചു. പഞ്ചാബിൽ വെച്ച് പ്രശസ്ത സംഗീതജ്ഞനായിരുന്ന ഭക്തമാഗത് സിങ്ങിൽ നിന്നും ധ്രുപദസംഗീതം അഭ്യസിച്ചു. വിഖ്യാതമായ ഹരിവല്ലഭ് സംഗീത സമാരോഹിൽ വെച്ച് ഗ്വാളിയറിലെ പണ്ഡിറ്റ് വിനായകറാവുപട്‌വർദ്ധനന്റെ സംഗീതം ശ്രവിക്കാനിടയായ ഭീംസെൻ അദ്ദേഹത്തിന്റെ കീഴിലും സംഗീതാഭ്യാസം നടത്തി. ആ ഗുരുഭീംസെന്നെ തിരിച്ചു കർണ്ണാടകത്തിലേക്ക് അയച്ചു. അവിടെവെച്ച് മഹാഗായകൻ ഉസ്താദ് അബ്ദുൽ കരീം ഖാന്റെ പ്രമുഖശിഷ്യനായ വവായ്ഗന്ധർവ്വയുടെ ശിഷ്യത്വം സ്വീകരിച്ചു ഭീംസെൻ. സവായ് ഗന്ധർവ്വയുടെ കീഴിലുള്ള സംഗീത പരിശീലനം ഭീംസെൻ ജോഷിക്ക് കഠിന പരീക്ഷണത്തിന്റെ കാലമായിരുന്നു. സംഗീതത്തെപറ്റി ഒന്നും പറയാതെ ഗുരുശിഷ്യനെ വീട്ടു ജോലികൾക്കായി മാത്രം നിയോഗിച്ചു. ആ പരീക്ഷണങ്ങളെല്ലാം മറികടന്നശേഷമാണ് ഭീംസെന് കിരാതഘരാനയുടെ വാതായനങ്ങൾ തുറന്നുകിട്ടിയത്. കഠിനാദ്ധ്വാനിയായ ശിഷ്യന് ഗുരുവിന്റെ കർക്കശമായ പരിശീലനത്തിനൊത്ത് നിൽക്കുവാൻ സാധിച്ചു. ദിവസം പന്ത്രണ്ട് മണിക്കൂറുകളോളം നീണ്ടുനിൽക്കുന്ന സംഗീത സാധകം! സംഗീതാനുശീലത്തിനൊപ്പം പല പ്രശസ്ത ഗായകരുടെയും പാട്ടുകൾ ശ്രദ്ധിച്ചിരുന്ന ആ യുവാവിന് അവരുടെ ശൈലീ വിശേഷങ്ങളെ വിവേചനാപൂർവ്വം സ്വാശീകരിക്കാൻ സാധിച്ചു. കൂടുതൽ സംഗീതത്തിനുവേണ്ടി അദ്ദേഹം ദാഹിച്ചു. ലുമ്രി, ദാദ്ര, ഭജൻ, ഗയാൽ ഭാവഗീതം തുടങ്ങി എല്ലാവിധ ഗാനരൂപങ്ങളും ഭീംസെൻ പഠിച്ചു.

1946ലാണ് ഭീംസെൻ ജോഷി ഒരു പൊതുവേദിയ്ൽ ആദ്യമായി പാടുന്നത്. പൂനയിലെ സംഗീതാസ്വാദകരുടെ കൂട്ടായ്മയായ പൂനാ മ്യൂസിക് സർക്കിൾ സവായ് ഗന്ധർവ്വയുടെ ഷഷ്ടിപൂർത്തി ആഘോഷചടങ്ങിൽ നടത്തിയ സംഗീതസദസ്സിൽ പാടാൻ ശിഷ്യന് അവസരം കൊടുത്തു. അന്ന് ജോഷി ആദ്യമായി പാടിയത് മിയാൻ മൽഹാർരാഗമാണ്. ആലാപിന്റെ സമാരംഭം തന്നെ ശ്രോദ്ധാക്കളെ ആനന്ദസാഗരത്തിലാറാടിച്ചു. സംഗീത സദസ്സിൽ ഒരു പുതിയ താരം ഉദയം ചെയ്തിരിക്കുന്നു എന്ന് സദസ്സിന് ബോധ്യമായി. അഭിമാന വിജൃംഭിതനായ സവായ്ഗന്ധർവ്വശിഷ്യനെ ഹൃദയത്തോട് ചേർത്ത് പിടിച്ചു അനുഗ്രഹിച്ചു. ആ അനുഗ്രഹത്തിന്റെ ഓർമ്മ പുതുക്കൽപോലെ തുടർന്ന് എല്ലാവർഷവും പൂനയിൽ ഭീംസെൻ ജോഷിയുടെ നേതൃത്വത്തിൽ 'സവായ് ഗന്ധർവ്വ സംഗീതോൽസവം' നടത്തിവന്നിരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ സംഗീതോത്സവങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന ഈ പരിപാടിയിൽ പല വിഖ്യാത ഗായകരും പങ്കെടുത്തു വരുന്നു. മലയാളത്തിന്റെ ഗന്ധർവ്വ ഗായകൻ യേശുദാസ് ജോഷിയുടെ ക്ഷണ പ്രകാരം സവായ് ഗന്ധർവ്വ സംഗീതോത്സവത്തിൽ പങ്കെടുത്ത് പാടിയതിനെക്കുറിച്ച് ഒരിടത്ത് സൂചിപ്പിച്ചിട്ടുണ്ട്.




പൗരുഷം നിറഞ്ഞ ഗാംഭീര്യത്താൽ ഗാനത്തിൽ ഭാവാത്മകതയെ ഉൾകൊള്ളിക്കുന്നതിനുള്ള സിദ്ധി, ശബ്ദത്തിന്റെ വഴക്കം എന്നിവ ഭീംജിയുടെ കഴിവുകളിൽ എടുത്തു പറയേണ്ടവയാണ്. മികച്ച ഒരു ഖയാൽ ഗായകൻകൂടിയായിരുന്നു അദ്ദേഹം. സംഗീതത്തിലെ വ്യത്യസ്ഥ ഘടകങ്ങളുടെ വൈശിഷ്ട്യം ആവിഷ്ക്കരിക്കുന്നതോടൊപ്പം അവതമ്മിലുള്ള സന്തുലിതാവസ്ഥ പാലിക്കുവാനും ഭീംജിക്ക് സാധിച്ചു. കിരാനഘരാനയുടെ പല പോരയ്മകളെയും മറികടക്കാൻ കഴിഞ്ഞ അദ്ദേഹം പല ഘരാനകളുടെയും ശക്തി സൗന്ദര്യങ്ങളെ സ്വന്തം 'ഗായകി' (ഗാനശൈലി)ലേക്ക് ആവാഹിച്ച് മൗലികമായ ഒരു ശൈലി ആവിഷ്ക്കരിച്ചു.

ജോഷിയുടെ സംഗീതകച്ചേരികൾ അപൂർവ്വാനുഭൂതികളായിരുന്നു. നേർത്ത ശ്രുതിഭേദങ്ങളിലൂടെ സൂക്ഷ്മ ഭാഗികകളിലൂടെ വിളംബിതം ധ്യാനാത്മാകമായി പ്രവഹിക്കുന്നു. കച്ചേരി അതിന്റെ പരമ കാഷ്ഠയിത്തിലെത്തുന്നത് ഉജ്ജ്വലവും ശക്തവുമായ താനുകളുടെ ഇടിമുഴക്കം പൊട്ടിച്ചിതറുമ്പോഴാണ്. യമൻ കല്യാൺ, ശുദ്ധകല്യാൺ, പൂരിയ, പൂരിയ കല്യാണ്, ദർബാരി, ലളിത്, തോഡി, എന്നീ രാഗങ്ങൾ പാടുമ്പോൾ ഭീംസെൻ ജോഷിയുടെ സംഗീതം അതിന്റെ ഏറ്റവും ഉദാത്തമായ ഭാവത്തിൽ അനുഭവപ്പെടുന്നു. ഭീംജിയുടെ ശങ്കര, ഭീംപലാഷ്, ഭൈരവ്, മിയാംകി മൽഹാർ, രാംകലി എന്നിവയും ഹൃദ്യങ്ങളത്രെ. പല സംഗീത നിരൂപകരും ഭീംജിയുടെ സംഗീതത്തെ നിശിദ്ധമായി വിമർശിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ മഹത്വത്തെ അംഗീകരിക്കാതിരിക്കാൻ അവർക്കായില്ല.

ജീവിതത്തിൽ ഒട്ടനവധി ദുരിതങ്ങളിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ട്. ആ മഹാ ഗായകന്. എങ്കിലും വൈയക്തിക ജീവിത സംഘർഷങ്ങൾ തന്റെ സംഗീതത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. സംഗീതമികവിന് പത്മശ്രീ, പത്മഭൂഷൺ, കേന്ദ്രസംഗീതനാടക അക്കാദമി പുരസ്കാരം, മധ്യപ്രദേശ്

കവിത

# കേരളകര



യു. ഗണേശൻ കാളാത്ത്

മലയാളം കേരള നാടിൻ മാതൃഭാഷ
മലയാളിക്കായ് നല്ലൊരു ഭാഷ
മാമയിലായ് പീലി വിടർത്തും
കഥയും കവിതയും നൃത്തം ചെയ്യും

കിളിക്കൊഞ്ചലുമായ് എഴുത്തച്ഛൻ
കവിത രചിച്ച് പ്രോത്സാഹിക്കാൻ
കവികൾ തൂലിക പടവാളാക്കി

ആശാൻ, ഉള്ളൂർ, വള്ളത്തോൾ
വൈലോപ്പിള്ളി, ഇടശ്ശേരി എന്നിവർ
കാച്ചിക്കുറുക്കി കവിതകൾ മെനഞ്ഞു
കഥകൾ തീർക്കാൻ കുലപതിമാർ
കഥയും കവിതയും കൈകോർക്കുമ്പോൾ,
കേരളം, കാവ്യകേരളമാവും

വരവായ്, വരയ്ക്കാൻ രവിവർമ്മ
പാടിയുറക്കാൻ ഗാന ഗന്ധവർവ്വൻ
കേസരി പട്ടം ചാർത്തി കേരളം
മഴവില്ലായ്, മാനത്തു വിരിയണം

കഥയില്ലായ്മ നമുക്കില്ല, വേണം
മലയാളതനിമ, മലയാളിക്കെന്നും
കേരം തിങ്ങും, കേരളക്കരയിൽ
അമ്പത്താറക്ഷരം, ആയുധ മാവണം
ഭാഷാ പ്രേമം നമുക്കുവേണം, നീളെ
മലയാളത്തെ പരിപോഷിപ്പിക്കാൻ

# നിലാവ്



മനീഷ രാജേഷ് പുൽപ്പള്ളി

" നീല നിലാവും അതിലൊരു-
പൂർണ്ണ ചന്ദ്രനും, ചിന്നിചിതറിയ-
തിളക്കമാർന്ന താരങ്ങളും,
നിലാവുള്ള രാവിനെ സുന്ദരമാക്കുമ്പോൾ,
മഴതോർന്ന് തെളിഞ്ഞ വാനിനെ
ഏഴ് വർണ്ണം കൊണ്ടിണക്കിയ വില്ലും-
പകലിലെ തെളിഞ്ഞ മാനത്തെ സുന്ദരമാക്കുമ്പോൾ
എണ്ണിയാൽ തീരാത്ത നിറങ്ങൾ കൊണ്ട്-
തലപൊക്കിയാടുന്ന പൂക്കളെ, വലം വെക്കുന്ന-
വർണ്ണ ശബളിതമായ ശലഭങ്ങളും,
കാറ്റിലാടുന്ന പച്ചിലകളും, കാറ്റിൽ പറക്കുന്ന
കരിയിലകളും ഭൂമിയെ സുന്ദരമാക്കുമ്പോൾ
ഇവയുടെ നെറുകയിൽ അഹങ്കരിച്ച് പായുന്ന-
മനുഷ്യാ നിന്റെ സൗന്ദര്യമെവിടെ കളഞ്ഞുനീ.



# കാണാക്കാഴ്ചകൾ

രുഗ്മിണി ഗോപിനാഥൻ



മാനവരാശി തന്മാറാപ്പിൽ
തലച്ചോറ് കുഴയ്ക്കുന്നു. മർത്ത്യൻ തലച്ചോറ് കുഴയ്ക്കുന്നു
പ്രകൃതിയെവികൃതമായ് വിലക്ക് വിറ്റു വിലങ്ങണിയിക്കുന്നു.
ഇവിടെ വിലങ്ങണിയിക്കുന്നു
മുതുകിലെ കൂനും തോളിലെ മാറാപ്പും
തലയ്ക്കു മുകളിലെ കഴുകനും തപസിരിക്കുന്നു
കാലിൽ തളയ്ക്കും ചങ്ങല കിലുക്കം അട്ടഹസിച്ചു ചിരിയ്ക്കുന്നു
പുരോഗമനത്തിനുച്ചിയി നമ്മൾ അധഃപ്പതിക്കുന്നു. കാലം അധഃപ്പതിക്കുന്നു
കാലത്തിന്റെ കോലക്കേടുകൾ മൂലക്കൈക്കോലിളകുന്നു.
ഭൂപതത്തിൽ ഇവിടെ അടിത്തറ താളം പിഴയ്ക്കുന്നു.
ദുർഭൂതത്തിൻ താണ്ഡവമിവിടെ അർബുദമാകുന്നു.
വെളുത്ത കോട്ടിൽ കറുത്ത കീടം ഒളിച്ചിരിക്കുന്നു.
നാണം കെട്ടൊരു തറവാട്ടിനാം മുഖം മറക്കുന്നു. ബന്ധങ്ങൾ തൻ
ചങ്ങലകണ്ണികളിൽ വായ പിളർക്കുന്നു
മാനവരാശിതൻ മാറാപ്പിൽ തലച്ചോറ് കുഴയ്ക്കുന്നു.


സർക്കാറിന്റെ താൻസേൻ സമ്മാൻ, കേരള സർക്കാറിന്റെ സ്വാതിസംഗീത പുരസ്കാരം, ഭാരതരത്നം എന്നീ അംഗീകാരങ്ങൾ ഭീംജിക്ക് ലഭിച്ചിട്ടുണ്ട്. ദൂരദർശനിലൂടെ പ്രശസ്തമായ 'മിലേസുർമേരാതുമാരാ' എന്നു തുടങ്ങുന്ന അദ്ദേഹത്തിന്റെ ദേശഭക്തി ഗാനം ദേശീയോദ്ഗ്രഥന സന്ദേശം ജനങ്ങളിലെത്തിക്കാൻ ഏറെ സഹായകമായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ യാത്ര ചെയ്ത സംഗീതജ്ഞരിൽ ഒരാളായിരുന്നു, ഭീംസെൻ ജോഷി. ചലച്ചിത്രരംഗത്തും അദ്ദേഹം തന്റെ മികവ് തെളിയിച്ചിട്ടുണ്ട്. ഇതിഹാസ ഗായകനായിരുന്ന മിയാൻ താൻസേന്റെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച ബംഗാളി സിനിമയിൽ ധ്രുപദ് സംഗീതം ആലപിച്ചു. ഫുലദേശ് പാണ്ഡെയുടെ മറാഠി ചലച്ചിത്രം 'ഗുൽച്ച ഗണപതി'യിൽ പിന്നണി ഗായകനായി 'ബസന്ത് ബഹാർ' (മന്നാഡെയുമൊത്ത്) 'ഭൈരവി', ബീർബാൽ മൈബ്രദർ (പണ്ഡിറ്റ് ജവരാജോടൊപ്പം) എന്നീ ഹിന്ദി സിനിമകളിലും ഭീംജി പാടിയിട്ടുണ്ട്. ഗംഗുബായ് ഹംഗൽ, ബാലമുരണീകൃഷ്ണ, യേശുദാസ് എന്നീ പ്രമുഖഗായകരുമായി വളരെ അടുത്ത സൗഹൃദം വെച്ചു പുലർത്തിയിരുന്നു, അദ്ദേഹം. കഴിഞ്ഞ വർഷം ഗംഗുബായ് പാംഗൽ അന്തരിച്ചപ്പോൾ ഒരു ശിശുവിനെപ്പോലെ ഭീംസെൻ ജോഷി പൊട്ടിക്കരഞ്ഞു. പുതിയ സംഗീതജ്ഞരുടെ അല്പജ്ഞാനം അദ്ദേഹത്തെ കുറച്ചൊന്നുമല്ല, ചൊടിപ്പിച്ചിരുന്നത്. സംഗീതം ചൈതന്യ ധന്യമായ ഒരു നൈരന്തര്യമാണെന്ന് ഭീംജി വിശ്വസിച്ചു. ഗംഗാനദിയുടെ ആഴവും ഹിമാലയ പർവ്വതത്തിന്റെ ഔന്നത്യവും നിറഞ്ഞതാണ് അദ്ദേഹത്തിന്റെ സംഗീതം. സമയതീരങ്ങളിൽ സാന്ത്വനമായി പെയ്തിറങ്ങിയ സാന്ദ്ര സംഗീതം! ആ മഹാ ഗായകന്റെ നിര്യാണത്തോടെ ഹിന്ദുസ്ഥാനി സംഗീതത്തിലെ കുലപതിയെയാണ് നമുക്ക് നഷ്ടമായത്. ●

എഡിറ്റോറിയൽ തുടർച്ച

നുബന്ധിച്ച് മനസ്സാക്ഷിയുള്ള കച്ചവടക്കാരും മനസ്സാക്ഷി തൊട്ടുതീണ്ടാത്ത കച്ചവടക്കാരും തമ്മിലുള്ള സംഘർഷാവസ്ഥയും ഇക്കാരണത്താൽ രാജ്യത്ത് ഉടലെടുക്കാറുണ്ട്. ഗ്രാമങ്ങളിലെ ചായക്കടകളിൽ പോലും 6 രൂപയ്ക്ക് ചായ വിൽക്കുന്നവരും 4 ഉം 5ഉം രൂപയ്ക്ക് ചായവിൽക്കുന്നവരും തമ്മിൽ സംഘർഷാവസ്ഥ ഉടലെടുത്തുകൊണ്ടിരിക്കും. ഇത്തരത്തിലുള്ള സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗങ്ങളും പരിഹാരങ്ങളും കണ്ടെത്തേണ്ടത് ഭരണകൂടങ്ങളുടെ ചുമതല തന്നെയാണെന്നതാണ് യാഥാർത്ഥ്യം. ഇതെല്ലാം മറന്നു പോകുന്ന ഭരണകർത്താക്കളോട് ജനങ്ങൾ ഭരണമാറ്റത്തിലൂടെ പ്രതികാരം ചെയ്യുന്നതും കേരളത്തിലും ഇന്ത്യയിലും സർവ്വത്രീകമായ സംഭവമാണല്ലോ എന്നു ചിന്തിക്കുവാനും ഭരണകർത്താക്കൾക്ക് സമയമുണ്ടായിരിക്കണമല്ലോ! രാജ്യത്തിലെ അടിസ്ഥാനവർഗ്ഗത്തിന്റെയും ബഹുജനസ്നേഹികളായ നേതാക്കളുടെയും ചിന്തകൾക്ക് താൽക്കാലികമായി വിരാമമിട്ടതുകൊണ്ട് പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. മൊത്തമായുള്ള ജനങ്ങളെയും തീവ്രവാദികളാക്കുന്ന ഇത്തരത്തിലുള്ള ദ്രോഹ പ്രവർത്തനങ്ങൾ രാജ്യത്തിനകത്തുനിന്നുള്ളവരിൽ നിന്നുണ്ടായാലും പുറം രാജ്യങ്ങളിൽ നിന്നുണ്ടായാലും രാജ്യദ്രോഹം തന്നെയാണ്. ഇവർ ജനനന്മഹനിക്കുകയാണെന്ന ബോധം ജനതക്കുണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണ്. ഇല്ലെങ്കിൽ അത് ജനന്മവിരുദ്ധഭീകര പ്രവർത്തനങ്ങരൂപത്തിൽ ജനജീവിതം ദുസ്സഹമാക്കികൊണ്ടിരിക്കു. തല്ലി നന്നാക്കുന്നതിനിടയിൽ അരക്കില്ലത്തിലകപ്പെട്ടുപോയ ഭാരതത്തിലെ സാധാരണ പ്രജകളെ രക്ഷിക്കാൻ ഭഗവാന്റെ പ്രതീകമായി അവതാര രൂപം കൈകൊള്ളേണ്ടവരായ സഹ പാർലമെന്റ് മെമ്പർമാരുടെയും നേതാക്കളുടെയും ജനക്ഷേമ വിരുദ്ധ പിടിപ്പുകേടുമൂലം അരക്കില്ലത്തിനകത്തിരുന്നു സാധാരണ പ്രജകൾ വെന്തുരുകുന്നതിനു നല്ലൊരു ഭരണാധികാരിയായ പ്രധാന മന്ത്രി ഡോ. മൻമോഹൻസിംഗ് എന്തു പിഴച്ചു എന്നു പറയുകയാണ് ഇന്നത്തെ ഭാരതത്തിലെ അവസ്ഥ അറിയുന്നവരും അനുഭവിക്കുന്നവരും. കണ്ണുണ്ടായാൽ പോര. കാണേണ്ടത് ദീർഘവീക്ഷണത്തോടെ കാണുകയും വേണം. നിങ്ങളും ഭാരതീയരാണല്ലോ. ആവശ്യക്കാർ കൂടുന്നതിനു അനുപാതമായി ഇന്ധനവിലയും ഇന്ധനക്ഷാമവും വർദ്ധിച്ചുകൊണ്ടിരിക്കും. അന്യ രാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുന്ന വില്പന ചരക്കായ പെട്രോൾ ഇന്തയിയിൽ വില്ക്കുന്നത് 70 രൂപയ്ക്ക് മുകളിലാണെങ്കിൽ ജനസംഖ്യയും രാജ്യവിസ്തീർണ്ണവും കുറഞ്ഞ നേപ്പാളിലും ഭൂട്ടാനിലും 1 ലിറ്റർ പെട്രോളിന് 50നും 51നുമിടയിലാണ് എന്നു പറയുന്നവരുടെ കരന്യൂസും നമ്മൾ കേൾക്കുന്നുണ്ട്. യാഥാർത്ഥ്യം എന്തുതന്നെയായാലും ഇന്ത്യ പെട്രോളിനും ഡീസലിനും മണ്ണെണ്ണക്കും ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള രാജ്യമാണ് എന്നവസ്തുത തിരിച്ചറിയാൻ ബാധ്യസ്ഥരായ ഭാരത ഭരണകൂടം ടൂവീലർപോലുള്ള ചെറിയ വാഹനങ്ങൾ ചാർജ് ചെയ്ത ബാറ്ററികളിൽ ഓടാൻതക്കവണ്ണം അതി നൂതനമായ സാങ്കേതിവിദ്യ വികസിപ്പിക്കാനും മോഡറൈസേഷനും വേണ്ടി ഇന്ത്യയിലെ പ്രധാന വാഹന നിർമ്മാതാക്കളായ ടാറ്റയെയും ബജാജിനെയും മഹീന്ദ്രയെയും മാരുതിയെയും ടി.വി.എസ്സിനെയും പോലുള്ള വ്യവസായികളുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതായ ആവശ്യകത തിരിച്ചറിയുകയും വേണം. തൽഫലമായി പെട്രോൾ ഗുണഭോക്താക്കളായ ചെറിയ ഒരു ശതമാനം സഞ്ചരിക്കുന്ന ടൂവീലർ യാത്രാക്കാരുട സ്വന്തമായ സുഖത്തിനുവേണ്ടി ഒരു രാജ്യത്തിലെ സാധാരണ ജനതയെ വിലക്കയറ്റമെന്ന മഹാദുരിതത്തിനു അടിമയാക്കി കഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുമെന്നുകൂടി നമുക്കു പ്രത്യാശിക്കാം.

# AUTO TECH

**WORK SHOP FOR TWO WHEELERS & SPRAY PAINTING**



Pottammal, Palazhi Raod
Near Ollur Temple Bus Stop
Kozhikode -16
Mob: 9895876895



DUST FREE PAINTING BOOTH

DUST FREE PAINTING BOOTH
ACCIDENT REPAIR



# Mech World

**FOUR WHEELER WORKSHOP**

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH, ACCIDENT REPAIR

*Workshop:*
DESHAPOSHINI COMMUNITY HALL
P.O. KUTHIRAVATTAM, CALICUT-16



# PRASEEJA BANKERS

**OLAVANNA, KOZHIKODE - 25**


**MOB: PRASANTH 9656000555**
**RESI: 0495 2415112**

*PRASEEJA JEWELLERY, MARAD*
*PRASEEJA ELECTRONICS, ARAKKINAR*

# ബനാന ലീവ്സ്

അരയടത്ത്പാലം ബൈപ്പാസ് റോഡ്,
കോഴിക്കോട്

രുചികരമായ നാടൻ
ഉച്ചഭക്ഷണം



PH: 9447951380



ചിക്കൻബിരിയാണി, ബീഫ് ബിരിയാണി,
ഫിഷ് ബിരിയാണി ...

**K.DILEEP KUMAR**
0495-2768441, 3202346
Mob:9447844474



# Jeeva

Sales & Service

- Car Music systems
- Central lock burglar
- Alarm system
- Power window system
- Automotive & Tubular Batteries

6/253, Y.M.C.A.
Cross Road,
Calicut

*Creative electrical works for your cars*

പരിശുദ്ധമായ ഉഴുന്നുമാവിൽ
തയ്യാർചെയ്ത

# ശാസ്താ പപ്പടം

കാവിൽതാഴം, കോഴിക്കോട്
കുടിൽ വ്യവസായം



ഫോൺ: 9895214370



വിജയൻ അത്തിപ്പറ്റ

# മുഖം തുറന്നിട്ടവൾ




**കാ**ൽപ്പനികതയുടെ വെൺനിലാവും വന്യതയുടെ അമാവാസിയും അനുഭവവേദ്യമാക്കുന്ന വായനാനുഭവമാണ് ഡോ. ഖദീജാ മുംതാസിന്റെ നോവൽ ബർസ നൽകുന്നത്.

പുണ്യ നഗരിയായ സൗദി അറേബ്യൻ ജീവിതകാലത്ത് ലോകത്തെമ്പാടുമുള്ള പീഡിപ്പിയ്ക്കപ്പെടുന്ന അമ്മമാരേയും സഹോദരിമാരേയും ഓർത്ത് വിലപിയ്ക്കുന്ന അമ്മമാരേയും സഹോദരിമാരേയും ഓർത്ത് വിലപിക്കുന്ന ഹൃദയാലുവായ സന്ദേഹിയായ, സബിതയുടെ നിശ്ശബ്ദപ്രതിഷേധങ്ങൾ തിരയടിയ്ക്കുന്ന അപൂർവ്വ വ്യക്തിത്വമുള്ള ബർസ ശ്രദ്ധിയ്ക്കപ്പെടുമെന്ന ഇതെഴുതുന്നയാളിന്റെ വിശ്വാസം 2010 ൽ ചെറുകാട് അവാർഡ് ലബ്ധിയിലൂടെ സാർത്ഥമായതിൽ ആഹ്ലാദിയ്ക്കുന്നു.

ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വാഗ്ദത്ത ഭൂമി തേടിയെത്തിയ 'ഖദ്ദാമ' (വീട്ടുവേലക്കാരി) മുതൽ യൂറോപ്യൻ ബിരുദങ്ങൾ സമ്പാദിച്ച 'ദക്ത്തൂറ'മാർ (ഡോക്ടർ) തദ്ദേശീയരായ രോഗികൾ അങ്ങനെ പലരെയും കഥാനായിക സസൂക്ഷ്മം നിരീക്ഷിയ്ക്കുന്നുണ്ട്.

നോവലിസ്റ്റിന്റെ ഈ രചനയ്ക്കുമുമ്പ്, അവർ ഔദ്യോഗിക ജീവിതത്തിന്റെ സമ്മർദ്ധങ്ങളെ അതിജീവിച്ചുകൊണ്ട് വിപുലവും ആഴത്തിലുള്ളതുമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് ഓരോ പേജും നമ്മളോട് പറയുന്നു.

വടക്കേ മലബാറിലെ ഇടത്തരം പ്രമാണിപ്രഭാകരൻ മാസ്റ്ററുടെ പുത്രി ഇസ്ലാം മതം സ്വീകരിച്ച ഡോ. സബിതയും ഭർത്താവ് ഡോ. റഷീദും സൗദിയിൽ ജോലി സ്വീകരിച്ച് ജീവിതം തുടങ്ങുമ്പോൾ കർട്ടൺ ഉയരുകയാണ്. സബിതയിൽ ഗൃഹാതുരത്വമുണർത്തുന്നനോവലിസ്റ്റിന്റെ തൂലിക-

"എവിടെ എന്റെ നാടിന്റെ മൃദു സ്പർശങ്ങൾ! ഇടവഴിയും കൊള്ളും, വാഴത്തോപ്പുകളും, തെങ്ങുകയറ്റത്തിന്റെ ആർപ്പും കുത്തിയൊഴുകുന്ന തോടിന്റെ കുശലം പറച്ചിലും, കേരളാക്വയർ ബസ്സിലെ കോളേജ് യാത്രകളും................ എല്ലാം കഴിഞ്ഞ ജന്മത്തിലെ വിദൂര സ്മൃതികളോ?"

കൊതിപ്പിയ്ക്കുന്ന സമ്പന്നതകൾക്ക് നടുവിലും ഈയൊരു ഗൃഹാതുരത്വം അസ്വസ്തമാക്കാത്ത പ്രവാസി മനസ്സുണ്ടാവുമോ?

ലളിതവും പ്രസാദാത്മകവുമായ ഭാഷയാലും ശൈലികളാലും ഈ കൃതി നമ്മെ മോഹിപ്പിയ്ക്കുന്നു. കവിത തുളുമ്പുന്ന അവയിൽ നിന്നും ഒരെണ്ണം കമെടുത്തു പറയട്ടെ: പോക്കുവെയിൽ പ്രസാദമുള്ള സ്വർണ്ണമുഖം -മുഖം തുറന്നിട്ടവൾക്ക് മൊത്തത്തിൽ ഇണങ്ങും. സ്ത്രീ അവളുടെ മതം എന്ന ആമുഖം ശ്രദ്ധിയ്ക്കൂ. രണ്ടാമൂഴത്തിലെ വാനപ്രസ്ഥത്തിലേക്ക് നടന്നടുക്കുന്ന ഭീമാർജ്ജനന്മാരുടെ നെടുവീർപ്പുകൾക്ക് സമാനം

പിന്നെ,

കരിമ്പടം വീശിയെറിയുന്ന ഇരുട്ട്- പരസ്പരം സാന്ത്വനവും ശക്തിയുമായ മനസ്സുകൾ - കുതറിയ ചുരുളൻ മുടികൾ അതിരിടുന്ന സ്വർണ്ണമുഖത്തിനിപ്പോൾ ചരിത്രത്തിന്റെ ഇടനാഴികളിലെവിടെയോ തിളങ്ങുന്ന പെൺമുഖത്തിന്റെ ഛായ.

തീരുന്നില്ല. കാവ്യഭംഗിയെഴും കല്പനകൾ ചിലതു മാത്രം.

സബിതയിൽ സന്ദേശങ്ങളുടെ മഞ്ഞുപാളികൾ വീഴ്ത്തി അഞ്ചുവർഷങ്ങളിലെ ഡോക്ടർ ജീവിതം. ലോക പരിച്ഛേദമാണ് ജോലി ചെയ്യുന്ന ആശുപത്രി. എണ്ണപ്പണത്തിന്റെ അഹങ്കാരവും അനുസരിക്കാൻ മാത്രം ബാദ്ധ്യസ്ഥരായ സ്ത്രീകളും. സബിതയിൽ പ്രതിഷേധാഗ്നി കോരിയിടുന്നു. പുരുഷന്റെ കടുത്ത സ്വാർത്ഥതയ്ക്കുവേണ്ടി സർക്കം സിഷനെന്ന കൊടും ക്രൂരതയ്ക്കിരയാവുന്ന സുഡാനി ബാലികമാരുടെ ദൈന്യം അവിശ്വസനീയമത്രെ. അതുകാണുമ്പോൾ എത്ര നികൃഷ്ട ജന്മമാണ് സ്ത്രീജന്മമെന്നും പുരുഷന്റെ സൗകര്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമൊത്ത് ചിട്ടപ്പെടുത്തി വെക്കേണ്ട ആശ്രീത ജന്മമാണോ സ്ത്രീ ?ററഃ എന്നും അവർ അസ്വസ്ഥയാവുകയാണ്. ബിരുദ കുബേരനായ സഹ പ്രവർത്തകൻ ഡോക്ടർ ' ഖദ്ദാമ' യുടെ ലിപ്സ്റ്റിക് ബലാൽ തുടച്ചുമാറ്റുമ്പോൾ പക്ഷെ ശക്തിയായി പ്രതിഷേധിക്കുന്നുണ്ട്. ഉന്നതബിരുദധാരി ഡോക്ടർപോലും സ്ത്രീ ഭർത്താവിന് കണ്ടും കൊണ്ടും രസിയ്ക്കാനുള്ള സ്വകാര്യ ഉപഭോഗ വസ്തുവാണെന്ന് ഉറച്ചു വിശ്വസിയ്ക്കുന്ന വിരോധാഭാസത്തിലേക്ക് നോവലിസ്റ്റ് ലോക ശ്രദ്ധക്ഷണിക്കുന്നു.

സ്ത്രീ സ്വാതന്ത്ര്യത്തെ കുറിച്ചു മാന്യതയെക്കുറിച്ചും ഉജ്ജ്വല പ്രഖ്യാപനങ്ങൾ കേൾക്കുമ്പോൾ കഥാനായികയ്ക്ക് ജയിൽ മതിൽ കെട്ടിനകത്ത് എനിയ്ക്കു പൂർണ്ണ സ്വാതന്ത്ര്യമാണ് എന്ന് തടവുകാരൻ പറയുന്നതിലെ അപഹാസ്യത യാണനുഭവപ്പെടുന്നത് എന്നും അവർ പരിതപിയ്ക്കുന്നു. ●




Edited, Printed Published by E. Radhakrishnan Kommeri on behalf of Nakshathra Rajyam Monthly.
DTP Printers Emporium, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode